രണ്ടു ജാത്യാചാരകൃതികൾ

ശൌണ്ഡികോല്പത്തി
നായർജാത്യാചാരവിധി

പാഠവും പഠനവും

ഡോ. നിധീഷ് കണ്ണൻ ബി.

ലോകായതം

RANDU JATHYACHARAKRTHIKAL (Malayalam)

Creative Commons Attribution
Non-Commercial-No Derivatives 4.0 International Public License (CC BY-NC-ND 4.0)Under the following license terms:

Attribution:	You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner but not in any way that suggests the licensor endorses you or your use.
Non-Commercial:	You may not use the material for commercial purposes.
No Derivatives:	If you remix, transform, or build upon the material, you may not distribute the modified material.

ISBN: 978-93-6013-862-2

First Edition November 2023

Published by the author

An imprint of Lokāyatam Academic Collective
Kalady, Ernakulam, Kerala India, 683574
lokayatamkalady@gmail.com

രണ്ടു ജാത്യാചാരകൃതികൾ

ശൗണ്ഡികോല്പത്തി
നായർ ജാത്യാചാരവിധി

പാഠവും പഠനവും
ഡോ. നിധീഷ് കണ്ണൻ ബി.

ലോകായതം

ഡോ. നിധീഷ് കണ്ണൻ ബി.

1991 ഒക്ടോബർ 27 ന് പാലക്കാട് ജില്ലയിലെ ചൂലനൂരിൽ വനജയുടെയും ഭാഗ്യനാഥന്റെയും മകനായി ജനനം. പഴമ്പാലക്കോട് എസ്.എം.എം. ഹൈസ്കൂൾ, ആലത്തൂർ എ.എസ്.എം.എം. ഹയർസെക്കന്ററി സ്കൂൾ എന്നിവടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം. ശ്രീകൃഷ്ണപുരം വി.ടി. ഭട്ടതിരിപ്പാട് കോളേജിൽ നിന്നും സംസ്കൃതത്തിൽ ബിരുദം. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ നിന്നും സംസ്കൃതസാഹിത്യത്തിൽ എം.എ., എം.ഫിൽ., ബിരുദങ്ങളും Kamasastra Discourse: An Alternate Vision of Life in Ancient India എന്ന ഗവേഷണപ്രബന്ധത്തിന് ഡോക്ടറേറ്റും നേടി. ഒറ്റപ്പാലം എൻ.എസ്.എസ് കോളേജ്, ശ്രീകൃഷ്ണപുരം വി.ടി. ഭട്ടതിരിപ്പാട് കോളേജ്, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല തിരുവനന്തപുരം പ്രാദേശിക കേന്ദ്രം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല തിരൂർ എന്നിവടങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. ദേശീയ-അന്തർദേശീയ ജേണലുകളിലും പുസ്തകങ്ങളിലും ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.

മുഖ്യകൃതികൾ:

1. കാമനയുടെ ദർശനം: കാമശാസ്ത്രത്തിന്റെ ചരിത്രവും സംസ്കാരവും
2. കാമസൂത്രം (സമ്പൂർണ്ണ പരിഭാഷ)
3. ക്ഷേത്രഗണിതം
4. The Kamasastra: History, Life and Culture
5. Alankaradarsini of Govinda

ജീവിതപങ്കാളി : അമൃത കെ.ബി.
മൊബൈൽ : 9747563938,
ഇ-മെയിൽ : drkannan18@ssus.ac.in

രണ്ടുവാക്ക്

സാഹിത്യചരിത്രങ്ങളൊന്നും തന്നെ പരിഗണിക്കാതെ പോയ രണ്ടു കൃതികളെ വെളിച്ചം കാണിക്കുക എന്ന ലക്ഷ്യം മാത്രമാണ് ഈ ഉദ്യമത്തിന് പുറകിൽ. അതിനൊരു ഭൂമികയൊരുക്കാനായി പരിമിതമായ അറിവിന്റെ വെളിച്ചത്തിൽ ഒരാമുഖപഠനവും എഴുതി. അതുകൊണ്ടുതന്നെ ചരിത്രബോധമില്ലായ്മയുടെ ധൃഷ്ടത പ്രകടമായിത്തന്നെ കണ്ടേക്കാം. വായിക്കുന്ന പ്രബുദ്ധരായവർ വരുത്തുന്ന തിരുത്തലുകളും വിമർശനങ്ങളുമാണ് അതിനെ കുറ്റമറ്റതാക്കുക. ഇങ്ങനെയൊരു പുസ്തകം പിറവികൊള്ളുന്നതിനായി പേർത്തും പേർത്തും നിർബന്ധിച്ച മനുഷ്യരാണ് എന്നെ ഈ സാഹസത്തിന് പ്രേരിപ്പിച്ചത്. നായർ ജാത്യാചാരവിധിയുടെ കർത്താവിനെക്കുറിച്ചുള്ള അന്വേഷണത്തിൽ വ്യക്തത വരുത്തുവാൻ അകമഴിഞ്ഞ് സഹായിച്ച ശാസ്താംകോട്ട പുതുശ്ശേരിമഠത്തിലെ അഭിജിത് നാരായണൻ, മാവേലിക്കര മന്ദാനിൽ ഇല്ലത്തെ മായാദേവി അന്തർജ്ജനം എന്നിവരെ നിറഞ്ഞ സ്നേഹത്തോടെ ഓർക്കുന്നു. ശൗണ്ഡികോല്പത്തിയുടെ ഡിജിറ്റൈസ് ചെയ്ത കോപ്പി അയച്ചുതന്ന സംസ്കൃതസർവകലാശാലയിലെ സഹപ്രവർത്തകനായ ഡോ. അഭിലാഷ് മലയിൽ എന്ന ജ്യേഷ്ഠസഹോദരൻ സ്നേഹവാത്സല്യങ്ങളോടെ നടത്തിയ നിരന്തരമായ ഭീഷണിയാണ് പ്രധാനമായും ഈ പുസ്തകത്തിന്റെ രചനാപശ്ചാത്തലം. മുമ്പ് പറഞ്ഞപോലെ ചരിത്രബോധമില്ലായ്മയിൽ ജനിച്ച ധൃഷ്ടമായ ആമുഖപഠനത്തെ കവച്ചുവെക്കുന്നത് ഈ പുസ്തകത്തിന്റെ പ്രൗഢമായ അവതാരികയാണ് എന്ന് ആശ്വസിക്കട്ടെ. ആരോടും നന്ദി പറയാനില്ല. ഈ ശ്രമം ഏതെങ്കിലും തരത്തിൽ ആർക്കെങ്കിലും സഹായകരമായാൽ അതാണ് ഏറ്റവും വലിയ തൃപ്തി. വിനയപൂർവം ഈ രണ്ടു ജാത്യാചാരകൃതികളെ വിജ്ഞാനസമൂഹസമക്ഷം സമർപ്പിക്കുന്നു.

കാലടി **ഡോ. നിധീഷ് കണ്ണൻ ബി.**
സ്വാതന്ത്ര്യദിനം, 2023

ഉള്ളടക്കം

അവതാരിക	1-7
ആമുഖം	8-47
ശൗണ്ഡികോല്പത്തി	48-75
നായർ ജാത്യാചാരവിധി	76-170

അവതാരിക

പത്തൊമ്പത്-ഇരുപത് നൂറ്റാണ്ടുകളിൽ കേരള സമൂഹത്തിലുണ്ടായ സാമൂഹ്യ പരിവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ വായിച്ചെടുക്കേണ്ട രണ്ടു കൃതികളാണ് ശൗണ്ഡികോല്പത്തിയും നായർ ജാത്യാചാരവിധിയും. മറ്റേതൊരു സമൂഹത്തിലുമെന്ന പോലെ സവിശേഷമായ സാഹചര്യങ്ങൾ അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ വളർന്നുവന്ന കേരളീയ സമൂഹങ്ങൾക്കുമുണ്ടായിരുന്നു. ഇന്ത്യയിലെ ചാതുർവർണ്യ വ്യവസ്ഥിതി ഇതര രാജ്യങ്ങളിലെ സാമൂഹ്യാവസ്ഥയിൽ നിന്നും വ്യത്യസ്തമായ സവിശേഷത മുന്നോട്ടു വെച്ചു. അതേസമയം തന്നെ ബുദ്ധ-ജൈന-ചാർവാകാദി ദർശനങ്ങളും മതങ്ങളും ബഹുസ്വരമായ സാമൂഹ്യാവസ്ഥകളെ പല കാലങ്ങളിൽ വികസിപ്പിക്കുകയും ചെയ്തു. ധർമ്മശാസ്ത്രങ്ങളിലും മറ്റ് കൃതികളിലും വിവരിക്കപ്പെട്ട ചാതുർവർണ്യാധിഷ്ഠിതമായ ബ്രാഹ്മണ്യത്തിന്റെ പ്രത്യയശാസ്ത്രം ഇന്ത്യയൊട്ടുക്കും പടർന്ന കാലഘട്ടങ്ങളിൽ പലതരത്തിലുള്ള പരിവർത്തനങ്ങൾ അതത് പ്രദേശങ്ങളിലുണ്ടായതായി കാണാം. അധിനിവേശ സ്ഥലങ്ങളിൽ ഭൂമിക്കു മേൽ വന്നു ചേർന്ന അധികാരത്തെ ബലപ്പെടുത്തുവാനും കാനോനീകരിക്കുവാനും പുതിയ മിത്തുകൾ ഉണ്ടാക്കുവാനോ ഉള്ളവ പുനർ നിർവചിക്കാനോ ബ്രാഹ്മണാധികാരവ്യവസ്ഥ ശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു തന്നെയാണ് ഉല്പത്തി കഥകളും പരശുരാമന്റെ ഐതിഹ്യങ്ങളും അമെൻമെന്റുകളോടു കൂടിയ ശാങ്കരസ്മൃതികളെപ്പോലുള്ള കൃതികളും എല്ലാം ഉണ്ടായിത്തീരുന്നത്. ഇന്ത്യയിൽ മറ്റിടങ്ങളിൽ ഉണ്ടായിരുന്നതു പോലുള്ള ചാതുർവർണ്യ വിഭജനം കേരളസമൂഹത്തിൽ അതേപടി പ്രവർത്തിച്ചിരുന്നില്ല. എന്നാൽ അത് പരിവർത്തിപ്പിച്ചെടുത്ത സാമൂഹ്യ വിഭജനവും അസമത്വവും വളരെ കടുത്തതുമായിരുന്നു. ബ്രാഹ്മണമതം ഇവിടുത്തെ തദ്ദേശീയസമൂഹത്തിൽ പിടിമുറുക്കുന്നതിനു മുന്നേ തന്നെ രണ്ടു തരത്തിലുള്ള കാരണങ്ങൾ അതിന്റെ പിൽക്കാല രൂപാന്തരീകരണത്തെ സ്വാധീനിക്കുന്ന തരത്തിൽ നിലനിന്നിരുന്നു.

ഒന്നാമതായി ബുദ്ധ-ജൈന മതങ്ങളുടെ സ്വാധീനത്തിൽ കേരളീയ സമൂഹത്തിൽ രൂഢമൂലമായിക്കഴിഞ്ഞ സാമൂഹ്യ സങ്കല്പങ്ങളായിരുന്നു. വർണ്ണവിരുദ്ധമായതും വൈദികവിരുദ്ധമായതുമായ ഭൂമികയിൽ ഉരുവം കൊണ്ട ബൗദ്ധ-ജൈന സങ്കല്പങ്ങൾ മുന്നേ തന്നെ ഇവിടെ പ്രചരിച്ചിരുന്നത് ബ്രാഹ്മണമതത്തിന് പടർന്നു കയറാനായി കൂടുതൽ അധ്വാനിക്കേണ്ടതായി വന്നു. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായുള്ള അധിനിവേശം ആ മട്ടിൽ കേരളത്തിൽ എളുപ്പമായിരുന്നില്ല. ബൗദ്ധ-ജൈന സ്വാധീനത്തിൽ പുഷ്ടി പ്രാപിച്ച കലാ- സാഹിത്യ -സാങ്കേതികരംഗങ്ങൾ കേരളത്തിലെ സംസ്കാരത്തെയും വൈജ്ഞാനിക വളർച്ചയെയും നിർണ്ണയിച്ചു. സംസ്കൃതഭാഷയെ ആദ്യമായി കേരളത്തിൽ എത്തിച്ചതും വിപുലീകരിച്ചതും വൈദിക-ബ്രാഹ്മണ മതമല്ലായിരുന്നു എന്നതിനാൽ അതിന്റെ വിനാശകരമായ അധിനിവേശമുഖം ഇല്ലാതെയായിരുന്നു കേരളത്തിൽ പ്രവർത്തിച്ചിരുന്നത്. തച്ചുശാസ്ത്രവും ഗണിതവും വൈദ്യവുമെന്നുവേണ്ട, കലാ സാഹിത്യങ്ങളടക്കം വർണ്ണവിഭജിതമല്ലാത്ത അന്തരീക്ഷത്തിലാണ് കേരളീയ സമൂഹത്തിൽ സ്വീകരിക്കപ്പെട്ടതും വിപുലീകരിക്കപ്പെട്ടതും. അതുകൊണ്ടു തന്നെയാണ് പിൽക്കാലത്തെത്തിയ വൈദികസംസ്കൃതത്തിലെ ധർമ്മശാസ്ത്രങ്ങൾക്കനുസരിച്ച് ശൂദ്രന് വിദ്യയ്ക്ക് അധികാരമില്ലെന്ന് ഉദ്ഘോഷിക്കപ്പെട്ട സന്ദർഭത്തിലും ശൂദ്രരായിപ്പോലും പരിഗണിക്കപ്പെടാതിരുന്ന മനുഷ്യരിൽ കലയുടെയും സാഹിത്യത്തിന്റെയും വൈദ്യത്തിന്റെയും ഗണിതത്തിന്റെയും തച്ചുശാസ്ത്രത്തിന്റെയും രൂപത്തിൽ സംസ്കൃതം കുടിയിരുന്നത്. ഡച്ച് ഗവർണറായ വാൻ റീഡ് ഹോർത്തൂസ് മലബാറിക്കസ് തയ്യാറാക്കിയത് ഈഴവ വൈദ്യനായ ഇട്ടി അച്ചുതന്റെ സഹായം കൊണ്ടായിരുന്നു എന്ന് ഓർക്കുക. അമരകോശം പോലുള്ള കനപ്പെട്ട ഗ്രന്ഥങ്ങളെല്ലാം തന്നെ ബ്രാഹ്മണമതത്തിന്റെ വകയല്ലായിരുന്നു എന്ന് നമുക്കറിയാം. ഇത് ബ്രാഹ്മണമതം കേരളത്തിൽ അധിനിവേശം നടത്തുന്നതിനു മുമ്പേ തന്നെ ഇവിടെയുണ്ടായിരുന്ന സാംസ്കാരികമായ സവിശേഷത കാരണം

ഉണ്ടായതാണ്. ബൗദ്ധ സമ്പ്രദായക്കാർ ഉണ്ടാക്കിയ പള്ളികളും പള്ളിക്കൂടങ്ങളും കേരളത്തിലെ വൈദികപൂർവ്വ സമൂഹത്തിന്റെ തിരികല്ലായി പ്രവർത്തിച്ചിരുന്നു.

രണ്ടാമത്തെ കാരണം കേരളത്തിലെ വൈദികപൂർവ്വ സമൂഹത്തിൽ സാന്നിധ്യമുറപ്പിച്ച സെമിറ്റിക് മതങ്ങളായിരുന്നു. കേരളീയ സമൂഹത്തിൽ ഭൂമിക്കുമേൽ അധികാരമുറപ്പിക്കുന്നതോടു കൂടിയാണ് ബ്രാഹ്മണമതം അധൃഷ്യ ശക്തിയായി മാറുന്നത്. അത്തരത്തിലുള്ള അധികാരശേഷി കൈവരുന്നത് വളരെ പെട്ടെന്നുണ്ടായ ഒരു പ്രവർത്തനത്തിലൂടെ ആവാൻ തരമില്ല. അങ്ങനെയെങ്കിൽ എട്ട്-ഒൻപത് നൂറ്റാണ്ടുകൾക്ക് ശേഷം മാത്രമേ ഇത്തരത്തിൽ സമഗ്രമായ ഒരു പരിവർത്തന പ്രവർത്തനം പൂർണ്ണമാവാനിടയുള്ളൂ. അപ്പോഴേക്കും ആദ്യകാല ക്രൈസ്തവ വിശ്വാസികൾ കേരളീയ സമൂഹത്തിൽ തങ്ങളുടെ സ്ഥാനമുറപ്പിച്ചിരുന്നു എന്നതിൽ സംശയമില്ല. ഇസ്ലാം മതത്തിന്റെ ഉദയത്തിനു മുന്നേ തന്നെ കേരളത്തിന് അറേബ്യൻ നാടുകളുമായി കച്ചവടബന്ധങ്ങൾ ഉണ്ടായിരുന്നുവെന്നതും ശ്രദ്ധേയമാണ്. ഇത്തരത്തിൽ വ്യാപകമായ കച്ചവടവും കൃഷിയും മുന്നോട്ടു കൊണ്ടുപോവാൻ സന്നദ്ധമായ വിഭാഗങ്ങൾ മുന്നേ തന്നെ കേരളത്തിൽ സജ്ജമായിരുന്നു എന്നതും ബ്രാഹ്മണമതത്തിന്റെ പിൽക്കാല വികസനത്തിന്റെ ദിശയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

നാലുവർണ്ണങ്ങളെ അതേപടി പ്രാചീന കേരളീയ പരിസരത്ത് വികസിപ്പിക്കുവാൻ തരത്തിലുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ പലതരത്തിലുള്ള നീക്കുപോക്കുകൾക്ക് ബ്രാഹ്മണമതം തയ്യാറായി. ക്ഷത്രിയ-വൈശ്യ വർണ്ണങ്ങൾ നിലവിലില്ലാത്തതു കൊണ്ടു തന്നെ സാമൂഹികമായ ഔന്നത്യം പേറിയിരുന്ന നായർ, ക്രൈസ്തവർ, മുസ്ലീങ്ങൾ എന്നിവർക്ക് യുദ്ധം, കൃഷി, വ്യാപാരം എന്നിവയിൽ ഏർപ്പെടേണ്ടി വന്നു. നായന്മാർക്കും ഈഴവർക്കും പ്രധാനമായും രണ്ടു തരത്തിലുള്ള പാരമ്പര്യത്തിന്റെ ഔന്നത്യം അവകാശപ്പെട്ടിരുന്നു.

പഴയകാലത്തെ നാട്ടുപ്രമാണിമാർ, കർഷകർ, യുദ്ധവേലക്കാർ എന്നീ നിലകളിൽ നായന്മാർക്കുണ്ടായിരുന്ന ഔന്നത്യമായിരുന്നു അത്. അക്കാരണം കൊണ്ടു തന്നെ മനുഷ്യരിലെ ഏറ്റവും താഴ്ന്ന വർണ്ണമായ ശൂദ്രരിൽ അവർക്ക് ഇടം കൊടുക്കാൻ ബ്രാഹ്മണമതത്തിനു കഴിഞ്ഞു. കേരളീയ സാമൂഹ്യ പരിസരത്ത് ഔന്നത്യമുണ്ടായിരുന്ന അവർക്ക് ബ്രാഹ്മണമതത്തിലെ അവസാന അടരിൽ തൃപ്തിയടയേണ്ടി വന്നു. ആധുനിക കാലത്ത് ചട്ടമ്പിസ്വാമിയെപ്പോലുള്ളവർ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നത് കാണാവുന്നതാണ്. വേദാധികാരനിരൂപണവും പ്രാചീന മലയാളവുമെല്ലാം ഈയൊരു വായനയ്ക്ക് സാധ്യത നൽകുന്നതുമാണ്. നായന്മാർ ശൂദ്രരല്ല എന്ന ശക്തമായ വാദം ഇത്തരത്തിലുള്ള ആധുനിക സാമൂഹ്യ പരിഷ്കർത്താക്കൾ മുന്നോട്ട് വെക്കുന്നുണ്ട്. ഈഴവരുടെ അവസ്ഥ മറ്റൊരു തരത്തിലാണ് കാണാൻ കഴിയുക. പ്രാചീന കേരളത്തിൽ, വിശേഷിച്ച് ബൗദ്ധ-ജൈനാഭിമുഖ്യമുള്ള സമൂഹത്തിൽ ഇവർക്ക് സവിശേഷമായ സ്ഥാനമുണ്ടായിരുന്നു എന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഈഴവ-ബൗദ്ധ ബന്ധം ഏറെക്കുറെ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നതാണല്ലോ. അത്തരത്തിൽ വൈദികപൂർവ കേരളസമൂഹത്തിൽ ഈഴവരുടെയും തീയരുടെയും സ്ഥാനം ചെറുതായിരുന്നില്ല. ചുരുക്കത്തിൽ, ബ്രാഹ്മണാധികാരം ശക്തമായതോടു കൂടി സാമൂഹികമായ അധികാരാവകാശങ്ങൾ വലിയ അളവിൽ നഷ്ടപ്പെട്ട രണ്ടു പ്രധാനപ്പെട്ട ജാതി വിഭാഗങ്ങളായി നായന്മാരെയും ഈഴവരെയും കണക്കാക്കാം. ഇതിൽ ഈഴവർ ആയിരുന്നു എണ്ണത്തിൽ കൂടുതൽ. ഇങ്ങനെ നഷ്ടപ്പെട്ട അധികാരാവകാശങ്ങളെപ്പറ്റിയുള്ള ആലോചനകൾ കേരളത്തിൽ ശക്തമാവുന്നത് ആധുനിക സാമൂഹ്യ പരിഷ്കരണത്തിന്റെ സന്ദർഭത്തിലാണ്.

നമ്പൂതിരിമാരുടെ ആധിപത്യത്തിനു ശേഷവും കേരള സമൂഹത്തിൽ നായർ ജാതിക്ക് മേൽക്കോയ്മ ഉണ്ടായിരുന്നു. ബ്രാഹ്മണികമായ കീഴ്മേൽ ബന്ധങ്ങളിൽ ഏറെക്കുറെ ഉയർന്ന

സ്ഥാനം കേരള സമൂഹത്തിന്റെ സവിശേഷ സാഹചര്യം അവർക്ക് നൽകി. എന്നാൽ കൊളോണിയൽ ആധുനികതയുടെ ഭാഗമായി വന്നു ചേർന്ന പശ്ചാത്യ വിദ്യാഭ്യാസവും സാങ്കേതിക മാറ്റങ്ങളുമെല്ലാം നായന്മാരുടെ സാമൂഹ്യപദവിയിൽ കാര്യമായ താഴ്ചകൾ ഉണ്ടാക്കി. പാരമ്പര്യമായ യുദ്ധമുറകൾ തന്നെ കൊളോണിയൽ കാലത്ത് വേരറ്റ് പോയത് പടനായർ എന്ന സ്ഥാനത്തിനു തന്നെ തിരിച്ചടിയായി. യുദ്ധമെന്നത് പുതിയ വെടിക്കോപ്പുകൾ ഉപയോഗിച്ചാവുമ്പോൾ വാൾപ്പയറ്റും മല്ലയുദ്ധവുമെല്ലാം വിസ്മൃതിയിൽ മറയാൻ കാരണമായി. പടക്കുറുപ്പായിരുന്ന തച്ചോളി മാണിക്കോത്ത് ഒതേനക്കുറുപ്പ് കൊല്ലപ്പെടുന്നത് തന്റെ അവസാനത്തെ പയറ്റു കഴിഞ്ഞപ്പോൾ വെടി കൊണ്ടാണ് എന്ന് വടക്കൻ പാട്ടുകളിൽ പറയുന്നത് ഇതേ കാര്യമാണ്. ജാതിത്തൊഴിലുകളിൽ ആധുനികത കയറി വരുന്നത് ഇവിടെ വ്യക്തമാണ്. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മയോടു കൂടി നായർ ഭൂപ്രഭുക്കൻമാരുടെ അധികാരാവകാശങ്ങൾ രാജാധികാരത്തിനു മുന്നിൽ നിഷ്പ്രഭമായിരുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ പരാജയം ഇതാണ് കാണിക്കുന്നത്. അധികാര സ്ഥാനങ്ങളിൽ നായർ വിഭാഗത്തിനു ലഭിച്ചിരുന്ന സവിശേഷാധികാരങ്ങൾ തുടർന്നുവന്ന രാജാക്കന്മാരും പ്രോത്സാഹിപ്പിച്ചില്ല എന്ന വാദവുമുണ്ട്. പരദേശിബ്രാഹ്മണർ ഇത്തരം ഉയർന്ന സ്ഥാനങ്ങളിലേക്ക് നിയോഗിക്കപ്പെടുന്നതും പിൽക്കാലത്ത് കാണാവുന്നതാണ്. പാശ്ചാത്യ വിദ്യാഭ്യാസ പദ്ധതികളിലൂടെ പുതിയ യുവ തലമുറ സ്വാംശീകരിക്കാൻ നിർബന്ധിതമായ വിക്ടോറിയൻ സദാചാര സങ്കല്പങ്ങളുടെ സ്വാധീനം മരുമക്കത്തായം, സംബന്ധം, കൂട്ടുകുടുംബ വ്യവസ്ഥ തുടങ്ങിയവയിൽ കാര്യമായ പരിക്കുകൾ ഏല്പിച്ചു. ഇത്തരം വ്യവസ്ഥകളെ നിയമപരമായിത്തന്നെ നിർത്തലാക്കുവാനുള്ള ശ്രമങ്ങൾ പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഉണ്ടായി. 1912-ലെ നായർ റെഗുലേഷൻ പോലുള്ള നിയമങ്ങൾ ഇതിന്റെ ഭാഗമായി ഉണ്ടായതാണ്. 1891-ൽ ഉണ്ടായ മലയാളി മെമ്മോറിയൽ പോലുള്ള പ്രതിരോധ ശ്രമങ്ങൾ പോലും നായർ

ജാതിമേധാവിത്തത്തിന് ഉദ്യോഗസ്ഥ-ഭരണ രംഗങ്ങളിൽ നേരിട്ട അവഗണനകളെ പരിഗണിച്ചു കൊണ്ടായിരുന്നു.

ബഹുഭർതൃത്വം, സംബന്ധം, മരുമക്കത്തായം തുടങ്ങിയ ആചാരങ്ങൾ കാലാനുസൃതമല്ല എന്ന ചിന്താഗതി സമൂഹത്തിൽ വ്യാപകമായ സാഹചര്യത്തിലാണ് പുതിയ ജാത്യാചാരങ്ങളെ അവതരിപ്പിക്കാനും പഴയവ പരിഷ്കരിക്കാനുമുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത്. പരിഷ്കരിക്കുന്ന ആചാരങ്ങളാവട്ടെ സംസ്കൃതവൽക്കരണ സ്വഭാവത്തോടു കൂടിയവയായിരുന്നു എന്നതാണ് ശ്രദ്ധേയം. കേരളീയ നവോത്ഥാന പ്രവർത്തനങ്ങൾക്കെല്ലാമുള്ള പരിമിതിയായി ഇത് നിലകൊണ്ടു. ആദ്യകാല നാവോത്ഥാന പ്രവർത്തനങ്ങൾ ഏറെക്കുറെ സമുദായ-മത പരിഷ്കരണ ശ്രമങ്ങളായിരുന്നുവെന്നും മനസിലാക്കാവുന്നതാണ്. ആധുനിക വിദ്യാഭ്യാസവും പുതിയ ലോക ബോധവും ഈഴവരുടെ ഇടയിൽ വലിയ തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കി. തിരുവിതാംകൂറിലും മലബാറിലുമുള്ള ഈഴവരും തീയരും ജനസംഖ്യാപരമായി സമൂഹത്തിൽ മുന്നിട്ടു നിന്നു. ചാതുർവർണ്യ വ്യവസ്ഥിതിയ്ക്ക് പുറത്തു നിർത്തിയെങ്കിലും കൃഷി, വ്യാപാരം, വൈദ്യം, മന്ത്രവാദം, ആയോധനകല തുടങ്ങിയവയിലൊക്കെ അനല്പമായ സ്വാധീനമുള്ള ഈഴവ-തീയ കുടുംബങ്ങൾ കേരളത്തിലുടനീളം ഉണ്ടായിരുന്നു. സാമ്പത്തികമായി വളർച്ച കൈവരിച്ച നിരവധി ഈഴവ കുടുംബങ്ങളെ കണ്ടെടുക്കാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ തന്നെ ആറാട്ടുപുഴ വേലായുധപ്പണിക്കരെപ്പോലുള്ള ധനാഢ്യരായ വ്യക്തികൾ ഈഴവർക്കിടയിൽ വളർന്നു വന്നിരുന്നു. ഈഴവരുടെ ആചാരാനുഷ്ഠാനങ്ങളിലും നടന്ന മാറ്റങ്ങൾ മേല്പറഞ്ഞതു പോലെ ബ്രാഹ്മണിക മാതൃക പിൻപറ്റുന്നതായിരുന്നു എന്നത് ശ്രദ്ധേയമാണ്.

ശൗണ്ഡികോല്പത്തി പ്രസിദ്ധീകരിക്കുന്നത് 1889-ൽ ആണ്. കേരളത്തിലെ സാമൂഹ്യമാറ്റത്തിന്റെ ഉച്ചസ്ഥായിയായി ഈ കാലഘട്ടത്തെ കണക്കാക്കാവുന്നതാണ്. ശ്രീനാരായണഗുരു

നടത്തിയ അരുവിപ്പുറം പ്രതിഷ്ഠ കേവലം ഒരു വർഷത്തിനു മുമ്പ് 1888-ൽ ആയിരുന്നു. നായർ ജാത്യാചാരവിധി പ്രകാശിതമാകുന്നതാവട്ടെ 1904-ൽ ആണ്. 1912 ആകുമ്പോഴേക്കും നായർ റെഗുലേഷൻ നിലവിൽ വന്നിരുന്നു. കേരളീയ സമൂഹത്തിന്റെ സുപ്രധാനമായ പരിവർത്തനദശയിൽ പിറവികൊണ്ട രണ്ട് കൃതികൾ എന്ന നിലയിൽ നായർ ജാത്യാചാരവിധിയും ശൗണ്ഡികോല്പത്തിയും ചരിത്രത്തിൽ സവിശേഷമായ പരിഗണന അർഹിക്കുന്നവയാണ്.

ഗൗരവമായ ഗവേഷണങ്ങൾക്ക് സാധ്യതയുള്ള ഈ രണ്ട് കൃതികളും പ്രൗഢമായ ആമുഖപഠനത്തോടുകൂടി വായനക്കാർക്കും ഗവേഷകർക്കും മുന്നിൽ എത്തിക്കുകയാണ് ഡോ. നിധീഷ് കണ്ണൻ. അദ്ദേഹത്തിന്റെ മുൻ പുസ്തകങ്ങളെപ്പോലെ തന്നെ ഗവേഷകർക്കും പഠിതാക്കൾക്കും വലിയ അളവിൽ സഹായകരമാകുന്നതാണ് ഈ പുസ്തകവും എന്നതിൽ സംശയമില്ല. ഈ ഗ്രന്ഥം ഇത്തരത്തിൽ പ്രസിദ്ധീകരിക്കാൻ ഡോ. നിധീഷ് കണ്ണൻ നടത്തിയ പരിശ്രമത്തിന് അഭിനന്ദനങ്ങൾ അറിയിച്ചു കൊണ്ട് ഏറെ അഭിമാനത്തോടെ ഈ കൃതി വായനക്കാർക്കുമുന്നിൽ അവതരിപ്പിക്കുന്നു.

കാലടി
15-08-2023

ഡോ. പദ്മദാസ് കെ.എൽ.
സാഹിത്യവിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല

ആമുഖം

കേരളീയജീവിതത്തിന്റെ നാനാതുറകളിലുള്ള സുപ്രധാന പരിവർത്തനങ്ങൾക്ക് സാക്ഷ്യംവഹിച്ച കാലമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടും ഇരുപതാം നൂറ്റാണ്ടിന്റെ ഉദയവും. അക്കാലത്തെ ജനതയെ വിഭജിക്കുകയും അതേസമയം വരിഞ്ഞുമുറുക്കുകയും ചെയ്ത രണ്ട് സുപ്രധാന സാമൂഹികോപകരണങ്ങളായിരുന്നു ജാതിയും ആചാരവും എന്ന് സംശയരഹിതമായി പറയാൻ സാധിക്കും. ജാതിക്കും ആചാരത്തിനുമിടയിൽ നെട്ടോട്ടമോടുന്നവരെ നിലയ്ക്കുനിർത്താൻ അയിത്തമെന്ന കടിഞ്ഞാൺ കൂടിയാവുമ്പോൾ ചാതുർവർണ്യത്തിന്റെ ദാർശനികഭൂമിക സമ്പൂർണ്ണമാകുന്നു. "ഒരു ജാതി മറ്റൊന്നിൽ നിന്നും പാടേ വ്യതിരിക്തമായ ഒന്നാണ് എന്നറിയാൻ ഉപകരിക്കുന്നത് ജാതിജന്യമായ കർമ്മങ്ങളും ജാതികൾ തമ്മിലുള്ള അകലവുമാണ്. ഒട്ടും അയിത്തമില്ലാത്ത പരിപാവനമായ ജാതി ബ്രാഹ്മണൻ മാത്രമാണ്. ഒട്ടും അയിത്തമില്ലാത്ത ജാതി, അല്പം അയിത്തമുള്ള ജാതിയിൽ നിന്നും തെല്ലകന്നും, ഇതരജാതികൾ അയിത്തത്തിന്റെ തോതനുസരിച്ച് അതാതു ക്രമത്തിൽ അകന്നകന്ന് ദൃഷ്ടിയിൽ നിന്നുപോലും അകലുന്ന ജാതിക്കാരായി അവശേഷിക്കുകയാണു ചെയ്യുന്നത്. ജാതി-വർണ്ണം-നാലേയുള്ളുവെന്നാണല്ലോ പ്രമാണം. ജാതിവ്യവസ്ഥ, ഓരോ ജാതിയുടെയും ധർമ്മാചരണരീതികളെയും, വിവാഹം, മരണം തുടങ്ങിയ അവസരങ്ങളിലെ ചടങ്ങുകളെയും, ഭക്ഷണസംബന്ധമായ വിധിനിഷേധങ്ങളെയും, വേഷത്തിലും ഭാഷയിലുമുള്ള പ്രകടമായ ഉച്ചനീചത്വങ്ങളെയും, തൊഴിലിനെയും ആശ്രയിച്ചാണ് നിലനിന്നുപോന്നിട്ടുള്ളതെന്ന് സാമൂഹ്യചരിത്രം പരിശോധിച്ചാലറിയാം. ഒരു തമാശയുള്ളത് ഓരോ ജാതിക്കും,

മുകളറ്റം നില്ക്കാനുള്ള അവകാശമുണ്ടെന്നും, ഉണ്ടായിരുന്നെന്നും, ആരുടെയോ പാതിത്യം കൊണ്ടാണ് താഴ്ചയുണ്ടായിപ്പോയതെന്നും അഭിമാനിക്കാനുള്ള വക, ഓരോ ജാതിയും സന്ദർഭാനുസരണം ഉന്നയിച്ചുകാണാറുണ്ട്. ബ്രാഹ്മണൻ തൊട്ടാണല്ലോ ജാതിയുടെ തുടക്കം. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രരാവുമ്പോഴേക്കും വർണ്ണം-ജാതി-അവസാനിച്ചു. ആത്മീയവൃത്തി ഏറ്റവും മഹനീയമായും, ശാരീരികവൃത്തി തൊഴിലിന്റെ അവസ്ഥയനുസരിച്ച് ലേശം ഹീനം, ഹീനം, ഹീനതരം, ഹീനതമം എന്നിങ്ങനെ പല തട്ടുകളായി പരിഗണിച്ചുപോരുകയും ചെയ്തു" (ഭാസ്കരനുണ്ണി പി., 2022, പേജ്. 259). വടക്കുംകൂർ രാജരാജവർമ്മരാജയുടെ കണക്കനുസരിച്ച് ബ്രാഹ്മണരിൽ എട്ട്, ന്യൂനവർഗ്ഗക്കാർ രണ്ട്, അന്തരാള ജാതി പന്ത്രണ്ട്, ശൂദ്രർ പതിനെട്ട്, ശില്പി ആറ്, പതിതന്മാർ പത്ത്, താഴ്ന്ന തരക്കാർ എട്ട് എന്നിങ്ങനെ ആകെ മലയാളത്തിൽ അറുപത്തിനാല് ജാതിയുണ്ട്. (കേരളീയസംസ്കൃതസാഹിത്യചരിത്രം, ഭാഗം രണ്ട്, പേജ് 99). 1986-ലെ സർക്കാർ കണക്കു പ്രകാരം സവർണ്ണരെ ഒഴിച്ചുനിർത്തിക്കൊണ്ട് പട്ടികജാതി അറുപത്തിയെട്ട്, പട്ടികവർഗ്ഗം മുപ്പത്തിയഞ്ച്, മറ്റ് പിന്നാക്ക വിഭാഗം അറുപത്തിയെട്ട് (ഭാസ്കരനുണ്ണി പി., 2022, പേജ്. 292-293). ഒപ്പം ഇവയിലുൾപ്പെടുന്ന നൂറുകണക്കിന് ഉപജാതികളും കൂടിയായാൽ അനന്തമാണ് കേരളത്തിലെ ജാതിനിര. ഇന്ത്യയിലെന്നല്ല ലോകത്തൊരിടത്തും ഇത്രയും സങ്കീർണ്ണമായ രീതിയിലുള്ള മനുഷ്യവിഭജനം കാണാൻ സാധിക്കില്ല.

പറഞ്ഞുവരുന്നത് മേൽപറഞ്ഞ ജാതിവിഭാഗങ്ങളെല്ലാം തന്നെ അവരവരുടെ ജാത്യാചാരങ്ങളെ അലംഘനീയമായും പരിപാവനമായും പാലിച്ചുപോന്നിരുന്നു എന്നുള്ളതാണ്. മനുസ്മൃതി മുതലിങ്ങോട്ട് എണ്ണമറ്റ ധർമ്മശാസ്ത്രങ്ങളുടനീളം

പ്രഘോഷിക്കുന്നത് അത്യുന്നതരായ ത്രൈവർണ്ണികരുടെ ക്ഷേമകാര്യങ്ങളെപ്പറ്റിയാണല്ലോ. വേണ്ട പ്രാധാന്യമില്ലെങ്കിലും സ്മൃതികാരന്മാരെ സംബന്ധിച്ചിടത്തോളം ചാതുർവർണ്യത്തിലെ അവസാന കണ്ണിയാണ് ശൂദ്രൻ. എന്നാൽ ശൂദ്രരിലും താഴ്ന്നവരോ? മനുഷ്യനായിപ്പോലും പരിഗണിക്കാൻ കഴിയാത്ത പുഴുക്കളിലും താഴ്ന്നവർ. ദൃഷ്ടിയിൽ പെട്ടാൽ പോലും ദോഷമുള്ളവർ. തുടക്കത്തിൽ പരാമർശിച്ചതുപോലെ ബ്രാഹ്മണന് ശേഷമുള്ളവർക്ക് ആരുടെയോ പാതിത്വം ഹേതുവായാണ് തങ്ങൾക്ക് താഴ്ച്ചയുണ്ടായതെന്ന സ്വാഭിമാനത്തിലേക്ക് മെരുക്കിയെടുക്കുവാൻ ജാതിബ്രാഹ്മണ്യത്തിന് അതിവിദഗ്ദ്ധമായി സാധിച്ചു. നമ്പൂതിരിബ്രാഹ്മണരുടെ ആഗമനത്തോടെ കേരളം വലിയൊരു പരിവർത്തനദശയിലേക്കാണ് പ്രവേശിച്ചത്. മനുസ്മൃതി പോലെയുള്ള ധർമ്മശാസ്ത്രങ്ങൾക്കനുസൃതമായി കേരളത്തിൽ ആധിപത്യഭരണം കയ്യാളുവാൻ ബ്രാഹ്മണർക്ക് സാധിക്കാതെ വന്ന സവിശേഷഘട്ടത്തിലാണ് ശാങ്കരസ്മൃതി അഥവാ ലഘുധർമ്മപ്രകാശിക എന്ന കേരളീയധർമ്മസംഹിതയുടെ രംഗപ്രവേശം. ആചാരങ്ങൾക്കൊപ്പം അനാചാരങ്ങൾ (അനുബന്ധമായ ആചാരങ്ങൾ) ഉൾപ്പെടുത്തി, ബ്രാഹ്മണന് ശൂദ്രനുമായി നേരിട്ട് ബന്ധപ്പെടാൻ തക്ക രീതിയിൽ നായന്മാരെ ശൂദ്രന്മാരാക്കി നമ്പൂതിരിമാർക്ക് അധികാരമുറപ്പിക്കുവാനുള്ള സ്ഥിതിവിശേഷത്തിലേക്ക് കേരളമെത്തുകയാണുണ്ടായത്. നമ്പൂതിരിയും നായരും കഴിഞ്ഞുള്ളവരെല്ലാം അവർണ്ണരാണ്. അതിൽ തന്നെ കർമ്മവും ആചാരവുമുള്ളത് നമ്പൂതിരിക്കു മാത്രമാണ്. വില്യം ലോഗൻ പറയുന്നതുപോലെ "മലയാളജാതികൾക്കിടയിൽ ഏറ്റവും യാഥാസ്ഥിതികവും ഏറ്റവും അടച്ചുപൂട്ടിയതും യൂറോപ്യൻ വീക്ഷണത്തിൽ ഏറ്റവും ഉദ്ബുദ്ധത കുറഞ്ഞതുമായ ജാതി നമ്പൂതിരിമാർ എന്നറിയപ്പെടുന്ന

മലയാളിബ്രാഹ്മണരുടേതാണ്. ഒരു രാഷ്ട്രീയസംവിധാനമെന്ന നിലയിൽ ജാതിവ്യവസ്ഥ കേരളത്തിൽ കൊണ്ടുവന്നത് നമ്പൂതിരിമാരല്ലെന്നു വരികിലും ജാതിസമ്പ്രദായത്തിന്റെ സമീപകാലവികസനത്തിന് കാരണക്കാരും അതിന്റെ വിട്ടുവീഴ്ചയില്ലാത്ത പ്രയോക്താക്കളും അവരാണെന്ന കാര്യത്തിൽ സംശയമില്ല. തങ്ങളുടെ ജീവിതചര്യകൾ ഏറ്റവും നിസ്സാരമെന്ന് മറ്റുള്ളവർക്കു തോന്നുന്നതുപോലും ക്രമപ്പെടുത്തിക്കൊണ്ട് സംസ്കൃതഭാഷയിൽ അവർ ആചാരമുറകളും ചട്ടങ്ങളും എഴുതിവച്ചിട്ടുണ്ട്" (വില്യം ലോഗൻ, പരിഭാഷ; ടി.വി.കൃഷ്ണൻ, 2019, പേജ്. 101). നമ്പൂതിരിയുടെ ആചാരത്തെ പാലിക്കുക മാത്രമാണ് നായരുടെ ദൗത്യം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ വളരെ കണിശമായി പാലിച്ചുപോന്ന ഈയൊരവസ്ഥ മൂർച്ഛിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്.

സാമൂഹ്യശാസ്ത്രജ്ഞനായ എം.എൻ. ശ്രീനിവാസൻ 1952-ൽ പ്രസിദ്ധീകരിച്ച Religion and Society among the Coorgs of South India എന്ന പുസ്തകത്തിലാണ് സംസ്കൃതവൽക്കരണം (Sanskritization) എന്ന സാമൂഹ്യശാസ്ത്രപദം ആദ്യമായി ആവിഷ്കരിക്കുന്നത്. അദ്ദേഹം പറയുന്നു; "ഓരോ ഘടകജാതിയുടെയും സ്ഥാനം നിശ്ചയിച്ചിരിക്കുന്ന കർക്കശമായ വ്യവസ്ഥിതിയിൽ നിന്ന് വളരെ അകലെയാണ് എക്കാലവും ജാതി വ്യവസ്ഥ. ചലനം എല്ലായ്പ്പോഴും സാധ്യമാണ്, പ്രത്യേകിച്ചും ശ്രേണിയുടെ മധ്യമേഖലകളിൽ. സസ്യഭോജനസമ്പ്രദായം, (Vegetarianism) മദ്യവർജ്ജനസമ്പ്രദായം, (Teetotalism), ആചാരം (Ritual), ദേവതാഗണം (Pantheon) എന്നിവയെ സംസ്കൃതവൽക്കരിച്ചുകൊണ്ട് ഒരു താഴ്ന്ന ജാതിക്ക് ഒന്നോ രണ്ടോ തലമുറകളിലൂടെ അധികാരശ്രേണിയിൽ ഉന്നത സ്ഥാനത്തേക്ക് എത്തുവാൻ സാധിച്ചു. ചുരുക്കത്തിൽ പറഞ്ഞാൽ, താത്വികമായി

നിഷിദ്ധമാണെങ്കിലും ബ്രാഹ്മണരുടെ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കഴിയുന്നിടത്തോളം ഏറ്റെടുത്തുകൊണ്ട് താഴ്ന്ന ജാതിക്കാർ ബ്രാഹ്മണ ജീവിതരീതി സ്വീകരിക്കുന്നത് പതിവായതായി മാറി. ബ്രാഹ്മണരിലും മറ്റ് 'ദ്വിജ' ജാതികളിലും നിക്ഷിപ്തമായ ചില വൈദികാചാരങ്ങൾ പോലെ 'ബ്രാഹ്മണവൽക്കരണ'ത്തിന് പ്രാഥമ്യം കൊടുക്കുന്ന ഈ പ്രക്രിയയെ 'സംസ്കൃതവൽക്കരണം' എന്നാണ് ഈ പുസ്തകത്തിൽ വിശേഷിപ്പിക്കുന്നത്. (ഓക്സ്ഫോഡ്, 1952, പേജ് 30) ഇതിനെ തുടർന്ന് അദ്ദേഹമെഴുതിയ A note on Sanskritization and Westernization എന്ന ബൃഹത്തായ പ്രബന്ധത്തിൽ അഞ്ച് ഭാഗങ്ങളിലായി സംസ്കൃതവൽക്കരണം എന്ന പ്രക്രിയയെ/സിദ്ധാന്തത്തെ വളരെ സൂക്ഷ്മവും സ്പഷ്ടവുമായി വിശദീകരിക്കുന്നുണ്ട്. കീഴ്ജാതിസമൂഹങ്ങൾക്കിടയിൽ കാണുന്ന സംസ്കൃതവല്ക്കരണം ബ്രാഹ്മണ്യത്തെ അനുകരിച്ചുകൊണ്ടാണെങ്കിൽ മേൽജാതി സമൂഹങ്ങളിൽ അത് പാശ്ചാത്യാനുകരണമാണ് (Westernization). പാളത്താറും മുണ്ടും ഉടുത്ത ദിവാന്മാരും മറ്റ് വരേണ്യപ്രമാണിമാരും മേൽവസ്ത്രമായി കോട്ടും ടൈയും ധരിച്ചുകൊണ്ടുള്ള പഴയകാല ചിത്രങ്ങൾ ഇതിനുദാഹരണമാണ്. എണ്ണത്തിൽ കുറഞ്ഞ ന്യൂനപക്ഷജാതിയെങ്കിലും നമ്പൂതിരി ബ്രാഹ്മണരുടെ ആധിപത്യവും മേൽക്കോയ്മയും കേരളീയ സമൂഹത്തിന്റെ സവർണ്ണാഭിമുഖ്യത്തിന് അഥവാ ബ്രാഹ്മണവല്ക്കരണത്തിന് വലിയരീതിയിൽ വഴിയൊരുക്കി എന്നുതന്നെ പറയാം.

കേരളത്തിലെ ശൂദ്രന്മാർ നായന്മാരാണെന്ന് വ്യക്തമാണല്ലോ. ബ്രാഹ്മണരുടെ ആചാരസംരക്ഷകർ എന്നതിനപ്പുറം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ശൂദ്രർക്ക് തങ്ങളുടേതായ കർമ്മത്തിനും ആചാരത്തിനും അധികാരമുണ്ടെന്ന

സ്ഥിതിവിശേഷത്തിലേക്ക് അവരെത്തിച്ചേരുകയുണ്ടായി. "നായരെ ചാതുർവർണ്ണ്യത്തിലെ നാലാമത്തെ വർണ്ണമായ ശൂദ്രരായി താഴ്ത്തുകയും അതിനു രാജാധികാരം അരുനിൽക്കുകയും ചെയ്തതിനുശേഷവും, നായർ നാട്ടിന്റെ സംരക്ഷകനും നമ്പൂതിരിയുടെ ഭൃത്യനുമെന്ന വിഭിന്നജീവിതശൈലി ജാതിഗർവ്വം വിടാതെ തന്നെ സ്വീകരിച്ചു ജീവിച്ചുവെന്ന വൈചിത്ര്യമാർന്ന കാഴ്ചയാണ് നായർ സമുദായത്തെക്കുറിച്ചോർക്കുമ്പോൾ നടാടെ മുന്നിലെത്തുക"യെന്ന് ഭാസ്കരനുണ്ണി നിരീക്ഷിക്കുന്നുണ്ട് (ഭാസ്കരനുണ്ണി പി., 2022, പേജ്. 313).

ഇവിടുത്തെ എണ്ണത്തിൽ കൂടിയ ഭൂരിപക്ഷജാതിയായ ഈഴവർ സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നുവെങ്കിലും ജാതീയമായി അവർണ്ണരായി തന്നെ നിലകൊള്ളുകയാണുണ്ടായത്. എന്നാൽ നായന്മാരുടെ ജാത്യഭിമാനവൽക്കരണത്തോടൊപ്പം തന്നെ അവർണ്ണരായ ഈഴവരും തങ്ങളുടേതായ സാമുദായികമുന്നേറ്റങ്ങൾക്കുള്ള ബീജാവാപം നടത്തുവാനാരംഭിക്കുന്നതിനും പത്തൊമ്പതാം നൂറ്റാണ്ട് സാക്ഷ്യം വഹിക്കുന്നുണ്ട്. ക്രോഫർഡ സായിപ്പിനുണ്ടായ ഒരനുഭവകഥ ദിവാൻ ഗോവിന്ദമേനോൻ പള്ളിയിൽ ഗോപാലമേനോനോട് പറയുന്നത് വിദ്യാവിനോദിനിയിൽ ഇപ്രകാരം കാണുന്നതായി ചരിത്രകാരനായ ഹനു ജി. ദാസ് രേഖപ്പെടുത്തുന്നത് ഇവിടെ സാന്ദർഭികമായി പരാമർശിക്കുന്നത് നന്നായിരിക്കും: "ക്ഷേത്രത്തിൽനിന്നും ഒരു നായർ ചോറുകൊണ്ടു പോകുന്ന സമയം സായിപ്പിന്റെ വേലക്കാരനായ ഒരു ഈഴവൻ തീണ്ടുകയും ആ നായർ ഈഴവനെ അടിക്കുകയും ചെയ്തു. ഈ വിവരം സായിപ്പിനോട് പറഞ്ഞ് അന്യായം കൊടുപ്പിക്കുമെന്നറിഞ്ഞ നായർ ഭയപ്പെടുകയും ഉപായത്തിൽ ആ ചോറ് ഒരു പുലയനെക്കൊണ്ട് എടുപ്പിച്ച് സായിപ്പിന്റെ അടുക്കൽ

ചെല്ലുകയും ചെയ്തു. എന്തുകൊണ്ടാണ് ഈഴവൻ അടുത്തുകൂടി പോയതുകൊണ്ട് തനിക്ക് ഈ ചോറ് ഉണ്ടുകൂടാ എന്നും താനും ഇയാളും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളതെന്നും തന്റേയും ഇയാളുടേയും ദേഹത്തുള്ള രക്തത്തിന് എന്തു വ്യത്യാസമാണുള്ളതെന്നും മറ്റും സായിപ്പ് നായരോടു ചോദിച്ചു. ഭയപ്പെട്ട നായർ ഒരു വ്യത്യാസവുമില്ല എന്നു പറയുകയും ഇവിടെ കൊണ്ടുവന്നിട്ടുള്ള ആ ചോറ് തന്റെ മേൽ ആവലാതിപ്പെട്ടിട്ടുള്ള ഈ ഈഴവൻ ഉണ്ടാൽ താനും ഉണ്ണാമെന്നു പറയുകയും ചെയ്തു. സായ്പ്പ് തന്റെ ശിഷ്യനായ ഈഴവനെ വിളിച്ച് ചോറുണ്ണുവാൻ ആവശ്യപ്പെട്ടു. ചോറു കയ്യിൽ വച്ചിരിക്കുന്നത് ഒരു ചെറുമൻ ആണെന്നു കണ്ട് ഈഴവൻ തങ്ങൾ തമ്മിൽ തീണ്ടലുള്ളതിനാൽ ചോറുണ്ണാൻ പറ്റില്ലെന്നും പറഞ്ഞു. സായ്പ്പ് ഒന്നും മിണ്ടാതെ ചോറിന്റെ വില എന്താണെന്നന്വേഷിച്ച് ആ പണം കൊടുക്കുകയും തന്റെ ശിഷ്യനായ ഈഴവനോട് സംഗതി മുഴുവൻ പറഞ്ഞിരുന്നെങ്കിൽ ഞാൻ ഇങ്ങനെ വിഢ്യനാവുകയില്ലായിരുന്നു എന്നും പറഞ്ഞു." (വിദ്യാവിനോദിനി, 1077, വൃശ്ചികം (1902) പേജ് 71-72) ശ്രേണീബദ്ധമായി അസമത്വം എപ്രകാരമാണ് വിന്യസിക്കപ്പെട്ടിരിക്കുന്നതെന്നും അവയുടെ പ്രതിലോമകരമായ പ്രവർത്തനസ്വഭാവം എപ്രകാരമാണെന്നും ഈ സംഭവം വെളിവാക്കുന്നുണ്ട്. മാത്രമല്ല സാമൂഹ്യ തിരസ്കരണ ഭയം നിരന്തരം നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യപ്രസ്ഥാനമായ ജാതിഭ്രഷ്ട് സമൂഹത്തിന്റെ നാനാതുറകളിലേക്കും ആഴത്തിൽ വേരോടിയിരുന്നു എന്നും മേൽപ്പറഞ്ഞ സംഭവം തെളിയിക്കുന്നുണ്ട്. (അരുൺ എ. (എഡി.), 2008, പേജ് 82).

ശൗണ്ഡികോല്പത്തി

വേഷത്തിലും ആരാധനാസമ്പ്രദായങ്ങളിലും ജനന-മരണ-വിവാഹാദി സംസ്കാരങ്ങളിലും തങ്ങളുടേതായൊരു ആചാരപദ്ധതി

ആവിഷ്കരിക്കുവാൻ ചെറിയതോതിലെങ്കിലും ഈഴവർക്കും സാധിക്കുകയുണ്ടായി. ഇതിനുദാഹരണമാണ് കൊല്ലവർഷം 1064 (പൊതുവർഷം 1889)-ൽ തിരുവനന്തപുരത്തെ കേരളവിലാസം അച്ചുകൂടത്തിൽ നിന്നിറങ്ങിയ ശൗണ്ഡികോല്പത്തി കിളിപ്പാട്ട് എന്ന കൃതി. പാട്ടവിളാകത്ത് കൊച്ചൻ വൈദ്യനാണ് ഗ്രന്ഥകാരൻ. ഈഴവൻ എന്ന പദത്തിന്റെ പര്യായമായും ചാരായം വാറ്റുന്നവൻ എന്ന അർത്ഥമായും ശൗണ്ഡികൻ എന്ന പദം ശബ്ദതാരാവലിയിൽ കാണുന്നു. ഈഴവരുടെ ഉല്പത്തിയെ സൂചിപ്പിക്കുന്ന വൈവിധ്യമാർന്ന നിരവധി ഐതിഹ്യങ്ങൾ പലയിടങ്ങളിലും കാണാവുന്നതാണ്. ശൗണ്ഡികോല്പത്തി ആരംഭിക്കുന്നതു തന്നെ ഈഴവരുടെ/തീയരുടെ/ശൗണ്ഡികരുടെ ഉത്പത്തി കഥയോടെയാണ്. ശീലാവതി ആദ്യമട്ടിലുള്ള കിളിപ്പാട്ട് രൂപത്തിലാണ് ഈ കൃതിയുടെ ആഖ്യാനം. ശൗണ്ഡികൻ എന്ന പേരുള്ള ഒരു മഹർഷി വൃഷപർവാവ് എന്ന രാജാവിന് പറഞ്ഞു കൊടുക്കുന്നതാണ് സന്ദർഭം. പണ്ട് മഹാദേവൻ തന്റെ സഞ്ചാരവേളയിൽ ശോണാചലം എന്ന മനോഹരമായ തടാകത്തിൽ ഏഴ് ദിവ്യകന്യകമാർ നീരാടുന്നത് കാണുകയും അവരുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായ പരമശിവൻ ഇളംകാറ്റടിപ്പിച്ച് ശൈത്യം ഉണ്ടാക്കുകയും ശോണാചല തീരത്ത് അഗ്നിരൂപം ധരിച്ച് നിൽക്കുകയുംചെയ്തു. ശൈത്യം കൊണ്ട് അധര-ഓഷ്ഠം കൂട്ടിയിടിച്ച് വിറച്ച് കൊണ്ട് കന്യകമാർ ക്രമത്തിൽ തീരത്തെ അഗ്നിയെ പുണർന്നു. അനന്തരം സപ്തകന്യകമാർ ഏഴ് പുത്രന്മാർക്ക് ജന്മം നൽകുകയും അവരെ ശിവനു നൽകി സ്വർഗ്ഗത്തിലേക്ക് തിരിച്ചു പോകുകയും ചെയ്തു. പുത്രന്മാരുമായി ശിവൻ കൈലാസത്തിലെത്തി പാർവതിയെ കാര്യങ്ങൾ ധരിപ്പിക്കുകയും ശോണാചലത്തിൽ നിന്നും ജനിച്ചതിനാൽ പാർവതീപരമേശ്വരന്മാർ ചേർന്ന് അവർക്ക് ശൗണ്ഡികന്മാരെന്ന് നാമകരണവും നടത്തി. അങ്ങനെയിരിക്കെ ശിവന്റെ

നിർദ്ദേശമനുസരിച്ച് പാർവ്വതീദേവി കൗളകർമ്മത്തിനായി മദ്യമുണ്ടാക്കുവാൻ ശൗണ്ഡികന്മാരെ നിയോഗിച്ചു. ശൗണ്ഡികൻ മദ്യമുണ്ടാക്കി പൊന്നിൻ കുടത്തിലാക്കി പൊതിഞ്ഞുകെട്ടി ഒരു ബ്രാഹ്മണന്റെ കൈവശം ഭ്രതേശന്റെ കൗളകർമ്മത്തിനായി മദ്യം കൊടുത്തയച്ചു. ബ്രാഹ്മണന് തന്റെ കയ്യിലിരിക്കുന്ന കുടം തുറന്ന് അകത്തുള്ള മദ്യത്തിന്റെ രുചിയറിയാൻ ആഗ്രഹമുണ്ടായി. അയാൾ പോകുംവഴി കൈലാസത്തിന്റെ താഴ്‌വരയിലെ ആറ്റിൻ കരയിലിരുന്ന് കുടത്തിന്റെ കെട്ടഴിച്ച് അല്പം മദ്യമെടുത്ത് രുചിച്ചുനോക്കുകയും ആറ്റിൽ നിന്നും അത്രയും അളവിൽ വെള്ളം കുടത്തിൽ നിറച്ച് ഒന്നുമറിയാത്ത മട്ടിൽ ശിവനെ ഏല്പിക്കുകയും ചെയ്തു. ധീരനായും മദ്യപാനിയായും തന്റെ മുന്നിൽ നില്ക്കുന്ന കള്ളനായ ബ്രാഹ്മണനെക്കണ്ട ശിവൻ ഉൾക്കണ്ണുകൊണ്ട് സംഭവമെല്ലാം മനസ്സിലാക്കുകയും കർമ്മവിഘ്നം നടത്തിയ അയാളോട് പെട്ടന്നു തന്നെ ചെന്ന് ശൗണ്ഡികനെ കൊണ്ടുവരുവാനാവശ്യപ്പെടുകയും ചെയ്തു. താൻ ചെയ്ത തെറ്റും പരമേശ്വരന്റെ കല്പനയും ബ്രാഹ്മണൻ ശൗണ്ഡികനെ അറിയിച്ചപ്പോൾ കോപിഷ്ഠനായ ശൗണ്ഡികൻ ആയുധം കൊണ്ട് ബ്രാഹ്മണന്റെ തലയറുത്ത് ശിവന്റെ സമീപത്തേക്ക് ചെന്നു. രക്തത്തിൽക്കുളിച്ച് ബ്രാഹ്മണന്റെ തലയുമായി തന്റെ മുന്നിൽ നില്ക്കുന്നതുകണ്ട് കോപാകുലനായ പരമേശ്വരൻ ബ്രഹ്മഹത്യാദോഷം ബാധിച്ച ശൗണ്ഡികനോട് തന്റെ മുന്നിൽ നിൽക്കാതെ ദൂരെ പോകുവാൻ കല്പിച്ചു. ദുഃഖിതനായ ശൗണ്ഡികൻ ശ്രീപരമേശ്വരനെ സ്തുതിക്കുകയും നമ്മെ വഞ്ചിച്ച് മദ്യം കട്ടുകുടിച്ച് കുടത്തിൽ അത്രയും വെള്ളം കോരി നിറച്ച് കൗളകർമ്മത്തിന് വിഘ്നമുണ്ടാക്കിയ വിപ്രൻ പാപിയാണെന്നും അതുകൊണ്ട് പാപിയായ ഒരാളെ വധിച്ചതിനാൽ തന്നെ ഒരിക്കലും പാപം ബാധിക്കുകയില്ലെന്നും ശൗണ്ഡികൻ ശിവനോട് പറയുകയുണ്ടായി. ഇതു കേട്ട് മന്ദസ്മിതത്തോടെ ശിവൻ പറഞ്ഞു: " സർവർക്കും

സർവകാര്യങ്ങൾക്കും ബ്രാഹ്മണനാണ് ആധാരമെന്ന് നാലു വേദങ്ങളും സർവമുനിമാരും പറയുന്നതിനാലാണ് ഞാനും നിന്നോട് അപ്രകാരം പറഞ്ഞത്. പാപഹരമായ കുളകർമ്മത്തിന്റെ പ്രഭാവത്താലാണ് ബ്രഹ്മഹത്യാപാപത്താൽ ഒരിക്കലും ബദ്ധനാവുകയില്ലെന്ന് നീ സധൈര്യം പറഞ്ഞത്. പിന്നെ ക്രൂരകർമ്മങ്ങളിൽ ബുദ്ധിചെല്ലുന്നവന് പാരിൽ പതിതത്വം വന്നുകൂടുമെന്ന് നാലുവേദങ്ങളും ചൊല്ലുന്നതുകൊണ്ട് ദൂരെ പോകുവാൻ ഞാൻ നിന്നോട് പറഞ്ഞത് ഒരിക്കലും തിരിച്ചെടുക്കുവാൻ സാധിക്കുകയില്ല". പാമമില്ലെങ്കിൽ പിന്നെ എന്തിന് താൻ പതിതനാകണമെന്നും പതിതനെന്നുള്ള വാക്ക് ഏറെ ദുഃഖിപ്പിക്കുന്നുവെന്നും പതിതനാവുന്നതിനേക്കാൾ നല്ലത് മരണമാണെന്ന് വിദ്വാന്മാർ പറയുന്നതിനാൽ കൊന്നാലും എങ്ങോട്ടും പോകുവാൻ തയ്യാറല്ലെന്നും ശിവന്റെ കയ്യാൽ മരണപ്പെടുന്നത് പുണ്യമാണെന്ന് മുനിവചനമുണ്ടെന്നും ഏറ്റവും കോപത്തോടും ദുഃഖത്തോടും ശൗണ്ഡികൻ മറുപടി പറഞ്ഞു. ഇങ്ങനെ ധൈര്യത്തോടെ മറുപടിയും പറഞ്ഞ് നില്ക്കുന്ന ശൗണ്ഡികനെക്കണ്ട് ശാന്തനായി ശിവൻ വീണ്ടും പറഞ്ഞു "ശൗണ്ഡികാ! പതിതത്വം ഭവിച്ചുപോയതിൽ ഒട്ടും ദുഃഖിക്കേണ്ടാ. ബ്രഹ്മജ്ഞനാകുന്നതിനും ബ്രഹ്മത്തിൽ ലയിക്കുന്നതിനും കാരണമായ ത്രിലോകങ്ങളിൽ വച്ചേറ്റവും വിശിഷ്ടമായ കൗളകർമ്മം ഞാൻ നിനക്കുപദേശിക്കാം. കൗളകർമ്മമനുഷ്ഠിക്കുന്നതുകഴി പതിതത്വം മുതലായ ദോഷങ്ങളിൽ നിന്നും മുക്തി നേടുകയും കുലം ശ്രേഷ്ഠമാവുകയും ചണ്ഡാളൻ കൂടി ബ്രാഹ്മണത്വത്തിലേക്കുയരുകയും ചെയ്യും. ഞാൻ നിനക്ക് അതിനുള്ള ജ്ഞാനോപദേശം നൽകാം. നീയുണ്ടാക്കിയ മദ്യമല്ലാതെ മറ്റൊന്നും കൗളപൂജയ്ക്കു യോജിക്കുന്നതല്ല. നിനക്ക് ബ്രഹ്മജ്ഞാനോപദേശം തന്നതിനാൽ പൂണൂൽ കർമ്മങ്ങളും ലളിതാദേവീപൂജയും ഒഴികെയുള്ള മറ്റൊരു

ദേവതാരാധനങ്ങൾക്കും നിനക്കധികാരമില്ല. എല്ലാ ആചാരങ്ങളും കർമ്മങ്ങളും ബ്രാഹ്മണന്മാരെപ്പോലെ നീയും നടത്തേണ്ടതാകുന്നു. നിനക്ക് പതിതത്വമെന്ന ദോഷമുള്ളതിനാൽ മന്ത്രം കൊണ്ടല്ലാതെ തന്ത്രം കൊണ്ടു വേണം കർമ്മങ്ങളനുഷ്ഠിക്കുവാൻ. മന്ത്രംകൊണ്ടുള്ള കർമ്മംപോലെ തന്നെ തന്ത്രംകൊണ്ടും ഫലം ലഭിക്കുന്നതാണ്. ഇപ്രകാരം നിന്റെ വംശത്തിൽ എന്റെ കല്പനപ്രകാരം പ്രവർത്തിക്കുന്നവർക്ക് ബ്രഹ്മസാക്ഷാത്കാരം കൈവരുന്നതാണ്". മഹേശ്വരവചനം കേട്ട ശൗണ്ഡികൻ അതെല്ലാം ശിരസാ വഹിച്ചുവെന്ന് പറഞ്ഞുകൊണ്ട് വംശോല്പത്തികഥനം അവസാനിക്കുന്നു.

ശേഷം ശൗണ്ഡികന്മാരുടെ വംശഭേദം വർണ്ണിക്കുന്നു. ശോണാകുലത്തിൽ പിറന്നതുമൂലം ശൗണ്ഡികരെന്നും വഹ്നിയിൽ (അഗ്നിയിൽ) നിന്നുമുണ്ടായതിനാൽ വഹ്നിയന്മാരെന്നും തീയന്മാരെന്നും മദ്യമുണ്ടാക്കുന്നതിനാൽ മദ്യഹാരകന്മാരെന്നും ഈശനിൽ (ശിവനിൽ) നിന്നും ഉദ്ഭവിച്ചതിനാൽ ഈശവരെന്നും ഈഴത്തുരാജ്യത്തു നിന്നു വരികയാൽ ഈഴവരെന്നും പറയപ്പെടുന്നുവത്രേ. ഇത്രയും ആമുഖമായി പറഞ്ഞുകൊണ്ട് ശൗണ്ഡികന്മാരുടെ ആശൗചകർമ്മങ്ങളിലേക്ക് കടക്കുന്നു. മരിച്ചയാളെ കുളിപ്പിച്ച് ചന്ദനവും ഭസ്മവും ചാർത്തി മനോഹരമായ വസ്ത്രംകൊണ്ട് പുതപ്പിച്ച് ചിതയെ പ്രദക്ഷിണം ചെയ്ത് തല തെക്കോട്ടാക്കി വെക്കണം. ശേഷം മൃതശരീരത്തെ മൂടിയ വസ്ത്രത്തെ മുറിച്ചെടുത്ത് തന്ത്രിയുടെ നിർദ്ദേശാനുസാരം സൗവർണ്ണത്തോടെ തിലോദകം ചെയ്യണം. മുറിച്ച വസ്ത്രത്തിന്റെ ഒരു ഭാഗം മരിച്ചയാളുടെ പുത്രന്റെ നെറ്റിയിൽ കെട്ടണം. ഈ വസ്ത്രത്തെ "ശേഷ"മെന്ന് പറയുന്നു. പുത്രന്മാരല്ലാതെ മറ്റാരും ഈ വസ്ത്രം കെട്ടിക്കൂടാ. പിന്നെ ശവദാഹം കഴിഞ്ഞാൽ ശ്മശാനത്തിൽ തന്നെ ബലിയും തിലോദകവും കഴിച്ച് സപിണ്ഡനായ പുത്രൻ ഒരു

കുടത്തിൽ വെള്ളമെടുത്ത് വലത്തെ തോളിൽ വെച്ച് ചിതയ്ക്ക് മൂന്നു തവണ പ്രദക്ഷിണം ചെയ്ത് ശ്മശാനത്തിന്റെ വടക്കുഭാഗത്തേക്ക് പിന്തിരിഞ്ഞു നിന്ന് തോളിലുള്ള പൂർണ്ണകുംഭം താഴേക്കിട്ടുടച്ച് അതിലേക്ക് നോക്കാതെ കുളിച്ച് വീട്ടിലേക്ക് പോകേണ്ടതാണ്. പിന്നെ പുലയുള്ളവരെല്ലാരോടും കൂടി ആ ദിവസം ഉപവസിക്കണം. പിറ്റേദിവസം ക്ഷൗരം കഴിച്ച് കുളിച്ച് ഉറ്റവരോടും തന്ത്രിയോടും കൂടി ശ്മശാനത്തിൽ ചെന്ന് മുട്ടുകുത്തിനിന്ന് തിലോദകത്തോടെ ബലിയർപ്പിച്ച് ഒന്ന് കുളിക്കണം. സഞ്ചയനത്തീയതിയോളം ഇത് തുടരണം. മൂന്ന്, അഞ്ച്, ഏഴ് ദിവസങ്ങളിലാണ് സഞ്ചയനം. ആ ദിവസം തന്ത്രിയിൽനിന്നും വാങ്ങിയ എണ്ണയും പാലും ചേർത്ത് തലയിൽ തേച്ച് മുങ്ങിക്കുളിച്ച് ഷഡംഗമെന്ന കർമ്മം ചെയ്ത് പുറത്ത് ബലിയിടേണ്ടതാകുന്നു. പിന്നെ സ്വജനങ്ങളോടും തന്ത്രിയോടും കൂടി ശ്മശാനത്തെ വലംവെച്ച് അസ്ഥികളൊക്കെ ശേഖരിച്ച് കേരീപത്രപാത്രത്തിലിട്ട് പട്ടുകൊണ്ട് മൂടി മരിച്ചയാളുടെ മൂത്തപുത്രൻ ഇടത്തുതോളിൽ വെച്ച് ഛത്രം, വിളക്ക്, വാദ്യം എന്നിവയുടെ അകമ്പടിയോടെ പടിഞ്ഞാറൻ കടലിലേക്കൊഴുകുന്ന നദീതീരത്തോ പടിഞ്ഞാറൻ കടലിന്റെ കരയിലോ ചെന്ന് തന്ത്രി പറയുന്നതുപോലെ തന്നെ കർമ്മങ്ങൾ ചെയ്ത് ആ ജലത്തിൽ അസ്ഥിയൊഴുക്കി കുളിച്ച് അവനവന്റെ ആസ്തിക്കനുസരിച്ച് ബ്രാഹ്മണന്മാർക്ക് ദാനം നിർവഹിക്കണം. ശേഷം തന്ത്രി ശുദ്ധീകരിച്ച ഗൃഹത്തിൽ ബന്ധുക്കളോടൊപ്പം ചേർന്ന് എല്ലാവരെയും പൂജിച്ച് വഴിപോലെ നല്ലെണ്ണ, താംബൂലം എന്നിവ നൽകി വിളക്കു തെളിക്കേണ്ടതാണ്. സഞ്ചയത്തെ സമർപ്പിച്ച് മുമ്പ് പറഞ്ഞതുപോലെ പിണ്ഡകനും മറ്റുള്ള പുലക്കാരും ചേർന്ന് ബലിയിടണം. ഇവർ മറ്റ് മനുഷ്യരെ സ്പർശിച്ചുകൂടാ. പതിനൊന്നാമത്തെയോ പതിമൂന്നാമത്തെയോ ദിവസമാണ് ശൗണ്ഡികർക്ക് പുലാശൗചം. പുലകുളിയുടെ ദിവസമെത്തിയാൽ കർമ്മങ്ങൾക്കുശേഷം തന്ത്രിയിൽനിന്നും വാങ്ങിയ എണ്ണയും

പാലും ഉപയോഗിച്ച് കുളിച്ച് വിധിപോലെ വീട്ടിലെ ഷഡംഗകർമ്മം നിർത്തേണ്ടതാണ്. ദീക്ഷയില്ലെങ്കിൽ അന്നത്തെ പിണ്ഡം പട്ടുകൊണ്ട് മൂടി ഉത്തമാംഗത്തിൽ വഹിച്ചുകൊണ്ട് ബന്ധുക്കളോടും വാദ്യം വിളക്ക് കുട എന്നിവയുടെയും അകമ്പടിയോടെ സമുദ്രത്തിലോ തീർത്ഥത്തിലോ ചെന്ന് തന്ത്രിയുടെ നിർദ്ദേശാനുസാരം കർമ്മങ്ങൾ ചെയ്ത് പിണ്ഡം ആ ജലത്തിൽ ഒഴുക്കി കഴിവിനനുസരിച്ച് സജ്ജനങ്ങളായ ബ്രാഹ്മണർക്ക് ദാനങ്ങൾ നൽകി തിരിച്ച് സ്വസ്ഥാനത്തേക്ക് മടങ്ങിപ്പോകേണ്ടതാണ്. തന്ത്രികൾക്കും സ്വജനങ്ങൾക്കും വസ്ത്രം, സ്വർണ്ണം മുതലായവ ദാനം ചെയ്യുകയും ബന്ധുക്കൾ, മറ്റ് അന്യന്മാരായ ജനങ്ങൾ എന്നിവർക്ക് അന്നദാനാദികൾ ചെയ്യുകയും വേണം. ഒടുവിൽ പുല തീർത്ത് പഞ്ചഗവ്യം പാനം ചെയ്താൽ തൽക്കാലം പുലാശൗചം പൂർത്തിയാവുന്നു. ശേഷം സംവത്സരകർമ്മത്തെ പറയുന്നു. വിശേഷമായി വീട്ടിൽ ശ്രാദ്ധമൂട്ടേണ്ടതാണ്. സംവത്സരദീക്ഷയിലാണെങ്കിൽ സപിണ്ഡകൻ പിണ്ഡം സമർപ്പിക്കുകയോ പുലവീട്ടുകയോ ചെയ്തുകൂടാ. മേൽപറഞ്ഞ വിധി ദീക്ഷയില്ലെങ്കിൽ ചെയ്യേണ്ട കർമ്മമാണ്. വത്സരദീക്ഷ മരിച്ചയാളുടെ പുത്രൻ ചെയ്യേണ്ടതാണ്. മാതാപിതാക്കൾക്കുള്ള ദീക്ഷ ചെയ്കയാണെങ്കിൽ അന്നദാനവും ഗ്രഹശുദ്ധിയും ചെയ്യുന്നതല്ലാതെ സംസ്കാരം ചെയ്തുകൂടാ. മറിച്ച് മുമ്പത്തെ പോലെ ബലിയാചരിക്കേണ്ടതാണ്. പിന്നെ സംവത്സരാവധിയിൽ ബലിദീക്ഷ ചെയ്യണം. ദീക്ഷയുള്ളയാൾ എല്ലായ്പ്പോഴും ശുദ്ധിയായിരിക്കണം. രാത്രി ഭക്ഷണം കഴിക്കരുത്, ക്ഷൗരം ചെയ്യരുത്, മറ്റുള്ളവർ തരുന്ന ഭക്ഷണം കഴിക്കരുത്. ആണ്ടു തികയും വരെ മാസംതോറും പിതാവ് മരിച്ച സമയത്ത് തന്ത്രിയോടാലോചിച്ച് വിധിയാംവണ്ണം പിണ്ഡം സമർപ്പിക്കേണ്ടതാണ്. കുറിനനുസരിച്ച് ഒന്ന്, ആറ്, പതിനൊന്ന് മാസങ്ങളിൽ തന്റെ ആസ്തിക്കനുസരിച്ചുള്ള അന്നദാനം

ചെയ്യേണ്ടതാണ്. പന്ത്രണ്ടാം മാസത്തിൽ പിതാവ് മരിച്ച നക്ഷത്രം വരുന്ന ദിവസം ദീക്ഷിതാവായ പിണ്ഡകൻ പിണ്ഡം സമർപ്പിക്കേണ്ടതാണ്. അന്ന് തന്ത്രിയോടും ബന്ധുമിത്രാദികളോടും മുമ്പ് പറഞ്ഞതുപോലെ തീർത്ഥത്തിലോ നദിയിലോ പിണ്ഡമൊഴുക്കി ബ്രാഹ്മണർക്ക് ഗോദാനം, ഭൂമിദാനം, തിലദാനം എന്നിവ ചെയ്യണം. പിന്നെ വീട്ടിൽ മടങ്ങിയെത്തി തന്ത്രിക്ക് വസ്ത്ര-സ്വർണ്ണാദി ദാനവും ബന്ധുമിത്രാദികൾക്കും മറ്റുള്ളവർക്കും അന്നദാനാദികളും കൊടുത്ത് അവരെ പൂജിക്കേണ്ടതാണ്. പിറ്റേദിവസമോ മൂന്നാം ദിവസമോ അഞ്ചാം ദിവസമോ പുല സമർപ്പിക്കുകയും ക്ഷൗരം ചെയ്യുകയും പഞ്ചഗവ്യം സേവിക്കുകയും ചെയ്ത് പിണ്ഡകർത്താവ് ശുദ്ധിവരുത്തേണ്ടതാണ്. പിന്നെ സംവത്സരം തോറും പിതൃക്കൾക്ക് മോക്ഷം കിട്ടുന്നതിനായി ശ്രാദ്ധം, അമാവാസി ബലി എന്നിവ ചെയ്യേണ്ടതാണ്. ഏത് മാസത്തിലെ ഏത് നക്ഷത്രത്തിലാണ് താതൻ മരിച്ചിരിക്കുന്നത് ആ മാസത്തിലോ അതേ തീയതിയിലോ നക്ഷത്രത്തിലോ ശ്രാദ്ധം കഴിക്കേണ്ടതാണ്. പിന്നെ മരിച്ചയാൾക്ക് മോക്ഷം ലഭിക്കുവാൻ ക്ഷേത്രപിണ്ഡവും ചെയ്യണം. ഇങ്ങനെ ക്ഷേത്രപിണ്ഡവും കൂട്ടി പതിനെട്ടു പിണ്ഡവും ചെയ്യുന്നവരുടെ പിതൃക്കൾ കൈവല്യാനന്ദം പ്രാപിച്ച് സുഖിക്കുമെന്ന് പറഞ്ഞുകൊണ്ട് ശൗണ്ഡികന്മാരുടെ ആശൗചം അവസാനിക്കുന്നു.

നായർ ജാത്യാചാരവിധി

കൊല്ലവർഷം 1079-ൽ (പൊതുവർഷം 1904) കൊല്ലം വിദ്യാഭിവർദ്ധിനി അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ട കൃതിയാണ് നായർ ജാത്യാചാരവിധി. പുതുശ്ശേരിമഠത്തിൽ സുബ്രഹ്മണ്യൻ കേശവൻ നമ്പ്യാതി എന്നൊരാളാണ് ഗ്രന്ഥകർത്താവ്. തെക്കൻ കേരളത്തിലെ കൊല്ലം ജില്ലയിൽ ശാസ്താംകോട്ടയാണ്

പുതുശ്ശേരിമഠം സ്ഥിതി ചെയ്യുന്നത്. ശാസ്താംകോട്ട ശ്രീധർമ്മശാസ്താക്ഷേത്രത്തിന്റെ കാരാണ്മസ്ഥാനം പുതുശ്ശേരിമഠത്തിന്റെ അവകാശമാണ്. കൊല്ലം ജില്ലയിലെ തന്നെ തേവലക്കരയിലുണ്ടായിരുന്ന തടത്തിവള ഇല്ലം അന്യംനിന്നു പോവുകയും സ്വത്തുക്കളെല്ലാം പുതുശ്ശേരിമഠത്തിലേക്ക് ലയിക്കുകയും ചെയ്തുവെന്നാണ് പഴമക്കാർ പറയുന്നത്. നിലവിൽ പുതുശ്ശേരിമഠത്തിൽ ജീവിച്ചിരിക്കുന്നവർക്ക് സുബ്രഹ്മണ്യൻ കേശവൻ നമ്പ്യാതി എന്നൊരാളെ പറ്റി യാതൊരു വിവരവും അറിവില്ല. എന്തായാലും നായന്മാരുടെ പുരോഹിതനാണ് നമ്പ്യാതി എന്നതിൽ സംശയമില്ല.

ശൂദ്രന് കർമ്മാധികാരമില്ലെന്ന് പറയുന്നത് ശരിയല്ലെന്നും ഭൂമിയിൽ കർമ്മമില്ലാത്ത മനുഷ്യരില്ലെന്നും പറഞ്ഞുകൊണ്ടാണ് ഗ്രന്ഥാരംഭം. തങ്ങൾ ബ്രഹ്മജ്ഞാനം ഗ്രഹിക്കാനുള്ള വിധികളൊന്നും ആചരിക്കാതെ ബ്രാഹ്മണാദികൾക്ക് പാദശുശ്രൂഷചെയ്ത് കാലം കഴിച്ചതോർത്ത് ശോകിക്കുന്നത് (കരയുന്നത്) കേട്ട ബ്രാഹ്മണർ ശൂദ്രൻ എന്ന് അവർക്ക് പേരിട്ടുവെന്ന് പറയുന്നു *"ശുക് ദ്രവതി പദം യോജിച്ചിഹ ശൂദ്രനിതെന്നൊരു പേരുകല്പിച്ചു ബ്രഹ്മജ്ഞരായ ബ്രാഹ്മണരപ്പഴെ"*. ബ്രഹ്മവൃത്തിക്കൊരുമ്പെട്ടാൽ നിന്ദ്യവൃത്തി ത്യജിക്കണം, ക്ഷത്ര്യവൃത്തി മഹാദുഃഖം, വൈശ്യവൃത്തി സുഖപ്രദം, ശൂദ്രവൃത്തി സ്വകർമ്മാഢ്യം എന്നത്രേ. ഭാരതത്തിൽ കേരളമൊഴിച്ചുള്ള നാട്ടുകളിലെല്ലാം വസിക്കുന്ന ശൈവരായ ശൂദ്രരെല്ലാം ശിവപൂജാർഹതന്മാരും വിവാഹത്തിൽ പാതിവ്രത്യം സേകസീമന്തം മുതലായ ക്രിയകളും പിതൃകർമ്മവും വ്രതം സന്യാസം മുതലായ കർമ്മങ്ങളും ചെയ്ത് ഐകമത്യത്തോടും ഭക്തിയോടും വസിക്കുന്നവരാണ്. കേരളത്തിലെ ശൂദ്രർ ദേവാംശജാതരാണെന്ന് പറഞ്ഞുകൊണ്ട് കേരളത്തിലെ

ശൂദ്രരുടെ/നായന്മാരുടെ വിസ്തരിച്ചുള്ള ഉത്പത്തികഥനമാണ് അടുത്തത്. മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമൻ ക്ഷത്രിയന്മാരെ മുടിച്ചശേഷം വീരഹത്യ നിമിത്തം നഷ്ടമായകേരളത്തെ പുഷ്ടിപ്പെടുത്തുവാനാനുദ്ദേശിച്ച് ബ്രാഹ്മണക്ഷേമത്തിനായി സാമ്രാട്, ആഢ്യൻ, വിശിഷ്ടൻ, സാമാന്യൻ, ജാതിമാത്രകൻ ശാപഗ്രസ്തൻ, തപ്തൻ, പാപി എന്നിങ്ങനെ എട്ട് തരം പദവികൾ കല്പിച്ച് ജനനത്തിനു ശേഷവും മരണത്തിനു ശേഷവും ചെയ്യേണ്ടുന്നതായ ഷോഡശകർമ്മങ്ങൾ ബ്രാഹ്മണർക്ക് നിർദ്ദേശിച്ചു. ശേഷം പരശുരാമൻ പുണ്യകർമ്മാക്കളായ ബ്രാഹ്മണരുടെ ശുശ്രൂഷയ്ക്കായി ദേവാംശജാതരായ ശൂദ്രന്മാരെ കുടുംബസമേതം കേരളത്തിലേക്ക് കൊണ്ടുവരികയും അവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. എന്നാൽ അന്യർക്ക് സേവചെയ്യുവാനും നിന്ദ്യവൃത്തിയെടുക്കാനും ഞങ്ങൾക്ക് കഴിയില്ലെന്ന് ശോകരോദനങ്ങളോടെ അവരിൽ ചിലർ പരശുരാമനോട് പറയുകയുണ്ടായി. ശോകരോദനങ്ങൾ കാരണമായി അവരെ പരശുരാമൻ ശൂദ്രരെന്ന് പേരുവിളിക്കുകയും സമാശ്വസിപ്പിച്ചുകൊണ്ട് നായകത്വം കൊടുക്കുകയും ചെയ്തു. ഒപ്പം ദേവസ്വം ഭൂമിയും ബ്രഹ്മസ്വത്തുമെല്ലാം നന്നായി പരിപാലിക്കണമെന്നും യാഗാദികർമ്മങ്ങളിൽ സന്നാഹമായി നിന്നുകൊണ്ട് ക്രിയകൾക്കുള്ള സാധനങ്ങൾ ഭക്തിപൂർവ്വം ശേഖരിച്ചൊരുക്കിക്കൊടുക്കണമെന്നും മുന്നിൽ നിന്നുള്ള ശുശ്രൂഷകൾക്കൊക്കെ നേതൃത്വം വഹിക്കണമെന്നും ഷോഡശകർമ്മങ്ങളുടെ സഹായികളായി പരിയപ്പാടെന്ന വൃത്തിയിൽ ബ്രാഹ്മണരോടു ചേർന്ന് വാണീടണമെന്നും അദ്ദേഹം കല്പിച്ചു. പരശുരാമൻ വീരഹത്യചെയ്തതിലുണ്ടായ പാപം ശമിക്കുവാനായി കേരളത്തിൽ ഏറെ സുകൃതങ്ങൾ ചെയ്തശേഷം മാതൃഹത്യാപരാധം നീക്കുവാനായി മാതൃപ്രീതിക്കു വേണ്ടി

മലയാളത്തിൽ മാതൃപരമ്പരയായി ധർമ്മാചരണം നടത്തണമെന്നും പാതിവ്രത്യം ബ്രാഹ്മണർക്കല്ലാതെ മറ്റാർക്കും വേണ്ടെന്നും വ്യവസ്ഥയുണ്ടാക്കി. ശേഷം കേരളത്തെ പതിനെട്ടംശങ്ങളുള്ള നാട്ടുരാജ്യമാക്കുകയും പ്രഭുക്കന്മാരായ നായന്മാരെയും ബ്രാഹ്മണരെയും രാജ്യം പാലിക്കുവാനേല്പ്പിക്കുകയും ചെയ്തുകൊണ്ട് പരശുരാമൻ തപസ്സിനായി കേരളം വിട്ടുപോയി. കാലക്രമേണ നാട്ടിലുള്ള ജനങ്ങളെ പാലിക്കുവാൻ കഴിയാതെവന്ന ബ്രാഹ്മണരും നായന്മാരും ഒത്തുചേർന്നുകൊണ്ട് പരദേശത്ത് പോയി കേരളം ഭരിക്കുവാനായി ചേരരാജ്യത്തുനിന്നും രാജാക്കന്മാരെ കുടുംബത്തോടെ കേരളത്തിലെത്തിക്കുകയും അവർ വാഴുന്ന ഭൂമിയുടെ ആറിലൊന്ന് കരം നിശ്ചയിച്ച് രാജാക്കന്മാർക്ക് നല്കുകയും ചെയ്തു.

ശേഷം ശൂദ്രരുടെ വിഭാഗങ്ങൾ വിവരിക്കുന്നു. വന്നുചേർന്ന ശൈവരായ ശൂദ്രരിൽ ചിലർ രാജാക്കന്മാരോടൊപ്പം അവരുടെ ക്രിയകൾക്ക് സഹായിക്കുവാൻ പരിയപ്പാടായി ചേരുകയും സ്വരൂപക്കാർ എന്നറിയപ്പെടുകയുമുണ്ടായി. പിന്നെ ചിലർ രാജഭണ്ഡാരം കാത്തുസൂക്ഷിച്ചുകൊണ്ട് സേവകന്മാരായി നീതിപൂർവ്വം വസിക്കുന്നവർക്ക് നായർ എന്നാണ് പേര്. ഇല്ലത്തു ചേർന്നവരൊക്കെ ഇല്ലാക്കാരെന്ന് അറിയപ്പെടുന്നു. ഇല്ലത്തെ പരിയപ്പാടിൽ നിന്നും വേർപെട്ട ശൂദ്രരും കേരളത്തിൽ നായന്മാർ തന്നെ. ഇതുകൂടാതെ ഉത്തര കേരളത്തിൽ കർത്താ, കമ്മള്, മാടമ്പി, കിരിയത്ത്, പ്രഭു എന്നിങ്ങനെ ഉത്തമശൂദ്രരായിരിക്കുന്നവർക്ക് മറ്റു ശൂദ്രന്മാരുമായി ചേർച്ചയില്ല. ബ്രാഹ്മണ ഭവനങ്ങൾക്ക് സമമാണ് ഇവരുടെയെല്ലാം ഗൃഹശുദ്ധി. മത്സ്യമാംസാദികൾ വർജ്ജിച്ചവരും വർജ്ജിക്കാത്തവരും ഇണക്കമുള്ളവരും ഇല്ലാത്തവരും ഉണ്ട് ഇവർക്കിടയിൽ.

ഇളയതുമാർ പ്രത്യേകം വച്ചുണ്ടാക്കിയ ഹവിസ്സുകൊണ്ട് ബലി നൽകി ദക്ഷിണയും വാങ്ങി പരസ്യമായി ഭക്ഷിക്കും. അതുകൊണ്ട് ഇളയതുമാരോടൊത്ത് നമ്പിടിമാർ, ദക്ഷിണകേരളത്തിലെ നമ്പ്യാതിമാർ എന്നിവർ തമ്മിൽ ക്രിയകളൊന്നും ഒന്നിച്ച് ചെയ്യുന്നവരല്ല. ഉന്നതന്മാരല്ലതെയുള്ള ശൂദ്രർക്ക് പിണ്ഡം വയ്പ്പിക്കുകയും ക്രിയകൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നതിനാൽ മദ്ധ്യകേരളത്തിലുള്ള ഇളയതുമാരിൽ ചിലരെ രണ്ടാംതരക്കാരായി കണക്കാക്കി വരുന്നു. എങ്കിലും നായർ ജാതിക്കാരായ ഇല്ലക്കാർ, സ്വരൂപക്കാർ, ഇല്ലത്തുനിന്നു ദത്തേല്ക്കുന്ന പാദമംഗലക്കാർ എന്നുതുടങ്ങി എല്ലാവർക്കും ശ്രാദ്ധവും ശുദ്ധപിണ്ഡവും മറ്റ് ക്രിയകളുമെല്ലാം നടത്തിക്കൊടുക്കുന്നത് ഇളയതുമാരാണ്. നായർ മുതൽ പാദമംഗലർ വരെയുള്ളവരെല്ലാം സച്ശൂദ്രരായതിനാൽ അവർ ചെയ്യേണ്ട കർമ്മങ്ങൾക്കൊന്നും ഭേദമില്ല. രാജസാമീപ്യവാസന്മാരായ നായർ ജാതികളിൽ നാലിലൊന്ന് ക്ഷയിച്ചപ്പോൾ ശേഷിക്കുന്ന മൂന്നു സംഘങ്ങളിൽ പ്രത്യേകിച്ച് ഭേദങ്ങളൊന്നുമില്ല. ശൂദ്രന്മാർ ക്രിയകളിലും മറ്റും ശുദ്ധിയും വൃത്തിയും പാലിച്ചിരിക്കണം. ശൂദ്രനു ശുദ്ധിയില്ലെങ്കിൽ ബ്രാഹ്മണക്ഷത്രിയാദികളായ ജാതികൾക്കാർക്കും ശുദ്ധിയുണ്ടാവില്ല. പരദേശബ്രാഹ്മണരാരും തന്നെ കർമ്മങ്ങളിൽ ശൂദ്രനെ ഉൾക്കൊള്ളിക്കാറില്ല. എന്നാൽ മലയാളബ്രാഹ്മണർക്കാകട്ടെ ശേഷക്രിയ, ആർത്തവസ്നാനശുദ്ധി, പ്രസവശുദ്ധി എന്നിവ ശൂദ്രനില്ലാതെ നടത്തിയാൽ പുനരാവർത്തി വേണ്ടിവരും. അതിനാൽ ദേഹശുദ്ധി മുതലായ വൃത്തികൃത്യങ്ങൾ മുഴുവനും പതിവായി ബ്രാഹ്മണാചാരവിധിപോലെ ചെയ്യണം. നിത്യസ്നാനമില്ലാത്ത ശൂദ്രൻ ചണ്ഡാലതുല്യനത്രേ. എല്ലാദിവസം വസ്ത്രം രണ്ടും നനച്ചിട്ടു കുളിക്കണം. തോർത്തുമുണ്ടുകൊണ്ട് ദേഹം തുടച്ചു വേണം മറ്റു വസ്ത്രം ധരിക്കുവാൻ ശേഷം

സൂര്യനാരായണധ്യാനം ചെയ്ത് ഭസ്മമിട്ട് പഞ്ചാക്ഷരം ജപിക്കുകയും വേണം. ക്ഷേത്രത്തിൽ പ്രദക്ഷിണം നടത്തിയിട്ടേ ഭക്ഷണം കഴിക്കാവൂ.

ആർത്തവകാലത്തായിരിക്കുമ്പോൾ സ്ത്രീകൾ കാലും മുഖവും കഴുകുന്നതു കൂടാതെ നവദ്വാരങ്ങളും മണ്ണു തേച്ച് (മൃത്തികാലേപനം) വെള്ളം കൊണ്ട് വൃത്തിയാക്കി വസ്ത്രം കുത്തി നന്നായുടുത്ത് മൂന്ന ദിവസം പ്രത്യേകമായി വേറിട്ട് താമസിക്കണം. ആരുമായും സംസർഗ്ഗമില്ലാതെ നിലത്ത് കിടക്കണം. എരിവ്, ക്ഷാരരസം, പുളിരസം എന്നിവ ഭക്ഷിക്കരുത്. യവം, പെരുങ്കായം, കാരെള്ള്, ഉഴുന്ന് മുതലായവ കൂട്ടിയുണ്ണണം. രാത്രി ഭക്ഷണത്തിന മുമ്പും ശേഷവും പാംസു (ഉപ്പ്/പൊടി എന്നൊക്കെ അർത്ഥം) കലർന്ന ചൂടുവെള്ളം കുടിക്കണം. പകൽ മുഖം താഴ്ത്തി വേണം നടക്കുവാൻ. രണ്ടും മൂന്നും ദിവസങ്ങളിൽ കുളി അരുത്. നാലാം ദിവസം കുളിക്കേണ്ട വിധി ഇനി പറയുന്നു. രാവിലെ എഴുന്നേറ്റ് മാവിലകൊണ്ട് പല്ലുതേച്ച് നാവുവടിച്ച് കുഴമ്പും തൈലവും പുരട്ടി താളിയും വാഹയും ഇഞ്ചയും മഞ്ഞളുമെടുത്ത് തോഴിയോടൊപ്പം മുങ്ങിക്കുളിക്കണം. ഈറനുടുക്കാനുള്ള വെള്ളവസ്ത്രവും ഉത്തരീയവുമടക്കം ഉടുക്കാനായി രണ്ടു വസ്ത്രം കരുതണം. ചുണ്ണാമ്പും വെറ്റിലയും അടയ്ക്കയും പുകയിലയും എടുത്തുകൊണ്ട് കൂട്ടുകാരിയും താനും കൂടി കൊക്കരണി, കുളം, നദി എന്നിവയിൽച്ചെന്ന് കൈകൊണ്ട് മണൽ വാരി വെള്ളത്തിൽ വീശണം. അതു വീഴുന്നതിനറ്റത്ത് നിന്നു കുളിക്കണം. തോഴി പിഴിഞ്ഞു കൊടുത്താൽ അത് തേക്കണം. വാഹയും തേച്ച് പിന്നാലെ വേണം ഇഞ്ച മുതലായവ തേക്കുവാൻ. ദേഹശുദ്ധി വരുത്തിയാൽ തോഴിയോടൊപ്പം വെള്ളത്തിലിറങ്ങി തോഴിയെ പിന്നിൽ നിർത്തി തീണ്ടാമുണ്ടോടുകൂടി ഏഴുതവണ മുങ്ങണം. പിന്നെ ആ മുണ്ട് വെള്ളത്തിലിട്ട് മണ്ണാത്തിമാറ്റുടുത്ത് തീണ്ടാമുണ്ട് മാറ്റി

പന്ത്രണ്ടുതവണ മുങ്ങണം. കുളിച്ച് ശുദ്ധിയായ ദാസിയിൽനിന്നും തോർത്തുമുണ്ട് വാങ്ങിയുടുത്ത് മൂന്നുതവണ മുങ്ങി കരയ്ക്കുകയറി സർവാംഗവും മഞ്ഞൾ തേച്ചുകുളിക്കണം. ശേഷം ദാസിയിൽ നിന്നും മറ്റൊരു തോർത്ത് വാങ്ങി നനച്ച് അഞ്ച് തവണ മുങ്ങിനിവർന്ന് ഇരുകൈകളും മറച്ചുപിടിച്ചുകൊണ്ട് സൂര്യനെ നോക്കണം. അറിഞ്ഞും അറിയാതെയും വരുന്ന ദുരിതങ്ങളെ അകറ്റുവാനാണത്. ശേഷം നിന്ദ്യങ്ങളായ വസ്ത്രങ്ങൾ അലക്കുകാരന് നൽകി ദാസിയും കുളിച്ച് ശുദ്ധമായി രണ്ടുപേരുംകൂടി കരയ്ക്കുകയറി തോർത്തി വെളുത്ത വസ്ത്രങ്ങൾ ധരിക്കണം. ഉത്തരീയം മാറോടൊത്ത് ബന്ധിക്കണം. പിന്നെ കുങ്കുമം ചാർത്തി തീണ്ടാനാഴി പിഴിഞ്ഞ് ചന്ദനമണിഞ്ഞ് താംബൂലം ചവച്ച് കൂട്ടുകാരോടും മറ്റുള്ളവരോടും തമാശകളും മറ്റ് നേരമ്പോക്കുകളും പറഞ്ഞ് വീട്ടിലെത്തി യഥേഷ്ടം ഭക്ഷണം കഴിച്ച് ദശപുഷ്പം ചൂടി കുടപ്പുമുറിയിൽ പ്രവേശിക്കണം. അഞ്ജനമെഴുതി അന്യനെ സ്മരിക്കാതെ ഭർതൃഭക്തിയോടെയിരിക്കണം. ഇപ്രകാരമല്ലാതെ മറ്റേതെങ്കിലും വിധത്തിൽ സ്നാനം ചെയ്യുന്നത് ഉചിതമല്ല. തീണ്ടായിരുന്ന നാലാം നാൾ കുളിക്കുന്ന ദിവസം ബലികർമ്മങ്ങളോ വല്ല വ്രതങ്ങളോ വന്നുചേരുന്നുവെങ്കിൽ അത് അനുഷ്ഠിക്കാവുന്നാതാണെന്ന് ശാസ്ത്രവചനമുണ്ട്. ഇത്രയുമാണ് സച്ഛൂദ്രരായവർക്കുള്ള കർമ്മങ്ങൾ.

ഇനി ജനനം തൊട്ടുള്ള വിധികളെപ്പറ്റി പറയുന്നു. ജനിച്ചയുടൻ പൊക്കിൾക്കൊടി മുറിച്ച് മുലപ്പാൽ കൊടുക്കണം. പിന്നെ നക്ഷത്രമാസാന്ത്യത്തിലെ പൂർവാഹ്നത്തിൽ ശുഭമുഹൂർത്തത്തിൽ അമ്മയും ബന്ധുക്കളും കൂടി പുത്രനെയും കൊണ്ട് മുന്നിൽ അഷ്ടമംഗല്യമേന്തിയ സ്ത്രീകളും കന്യകമാരും അകമ്പടിയായി പുറത്തിറങ്ങി പഞ്ചഭൂതങ്ങളിൽ പൂർവമായിരിക്കുന്ന ആകാശത്തെ

ബാലനെ കാണിക്കണം. ഇതിന് നിഷ്ക്രാമണക്രിയ എന്ന് പറയുന്നു. മുറ്റത്തു വെച്ച് അമ്മ ചെവിയിൽ പേരുവിളിച്ച ശേഷം മറ്റുള്ളവരെല്ലാം ആ പേര് വിളിക്കും. ഇതിന് നാമകർമ്മം എന്ന് പറയുന്നു. പിന്നെ അഞ്ചാമത്തെ തിങ്കൾ കഴിഞ്ഞുള്ള ശുഭമുഹൂർത്തത്തിൽ അന്നപ്രാശനകർമ്മം നടത്തണം. വർഷം തികയുന്ന ജന്മനാളിൽ ഗണപതിഹോമം നിർവഹിച്ച്, അന്നദാനം മുതലായായവ നടത്തുന്നതിന് വാർഷികോത്സവയജ്ഞം എന്ന് പറയുന്നു. മൂന്നാമാണ്ടിൽ ക്ഷൗരകർമ്മം നടത്തണം. പിന്നെ കർണ്ണവേധം, വിദ്യാരംഭം മുതലായ കർമ്മങ്ങൾ നിർവഹിക്കേണ്ടതാണ്.

പിന്നെ സ്ത്രീകൾ നവഗർഭം ധരിച്ച് മൂന്നാം മാസം വരുന്ന ദ്വാദശീപൗർണ്ണമിയിൽ പുണ്യാഹമേറ്റ പഞ്ചഗവ്യം കഴിക്കുന്നതിനെ അപത്യാവനമെന്ന് പറയുന്നു. ഏഴാമത്തെ തിങ്കളിൽ സീമന്തകർമ്മം നടത്തണം. പിന്നെ പെൺകുട്ടിയെ പ്രസവിച്ചാൽ അവൾ വിവാഹം ചെയ്ത ശേഷം തിരണ്ടാൽ അത് ശുദ്ധിയത്രേ. വിവാഹം ചെയ്ത പുരുഷന്റെ അധീനത്തിലിരുന്ന് തന്നെ ലൈംഗികബന്ധത്തിലേർപ്പെടണമെന്ന നടപ്പ് കേരളത്തിലില്ല. അതുകൊണ്ട് അന്യരായ ഉന്നതജാതിക്കാർ സ്വജാതിക്കാർ എന്നിവർ പുടവകൊടുത്ത് ഭാര്യയായി സ്വീകരിക്കുന്നു. ഇതിനെ വസ്ത്രദാതവ്യകർമ്മം എന്ന് പറയുന്നു. അതിനുശേഷം അവർ തമ്മിലുള്ള സംയോഗത്തെ സേകകർമ്മമെന്ന് പറയുന്നു. ഇത്തരത്തിൽ നിരവധിയായ കർമ്മങ്ങൾ ശൂദ്രനുമുണ്ട്. മാതൃ-മാതുല-ഭാഗിനേയ്യാദികളായ സ്വജനങ്ങൾ മരിച്ചാലും ശൂദ്രന് ഷോഡശക്രിയകളുണ്ട്. കൂടാതെ യജ്ഞം, പൂജ, വിപ്രഭക്തി, ദശദാനം, കാർപ്പാസപഞ്ചകം, തിലദാനം, പ്രതിഗ്രഹം, സർപ്പശ്രാദ്ധം, തിലഹോമം, ഷഷ്ടിപൂർത്ത്യശീതിധാര, ദേവാരാധന തുടങ്ങിയവയെല്ലാം

വിപ്രന്മാരെക്കൊണ്ട് ചെയ്യിക്കുന്നതാണ്. ദേവകാര്യം, ബ്രാഹ്മഭക്തി, തീർത്ഥയാത്ര എന്നീ കർമ്മങ്ങളൊക്കെയും ശൂദ്രന്മാർ വളരെ ഭക്തിയോടെ അനുഷ്ഠിക്കാറുമുണ്ട്. എന്നിട്ടും നവമത്തിലും മഹാഭാരതം ശാന്തിപർവ്വത്തിലുമെല്ലാം ശൂദ്രന് കർമ്മമില്ലെന്ന് തുഞ്ചത്തെഴുത്തച്ഛൻ പറഞ്ഞത് അത്ഭുതമായിരിക്കുന്നു. നിരപ്പില്ലാതെ തുഞ്ചൻ പറഞ്ഞ അബദ്ധത്തെ പരിഷ്കാരികളായ മനുഷ്യർക്ക് സ്വീകരിക്കാൻ സാധിക്കില്ല എന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം സമാപിക്കുന്നു.

ശേഷം വിവാഹകർമ്മത്തെ പറ്റി വിവരിക്കുന്നു. കന്യക ബാലഭാവം വെടിയുന്നതിനിപ്പുറം അമ്മാവൻ, അച്ഛൻ, ബന്ധുക്കൾ, പ്രമാണിമാർ, തദ്ദേശവാസികൾ എന്നിവരൊത്തുകൂടി വിവാഹം നിശ്ചയിക്കുന്നതിനായി ജനങ്ങളെ മുൻകൂട്ടി ക്ഷണിച്ചുവരുത്തേണ്ടതാണ്. പിന്നെ അമ്മാവൻ പൊരുത്തം നോക്കുന്നതിനായി കന്യകയുടെ ജാതകം ഗണികനെയേല്പിക്കുന്നതിനുവേണ്ടി ഒരു തളികയിൽ വെറ്റിലയും അടയ്ക്കയും ചേർത്ത് വെക്കുന്നു. എന്നിട്ട് വന്നിരിക്കുന്ന സ്ഥാനീയപ്രമാണിമാരടങ്ങുന്നവരെ വന്ദിച്ച് തന്റെ സന്താനസംഘങ്ങളായ കുട്ടികളുടെ മംഗല്യധാരണം ചെയ്യിക്കുവാനുള്ള മുഹൂർത്താദികൾ നിശ്ചയിക്കാനായി ജാതകം ഗണികനെയേല്പിക്കണം എന്ന് പറയുന്നു. അപ്പോൾ അവരിലാരെങ്കിലും ജാതകമെടുത്ത് മാതാവിന്റെ പേരോടുകൂടി കന്യകയുടെ പേരെഴുതി വാഴയിലയിൽ വെച്ച് താംബൂലാദികളോടെ ഗണികനെയേൽപ്പിക്കണം. അപ്പോൾ തന്നെ സർവദോഷങ്ങളുമകന്നുള്ളൊരു മുഹൂർത്തം നോക്കിയുറപ്പിച്ച് വിവാഹപ്പന്തൽ, മണ്ഡപം മുതലായവ കെട്ടിയൊരുക്കുവാനുള്ള ദിവസം ചാർത്തി വാങ്ങണം. ശേഷം വിവാഹത്തിന്റെ ഒരുക്കങ്ങൾക്കായി ബന്ധുവർഗ്ഗാദി സർവ്വരും

ഒത്തുചേരുവാനായി പിന്നെ ഒന്നുകൂടി ക്ഷണിക്കണം. പന്തൽ കെട്ടുവാൻ കന്നിരാശിയിൽ പാല, പ്ലാവ്, അമ്പഴം, ഞാവൽ തുടങ്ങിയ ഏതെങ്കിലും മരംകൊണ്ടുള്ള തൂൺ സ്ഥാപിച്ച് അതിൽ മഞ്ഞൾ പൂശിച്ച്, ഭസ്മം, ചന്ദനം ചാർത്തി, ആലിന്റെ കുഴ, മാവില, വെറ്റില, കമുകിൻ പൂവ്, തെറ്റിപ്പൂവ്, തുളസിയില എന്നിവ കുരുത്തോലകളിൽ ചേർത്തുകെട്ടി മൂന്നിടത്തും ബന്ധിക്കണം. ശേഷം നിലവിളക്ക്, നിറപറ, നാളികേരം, മലര്, കദളിപ്പഴമെന്നിവ ഗണനാഥനായ് ഒരുക്കണം. സ്വർണ്ണമൂതിപ്പഴപ്പിച്ച കണ്ഠസൂത്രമൊരുക്കുവാൻ മറ്റൊരു ഭാഗത്തും ഇപ്രകാരം തന്നെ ഗണനാഥന വേണ്ടി ഒരുക്കേണ്ടതാണ്. രണ്ടും വെവ്വേറെ പൂജിച്ച് നാളികേരമുടച്ച് പൂജസമർപ്പിച്ചാൽ വരുന്ന ശുഭരാശിയിൽ തൂൺ സ്ഥാപിച്ച്, സ്വർണ്ണമുരുക്കി, നെല്ല് പുഴുങ്ങുക മുതലായ ഓരോ കാര്യങ്ങളും ആ മുഹൂർത്തത്തിലാരംഭിക്കണം. ചാർത്തുകളെല്ലാം താംബൂലാദികളോടൊപ്പം വന്നുചേർന്ന അധ്യക്ഷരടങ്ങുന്ന സഭയിൽ കർത്താവായ അമ്മാവൻ വയ്ക്കണം. കന്യകയ്ക്കനുരൂപനായ മണവാളരെ അപ്പോൾ ആലോചിക്കുകയും ചാർത്തുകളിൽ പറഞ്ഞ നാളും കുറുമോർത്തു മണവാളരുടെ കൈപിടിക്കുകയും വേണം. പിന്നെ കല്യാണക്കാര്യത്തിനായുള്ള എല്ലാ പദാർത്ഥങ്ങളും സംഭരിക്കുവാൻ പറഞ്ഞ് യഥാക്രമം സദ്യക്കുള്ള ലിസ്റ്റുണ്ടാക്കണം. മംഗല്യധാരണം ചെയ്യുന്ന ദിവസത്തിന് മുമ്പ് യഥോചിതം ജനങ്ങളെ ക്ഷണിക്കണം. പിന്നെ എല്ലാവരും വന്നുചേർന്നതിനുശേഷം മണവാളന്മാരെ സൽക്കരിച്ച് വരുത്തുവാൻ ഗൃഹസ്ഥന്റെ ഇളയസഹോദരിയെ ഏല്പ്പിക്കണം. ക്ഷൗരകർമ്മം, വസ്ത്രാലങ്കാരം എന്നിവ നടത്തി അയനിയൂണിനുള്ള ഉപദംശങ്ങൾ കന്യകയുടെ വീട്ടിൽ നിന്നും കൊണ്ടുവന്ന് യഥാസുഖം കഴിക്കണം. കന്യകാമണവാളന്മാർ ചാർത്തേണ്ട മന്ത്രകോടിയിൽ നിന്ന് നൂലെടുത്ത് കണ്ഠസൂത്രത്തിൽ കോർത്ത് ഒരു ചെപ്പിലിട്ടടച്ച് സൂക്ഷിക്കേണ്ടതാണ്. പന്തൽ തൂത്തുതെളിച്ച്

ദക്ഷഭാഗത്തെയൊരുക്കണം. ദീപം, അക്ഷതം, നിറപറ, പുതുമലർ, പഴം, മോദകം, നെയ്യ്, ഗുളം എന്നിവ നിറച്ചും കൂട്ടിവെക്കേണ്ടതാണ്. അവിടെ ഇടത്തുഭാഗത്തായി പലകയിൽ നിറമുള്ള തുണിവിരിച്ച് പുഷ്പാക്ഷതങ്ങൾ വെച്ചതിന്റെ പൂർവഭാഗത്തായി പെണ്ണോരോന്നിന് ഈരണ്ട് വാഴയില വെച്ച് അതിൽ വെള്ളം തളിച്ച് തുടച്ച് നെല്ല് കൂട്ടിയിട്ട് അതിന് മുകളിൽ ഇലവെച്ച് അരിയും നാളികേരവും വെക്കണം. പിന്നെ പൂവ്, പൂക്കുല, പഴം, വെറ്റില, പാക്ക് എന്നിവയും മറ്റും വരിയായി വച്ചൊരുക്കണം. പിന്നെ പന്തലിൽ വിശ്വാമരന്മാരെ സങ്കല്പിച്ചുള്ളൊരു ആസനമൊരുക്കണം. പന്തലിനു മുന്നിൽ വടക്കുകിഴക്കേ കോണിൽ അരിമാവു കലക്കി നിലം അണിയണം. അതിന്റെ മധ്യഭാഗത്തും എട്ടുദിക്കുകളിലും പുഷ്പാക്ഷതങ്ങൾ നിക്ഷേപിച്ചതിന്റെ പൂർവഭാഗത്തായി ഇടവും വലവും രണ്ടു സ്ഥാനം കല്പിച്ച് ഇടതുഭാഗത്ത് വലിയൊരു കുടത്തിൽ വെള്ളം നിറച്ച് വെക്കണം. വലതുഭാഗത്ത് തെങ്ങിൻ പൂക്കുലയോടൊപ്പം അരയാൽക്കുഴയും മാവിലയും ഇന്ദ്രവല്യവും, ധൂപത്തിന് അഗ്നിപാത്രവും കൂടി വെക്കണം. ഈ സ്ഥാനത്തിന് മധ്യത്തിൽ ശ്രീദേവി, പാർശ്വത്തിൽ അരുന്ധതി, വടക്കുകിഴക്കേ കോണിൽ ഋഷിമാരും ആര്യമാവുമെന്നിങ്ങനെ സങ്കല്പിച്ച് ഗണികൻ പറയുന്നതിനനുസരിച്ച് മണവാളന്മാരെ ആനയിച്ച് ഓരോരുത്തർക്കും ഓരോ ബാലനാരിമാർ എന്നിങ്ങനെ നിശ്ചയിച്ച് കുരവ, ദർപ്പണം, ദീപം, കലശം, വസ്ത്രം, അക്ഷതം എന്നിവയോടെ അഷ്ടമംഗല്യമെടുക്കുന്നു. അഷ്ടമംഗല്യത്തിന് പിൻഭാഗത്തായി മണവാളന്മാർ നില്ക്കണം. മണവാളന്റെ ഗോത്രത്തിൽ ജനിക്കാത്ത നാരിമാർ അഷ്ടമംഗല്യമെടുക്കാൻ യോഗ്യരല്ല. അഷ്ടമംഗല്യത്തിന് മുന്നിലായി ബന്ധുക്കൾ, തോഴിമാർ, സ്ത്രീപുരുഷന്മാർ, ബാലകർ, വൃദ്ധന്മാരെന്നിവർ ചേർന്ന് യാത്ര പുറപ്പെടും. ഖഡ്ഗം, ചുരിക, മാല്യം, ഛത്രം, ചാമരം,

വാദ്യഘോഷങ്ങൾ തുടങ്ങിയവയുടെ അകമ്പടിയോടെ വാഹനാരൂഢരായി കന്യകയുടെ വീടിനുമുന്നിലെത്തുമ്പോൾ അലങ്കരിച്ച പാനകൊണ്ടുഴിഞ്ഞ് വാദ്യം, കരധ്വനി, ആർപ്പുവിളി എന്നിവയോടെ എതിരേറ്റ് അകത്തേക്കാനയിച്ച് മംഗല്യമണ്ഡപത്തിന് വലംവച്ച് ചെല്ലുമ്പോൾ കന്യകയുടെ സഹോദരൻ വരന്റെ വലംകയ്യിൽ പിടിച്ച് ദാരുകാസനത്തിലിരുത്തും. ശേഷം കാൽ കഴുകിച്ച് ഗുരുദക്ഷിണയും ചെയ്ത് കന്യകയും വരനും അന്യോന്യം മന്ത്രകോടികൾ ധരിച്ച് മൂന്നുതവണ മണ്ഡപത്തെ പ്രദക്ഷിണം ചെയ്ത് അകത്ത് കയറിയിരിക്കുന്നു. ശേഷം തോഴിമാർ കന്യകയെ മന്ത്രകോടി ഞൊറിഞ്ഞ് ചാർത്തി ആഭരണങ്ങളണിയിച്ച് നാഗവല്ലികളാൽ മുഖം കെട്ടി കാപ്പുകെട്ടിച്ച് ഒരുക്കും. അതിനുശേഷം കന്യാദാനകർത്താവായ മാതുലൻ പരിവാരത്തോടും അഷ്ടമംഗല്യത്തിന്റെ അകമ്പടിയോടും ആയിരം തിരികളോടും കൂടി കന്യകയെ കൊണ്ടുവന്ന് മണവാളന്റെ ഇടതുഭാഗത്തിരുത്തും. ആയിരം തിരികൾ നിക്ഷേപിച്ചിട്ടുള്ള താലമെടുത്ത് വധൂവരന്മാരുടെ മുന്നിൽവെച്ച് ഗണനാഥനെ വന്ദിച്ച് അതിൽ നിന്നൊരു ദീപമെടുത്ത് നെയ്യൊഴിച്ച് ആയിരം തിരിയും കൊളുത്തണം. അപ്പോൾ അഗ്നിദേവൻ പ്രസാദിച്ച് ജ്വലിച്ചുയരുമ്പോൾ ആകാശത്ത് ദേവീദേവന്മാരെത്തും. അപ്പോൾ ബ്രാഹ്മണർക്ക് ഇഷ്ടദാനങ്ങൾ കൊടുത്ത് ആ ശുഭമുഹൂർത്തത്തിൽ മംഗല്യധാരണം ചെയ്യാനായി ജ്യോത്സ്യൻ പറഞ്ഞവിധം ചെപ്പിൽ നിന്നും കണ്ഠസൂത്രമെടുത്ത് വേണ്ട ജനങ്ങളോടൊക്കെ അനുവാദം വാങ്ങി അഗ്നിദേവൗഘവിപ്രന്മാരെന്നുവേണ്ട മഹാജനങ്ങളെയാകമാനം വന്ദിച്ച് മണവാളനെ ഏല്പിക്കണം. അയാൾ സന്തോഷത്തോടെ അത് തന്റെ സഹോദരിക്ക് കൈമാറും. വരന്റെ സഹോദരി അഗ്നിസൂര്യന്മാരായ സകല ദേവകളെയും ഋഷിമാരെയും അരുന്ധതിയെയും സ്മരിച്ച്

കന്യകയുടെ മുഖം മറച്ച നാഗവല്യത്തെ തുറന്ന് കഴുത്തിൽ കണ്ഠസൂത്രം ധരിപ്പിക്കും. ശേഷം വധൂവരന്മാരന്യോന്യം വരണമാല്യമിട്ട് പാണിഗ്രഹണം നടത്തണം. വധൂവരന്മാരുടെ കരങ്ങളൾ പരസ്പരം ചേർത്തുവെച്ച് നീരൊരുക്കുമ്പോൾ മാതാവ് സ്വന്തം പേര്, വർഷം, മാസം, ദിനം, രാശി എന്നിവ പറയേണ്ടതാണ്. ഇതിനുള്ള ജലം നേരത്തെ തയ്യാറാക്കിവെച്ചിരുന്ന കലശത്തിൽ നിന്നു വേണം എടുക്കുവാൻ. കലശത്തിലെ ജലം സപ്തതീർത്ഥസമാനമാകുന്നു. കലശത്തിൽനിന്നുള്ള വെള്ളമല്ലാത്ത മറ്റെല്ലാം നിന്ദ്യമത്രേ. ശേഷം വധു വരനൊന്നിച്ച് അകത്തെ മുറിയിൽ ചെന്ന് വസിക്കണം. മൂന്നുദിവസം ഇങ്ങനെ കഴിഞ്ഞതിനു ശേഷം നാലാം നാൾ ഉദയം മുതൽ അസ്തമയം വരെ ശാല്യന്നാദികൾ വർജ്ജിച്ച് ഉപവാസമനുഷ്ഠിക്കണം. മൂന്ന് ദിവസങ്ങളിലും കാലത്തും ഉച്ചയ്ക്കും വൈകീട്ടും അരത്തം (മഞ്ഞളും ചുണ്ണാമ്പും കൂട്ടിക്കലക്കിയുണ്ടാക്കുന്ന ചുവന്ന ദ്രാവകം) ദീപത്തോടുകൂടി ഉഴിയണം. നാലാം ദിവസം പൂർവാഹ്നത്തിൽ തോഴിമാരോടൊപ്പം അഷ്ടമംഗല്യവുമായി വാദ്യഘോഷങ്ങളുടെയും കുരവയുടെയും ആർപ്പുവിളിയുടെയും അകമ്പടിയോടെ കൊക്കരണിയോ കുളമോ നദിയോ പോലെയുള്ള ജലസ്ഥാനത്ത് ചെന്ന് പൂർവാചാരമനുസരിച്ച് കിണ്ടിയിൽ മണൽ യോജിച്ച് വെള്ളം നിറച്ച് അതുമായി വധൂവരന്മാർ ഒന്നിച്ച് വസിക്കുന്ന മുറിയിൽ നിക്ഷേപിച്ച് വാതിലടയ്ക്കണം. ശേഷം പാട്ടുചൊല്ലി വാതിൽ തുറപ്പിച്ച് അപ്പോൾത്തന്നെ നീരാട്ടിനായി പുറപ്പെടാം. അഷ്ടമംഗല്യത്തോടുകൂടി വധൂവരന്മാർ ഇഷ്ടരായ തോഴിമാരോടും വാദ്യഘോഷങ്ങളോടും കൊക്കരണിയുടെ തീരത്ത് ചെന്ന് ഗണനാഥന് പ്രത്യേകം വച്ചൊരുക്കി സമീപത്തുതന്നെ അഷ്ടമംഗല്യം വെച്ച് ഒരു പാത്രത്തിൽ അരത്തം കലക്കി പുഷ്പാക്ഷതങ്ങളും ചേർത്ത് നിക്ഷേപിച്ച് ദമ്പതിമാരന്യോന്യം

എണ്ണതേച്ച് കുളിച്ച് മത്സ്യമരിച്ച് പിടിച്ച് അഷ്ടമംഗല്യത്തിനു സമീപം അതിനെ കൊണ്ടുചെന്ന് തൊട്ടുവന്ദിച്ച് വസ്ത്രഭൂഷണങ്ങൾ ധരിച്ച് കണ്ണിൽ മഷിയെഴുതണം. അപ്പോൾ അവിടെയുള്ള പരിചാരികാസമൂഹം കുരവയിട്ട് പാത്രത്തിലുള്ള അരത്തത്തെ ഉഴിയുന്നതാണ്. അപ്പോൾത്തന്നെ സന്താനതരുവിന്റെ ചുവട്ടിൽ ചെന്ന് പൂവും നീരും കൊടുത്ത് പൂജിച്ച് ഏഴുവട്ടം പ്രദക്ഷിണം ചെയ്ത് ആഴിപ്പൂമകൾ ദേവിയെ ഭജിച്ച് നാളികേരമുടച്ച് ദീപത്തോടെ ആരതിയുഴിഞ്ഞ് നാരീസംഘത്തിന് താംബൂലച്ചുരുൾ നൽകണം. കുരവയിട്ട്, വെടിവെച്ച്, പലുക്കെ വാദ്യനിനാദത്തോടെ എല്ലാവരും വീട്ടിലേക്ക് തിരിച്ച് ചെല്ലുന്ന സമയത്ത് അരത്തം ചേർന്ന കുംഭം കുരവാഘോഷത്തോടെ ഒരു സ്ത്രീ ഉഴിയുന്നതാണ്. പിന്നെ പന്തൽ മൂന്നുവട്ടം വലം വെക്കുകയും കരകയറി ഗണനാഥനായൊരുക്കിയിട്ടുള്ള വാമഭാഗത്ത് വധൂവരന്മാരൊക്കെയും ഇരിക്കുകയും ഗുണവാനായ മാരായൻ മണ്ണുനീർകോരിവെച്ചുള്ള ജലപാത്രമെടുത്ത് തോഴന്മാരെല്ലാവരോടും യഥാക്രമം ഉച്ചത്തിൽ ചോദിച്ച് ദമ്പതിമാർ കുളിക്കണം. പുഷ്പാക്ഷതങ്ങൾ തർപ്പിച്ച് ഉടനെ കാപ്പ് വിടുർക്കണം. ശേഷം അഷ്ടമംഗല്യമേന്തുന്ന തോഴിയും മറ്റ് സ്ത്രീകളും അവഭൃതസ്നാനം ചെയ്ത് വിവാഹകർമ്മത്താലുള്ള ശുദ്ധം മാറണം. പിന്നെ ഏഴാംദിവസത്തിനകം ദമ്പതിമാരന്യോന്യം നൽവാതിൽ പൂകിക്കൊണ്ട് അഭ്യംഗമശനം ശയനാദിഷ്ടദാനമെന്നിവ ചെയ്യണം. ഇപ്രകാരം മംഗല്യകർമ്മതന്ത്രത്തെ കൊല്ലം തൊട്ട് വടക്കോട്ട് ഓരോ ദേശത്തും ഓരോ വിധത്തിൽ പൂർവാചാരമനുസരിച്ച് ആചരിച്ചു വരുന്നു. എന്നാലും പ്രധാനക്രിയകൾക്കൊന്നും കാര്യമായ മാറ്റമില്ല.

അടുത്തതായി മരണാനന്തരകർമ്മങ്ങളെ പറയുന്നു. ശൂദ്രനുള്ള മരണാനന്തരക്രിയകൾ പതിനാറാണ്. ശവദാഹം

കഴിഞ്ഞാലുടനെ ഉദകക്രിയയും ബലിയും നിത്യം വ്രതനിഷ്ഠയോടെ ചെയ്യണം. നാലാം ദിവസം അസ്ഥിസഞ്ചയനം നടത്തണം. അന്ന് സാധിച്ചില്ലെങ്കിൽ പ്രായശ്ചിത്തം ചെയ്ത് മറ്റൊരു ദിവസം കണ്ടെത്തി ചെയ്യണം. ചീതിയൻ നിത്യവും വന്ന് പൂർവാചാരപ്രകാരം ബലികർമ്മങ്ങളെല്ലാം കൃത്യമായി നടത്തിയാൽ പതിനഞ്ചാമത്തെ ദിവസം ബലിയിട്ട് ബലിപ്പുര പൊളിച്ച് മാറ്റ് വിരിച്ച് പുലയുള്ളവരെല്ലാം ഇരിക്കുകയും ചീതിയൻ നല്കിയ തൈലം പുരട്ടി പഞ്ചഗവ്യങ്ങളും ജലവും ചേർത്ത് തലകഴുകി ശുഭ്രവസ്ത്രം ധരിച്ച് ഗൃഹത്തിൽ വന്ന് പിണ്ഡം വയ്ക്കേണ്ടതാണ്. പിണ്ഡകർതൃത്വമുള്ളവരും സമാനോദകരും ഒന്നിച്ച് പിണ്ഡംവച്ച് കുളിച്ച് ഒരുനേരം മാത്രം ഭക്ഷണം കഴിച്ച് വ്രതമാചരിക്കണം. പതിനാറാം ദിവസം ഉദയത്തിൽ ആചാരപ്രകാരം പതിനാറുതളിയ്ക്കണം. ശേഷം സ്നാനം ചെയ്ത് എല്ലാവരും പുണ്യാഹമേൾക്കണം. (ശേഷം പുണ്യാഹത്തിന്റെ മാഹാത്മ്യം വിശദീകരിക്കുന്നു). ബ്രാഹ്മണർക്ക് പതിനൊന്നാം ദിവസവും ക്ഷത്രിയർക്ക് പന്ത്രണ്ടാം ദിവസവും വൈശ്യർക്ക് പതിനാലാം ദിവസവുമാണ് പുല നീങ്ങുന്നത്. ശൂദ്രർക്ക് പതിനഞ്ചാം ദിവസം സ്നാനത്തിനുശേഷം പതിനാറാം ദിവസം പതിനാറു തളിച്ച് പുരോഹിതനായ ബ്രാഹ്മണൻ വന്ന് പുണ്യാഹം ചെയ്തശേഷമേ പുല നീങ്ങുകയുള്ളൂ. പുല തീർന്നാൽ പതിനാറടിയന്തിരമാണ്. സാധനങ്ങൾ വാങ്ങി അരിവെച്ച് വാർത്ത് എള്ളും വെണ്ണയും ചേർത്ത് മൂടിയാൽ ബലിയുള്ളവരെല്ലാം കുളിച്ച് തോർത്തി ഈറൻ കുത്തിയുടുത്ത് ആരോടും സംസാരിക്കാതെ വീട്ടിലേക്ക് വരേണ്ടതാണ്. ഇതിനുവേണ്ടി പുരോഹിതൻ മുൻകൂട്ടി ബലികർമ്മം ചെയ്യിക്കേണ്ട സ്ഥലം ചാണകം മെഴുകി തളിച്ച് വിളക്കുവെച്ച് ദീപം കൊളുത്തി മുന്നിൽ വാഴയില വെച്ച് പറവെച്ച് അക്ഷതം നിറച്ച് നാളികേരവും ഗുളവും പഴവും മറ്റുള്ള സാധനങ്ങളൊക്കെയും ഒരുക്കിയിട്ട് വടക്കുകിഴക്കേ

കോണിൽ പരിഷ്കരിച്ച ബലിദ്രവ്യങ്ങളൊരുക്കണം. ഇല, ചന്ദനം, പുല്ല്, ബലിപുഷ്പം, തിലം, ഗുളം, പലകക്കഷ്ണം, നെയ്യ്, തൈര്, പാൽ, അഞ്ജനം, പഴം, മണൽ, ചാണകം, വസ്ത്രം, നാഗവല്ലി, അടയ്ക്ക, തേങ്ങ മുതലായവ വച്ചുതൊട്ട് ബലിചെയ്യുന്നതിനായി കുളിച്ചവരൊക്കെയും കാൽകഴുകി ശുദ്ധിയായി ബലിസ്ഥാനത്ത് കയറി വിരലിൽ പവിത്രമിട്ട് പുഷ്പമെടുത്ത് ഗണേശനായ് സമർപ്പിക്കണം. ശേഷം ദിക്പാലകന്മാർക്കും സൂര്യനും ആര്യമാവിനും പിതൃദേവാദികൾക്കും ഓരോരോ പുഷ്പമർച്ചിച്ച് നമിച്ച് മുട്ടുകുത്തിയിരിക്കണം. ദക്ഷിണാഭിമുഖനായി വേണം ക്രിയകൾ ചെയ്യുവാൻ. രണ്ടു കിണ്ടികളിൽ ജലം വെച്ച് പുഷ്പത്തോട്ടുകൂടി ചന്ദനമെടുത്ത് കിണ്ടിക്കകത്ത് നിക്ഷേപിച്ച് അന്യോന്യം കഴുകി കൈകൊണ്ടടച്ച് സപ്തതീർത്ഥങ്ങളെ ധ്യാനിക്കണം. ആ തീർത്ഥം കയ്യിലൊഴിച്ച് അവിടെ തന്നെ തളിച്ച് സാധനാദികളും മെല്ലെ തളിച്ച് തന്റെ ദേഹത്തും കുടഞ്ഞ് പിന്നാലെ ഗോമയമെടുത്ത് തന്റെ പൂർവഭാഗത്ത് രണ്ടിടത്തായി- ഇടതുഭാഗത്ത് വൃത്താകൃതിയിലും വലതുഭാഗത്ത് മകാരമായും- മെഴുകണം. രണ്ടിലും മണൽ വിരിച്ച് ഇടത്തേതിൽ ഇലവെച്ച് വലത്തേതിൽ പുല്ല് വെച്ച് മോദത്തോട്ടുകൂടി വെള്ളം തളിച്ച് ത്യജിക്കണം. പിന്നെ വലതുഭാഗത്തെ പുല്ലും വെള്ളം കൊണ്ടും ചന്ദനം, പുഷ്പം, തിലം എന്നിവ ചേർത്തുകൊണ്ടും അർപ്പിച്ച ശേഷം പുല്ലോട്ടുകൂടി വെള്ളം കൊണ്ട് കഴുകി തോർത്തി ആ സ്ഥലത്തുതന്നെ നിരത്തണം. അർപ്പണത്തിനുശേഷം കൂർച്ചത്തെ കയ്യിലെടുത്തുകൊണ്ട് തിലവും ചേർത്ത് വെള്ളം കൊണ്ട് ശോധന ചെയ്ത് ചന്ദനം, പുഷ്പം, തിലം, അക്ഷതം എന്നിവ കൂട്ടി ശകലിക്കാതെ നൂൽകൊണ്ട് ഏഴു ചുറ്റുകൾ ചുറ്റി ഇരുകൈകൾകൊണ്ടും നെറ്റിമേൽ തൊഴുതു പിടിച്ച് പിതൃനക്ഷത്രവും നാമവും മനസ്സിൽ ധ്യാനിച്ച് ഭക്തിയോട്ടുകൂടി ആവാഹിച്ച് പുല്ലിനു മുകളിലായി വെച്ച് ജലഗന്ധം, ബലിപുഷ്പം,

തിലം എന്നിവ ചേർത്ത് ഏഴാവർത്തി അർപ്പിച്ച് ദാനങ്ങളെല്ലാം നടത്തി വേണം പിണ്ഡമുരുട്ടുവാൻ. മനുഷ്യൻ മരിച്ചുകഴിഞ്ഞാൽ പ്രേതം എന്നാണ് പറയുക. പിതൃപക്ഷത്തെ വരുത്താനായ് ഉറ്റവരായവർ ഉത്സാഹഭക്തികളോടുകൂടി സ്മരിച്ച് ജീവിതകാലത്ത് വന്നുചേർന്ന പാപങ്ങളും വംശദോഷങ്ങളും തീർക്കുവാൻ ദാനധർമ്മങ്ങൾ ചെയ്യണം. ദശാഹം ശൂദ്രർക്ക് അഞ്ച് ദശകളാണുള്ളത്. പശുദാനം, പ്രായശ്ചിത്തം, ഏകോദിഷ്ടം, പിണ്ഡം, ദാനം എന്നിങ്ങനെ. ദാനം ചെയ്യിക്കുന്നതിനായി പുരോഹിതൻ നാമസംകല്പമായി ചൊല്ലിത്തരുന്ന വാക്യം സ്മരിച്ച് പുഷ്പം, അക്ഷതം, സ്വർണ്ണം എന്നിവ കരതാരിലെടുത്ത് വെറ്റില, പാക്ക്, വസ്ത്രം, നാളികേരം, പൂണൂൽ എന്നിവ പ്രത്യേകമായി ദാനം ചെയ്യണം. ദശാഹം വസ്ത്രമില്ലാതെ ചെയ്യാവുന്നതാണെന്നൊരു പക്ഷവുമുണ്ട്. ഏകോദിഷ്ടാദികൾക്കൊക്കെ എള്ളും പിന്നെ മുമ്പ് പറഞ്ഞതൊക്കെയും ചന്ദനക്കട്ടിയും കൂട്ടി ചെയ്താൽ മതി. ദാനങ്ങൾ സ്വീകരിക്കാൻ ആളുകൾ ചുരുക്കമായി വന്നാൽ സേവസങ്കല്പമായി ദാനം പലകമേൽ ചെയ്യാവുന്നതാണ്. ശൂദ്രന്മാർ ശ്രാദ്ധമൂട്ടിയിട്ടും ഊട്ടാതെയും പിണ്ഡം വയ്ക്കുക പതിവുണ്ടെങ്കിലും ശ്രാദ്ധമൂട്ടുന്നതാണ് ഉത്തമം. ശ്രാദ്ധമുണ്ണുന്നവൻ തന്റെ ജാതിയിൽ പൂർവബന്ധുവായി മംഗല്യബന്ധമില്ലാതുള്ളവർ നിന്ദ്യമാണ്. ശ്രാദ്ധമൂട്ടാൻ മുൻകൂട്ടി ക്ഷണിക്കേണ്ടതാണ്. വന്നാൽ അഭ്യംഗസ്നാനം ചെയ്ത് കോടിയുടുത്ത് നിൽക്കുന്ന അയാളുടെ വലംകൈ ഗ്രഹിച്ച് കാൽകഴുകിച്ച് ചന്ദനം, പുഷ്പം, വെറ്റില, പാക്ക് എന്നിവ കൊടുത്ത് ബലിസ്ഥാനസമീപത്ത് കൊണ്ടിരുത്തണം. അയാൾ വടക്കോട്ട് നോക്കി മൗനമായിരിക്കണം. ചാത്തമുണ്ണുന്നതിനായി ഇല വാട്ടി അടച്ച് വെക്കണം. അതിൽ പുരോഹിതൻ അല്പം വെള്ളം തളിച്ച് നന്നായി വിടർത്തും. വെണ്ണ, ഗുളം, തിലം എന്നിവ വിളമ്പിയ ശേഷം ബലിക്കായി വാർത്തടച്ചുള്ള അന്നം അല്പമെടുത്ത് പതുക്കെ ഇലയിലേക്ക് വിളമ്പണം. ബലിപിണ്ഡമുരുട്ടുവാനായി ഘൃതം,

ളളം, തിലം, കദളിപ്പഴമെന്നിവയും വിളമ്പേണ്ടതാണ്. പുലയിൽ ചെയ്ത പിണ്ഡങ്ങൾക്കുള്ള വിഘ്നങ്ങളകറ്റുവാനായി പുരോഹിതന് ദാനം നടത്തണം. കയ്യിലെടുക്കുന്ന പണം ഇത്രയാണെന്ന് എണ്ണാതെ കൊടുക്കണം. അപ്പോൾത്തന്നെ ഉപദാനപദാർത്ഥങ്ങൾ ആവോളം നൽകി രാവിലയോ ഉച്ചക്കോ വേണം പിണ്ഡംവയ്ക്കുവാൻ. ഹവിസ്സിന് ജലം അല്പം തളിച്ച് പൂവെടുത്തുഴിഞ്ഞ് ദൂരെ കളയണം. പിന്നെ വലിയൊരു പിണ്ഡമുരുട്ടി ശേഷാന്നത്തോടു ചേർത്ത് അടച്ചുവെക്കണം. പൂവും നീരും കൊടുത്ത് അടച്ചത് തുറന്ന് പിണ്ഡം രണ്ടു കൈകൾ കൊണ്ടും എടുത്ത് മരിച്ചയാളുടെ വർണ്ണം, നാമം മുതലായവ എണ്ണണം. പിന്നെ പുരോഹിതൻ ചൊല്ലിത്തരുന്ന സങ്കല്പത്തോടെ പിണ്ഡം പുല്ലിൽ വയ്ക്കുമ്പോൾ ശ്രാദ്ധമുണ്ണണം. വിഭവസമൃദ്ധമായി സാവധാനം മൃഷ്ടാന്നമുണ്ണുമ്പോൾ പിണ്ഡകർത്താക്കളായവർ ഓരോ പിണ്ഡവും വച്ച് അതിന്മേൽ തിലം, തൈര്, പാല്, തേൻ, തൈലം, പുഷ്പം, വസ്ത്രം, അഞ്ജനം എന്നിവ ചേർത്ത് അർഘ്യത്തെ ചെയ്യണം. ശേഷാന്നം തൈരോടുകൂടി കഴിച്ച് ബലിതൂകുന്ന നേരത്ത് പിതൃക്കൾ അത് സ്വീകരിച്ച് തൃപ്തരായി വരുന്നതാണ്. പിന്നെ ഏഴുതവണ ജലമൊഴുക്കി ഭക്തിയോടെ പൂജിക്കണം. പിന്നെ അല്പം തളിച്ച് അടച്ച ഇതൾ വേർപെടുത്തി പൂജിക്കണം. പ്രേതത്തിന്റെ നക്ഷത്രം, നാമം എന്നിവ ധ്യാനിച്ച് കൂർച്ചപ്പുല്ലിന്റെ കെട്ടഴിച്ച് ആദരവോടെ മാറ്റി പിണ്ഡാന്നത്തിൽ നിന്നും ഒരു വറ്റെടുത്ത് മണപ്പിച്ച് ത്യജിക്കണം. ശേഷം കൈ നനച്ച് പുഷ്പങ്ങളെല്ലാം കയ്യിൽ വാരിയെടുത്ത് തൊഴുതുനിന്ന് പിണ്ഡത്തിലർപ്പിച്ച് ശ്രാദ്ധമുണ്ണുന്നവന്റെ കയ്യിൽ അല്പം ജലമൊഴിച്ച് എഴുന്നേൽപ്പിച്ച് നിർത്തി പിണ്ഡം വച്ചവരെല്ലാവരും ദണ്ഡനമസ്കാരം ചെയ്യണം. ഗണേശൻ, ഋഷികൾ, ദേവതകൾ, പിതൃക്കൾ എന്നിവരെ ധ്യാനിച്ച് പിണ്ഡത്തെ ശിരസ്സിലേറ്റി ദക്ഷിണാശേചസുശത്തിൽ നിക്ഷേപിച്ച് കാക്കയ്ക്കു നല്കാനായി

കൈകൊട്ടുമ്പോൾ കൂട്ടത്തോടെ കാക്കകൾ വന്ന് ഭക്ഷിച്ചാൽ ഉത്തമമത്രെ. പിന്നെ ശ്രാദ്ധമുണ്ടവന് ദക്ഷിണ കൊടുക്കണം. ശേഷം ഉറ്റവരൊന്നിച്ച് ഭക്ഷണം കഴിച്ച് പിഴക്കൂടാതെ വേണ്ടതൊക്കെ ചെയ്യണം. പിറ്റേന്നാൾ തൊട്ട് ഓരോ പിണ്ഡം വെച്ച് ദീക്ഷിക്കണം. മുപ്പതാം ദിവസം ഒരു മാസികം ചെയ്യണം. അഞ്ച്, പതിനൊന്ന് മാസങ്ങളിൽ രണ്ടു പക്ഷത്തിലെ തിഥികളിൽ ഈരണ്ടു പിണ്ഡത്തെ വയ്ക്കുന്നത് ഇടമാസികം. മാസമോരോന്നിലോരോന്നും നാല്പതാം ദിവസവും ഇടമാസികവും കൂടി പതിനഞ്ച്. ശേഷം വത്സരാന്ത്യത്തിലും സപിണ്ഡിക്രിയ നടത്തണം. ഇങ്ങനെ പതിനാറാണ് ശൂദ്രർക്കുപരോഡശം. ഇപ്രകാരമുള്ള അപരക്രിയ എല്ലാം കൃത്യമായി ചെയ്യുമ്പോൾ പ്രേതത്വം വിട്ട് പിതൃത്വം സംഭവിച്ച് ഏറ്റവും പവിത്രമായിത്തീരുന്നതാണ്. പതിനാറാം ദിവസം മരിച്ച പുല തീർന്നിടും. പതിനാറെന്നൊരു ചടങ്ങ് പരെക്കേ പറയപ്പെടുന്നു. ഇത് നടത്തുന്നതിനായി പുരോഹിതനെ ഗൃഹത്തിൽ ചെന്ന് യഥോചിതം അറിയിച്ച് വരുത്തേണ്ടതാണ്. അന്നേദിവസം പതിനാറംശമായുള്ള ക്രിയകളൊന്നിച്ച് നടത്തിയാൽ പ്രേതത്വം വിട്ട് പിതൃത്വം വരുന്നതാണ്. പതിനാറു കഴിച്ചാൽ അന്നുതന്നെ സപിണ്ഡിയും ചെയ്യാം. അന്ന് ചെയ്തില്ല എങ്കിൽ നാല്പതുദിവസം ബലിയിട്ട് ദീക്ഷിച്ച് നാല്പത്തൊന്നാം ദിവസം സപിണ്ഡി നടത്താം. അന്നും നടന്നില്ലെങ്കിൽ ആറാം മാസത്തിൽ വരുന്നൊരു മധ്യപഞ്ചകതിഥിയിൽ ചെയ്യാം. അന്നും നടന്നില്ലെങ്കിൽ വർഷാന്ത്യത്തിൽ സപിണ്ഡി ചെയ്ത് പ്രേതത്വം കളയണം. സപിണ്ഡീകരണം ചെയ്യാതിരുന്നാൽ പ്രേതം പിതൃത്വം വിട്ട് ക്രൂരത്വം കലർന്നുള്ള പിശാചായി തന്റെ വീട്ടിൽ ജനിച്ചവരെയൊക്കെയും പരക്കെ ദ്രോഹിച്ചുകൊണ്ട് നശിപ്പിക്കുകയും ദിനംപ്രതി ധനധാന്യസമ്പത്തുകളൊക്കെ നശിപ്പിക്കുകയും മേൽക്കുമേൽ അപമൃത്യുവും സന്തതിനാശവും

സംഭവിക്കുകയും ചെയ്യും. പിതൃകോപം കാരണം അപമൃത്യുക്കൾ സംഭവിക്കുന്നതിന്റെ മുക്തിമാർഗ്ഗവും ഉപദേശിക്കുന്നുണ്ട്. ദാരിദ്ര്യം കൊണ്ടുള്ള മരണം, തൂങ്ങിമരണം, വിഷം കഴിച്ചുള്ള മരണം, വെടികൊണ്ടുള്ള മരണം, വെള്ളത്തിൽ വീണുള്ള മരണം, തീ കൊണ്ടുള്ള മരണം, ശത്രുബാധകൊണ്ടുള്ള മരണം, ഭ്രാന്ത് കൊണ്ടുള്ള മരണം, അപസ്മാരം കൊണ്ടുള്ള മരണം, കുഷ്ഠം കൊണ്ടുള്ള മരണം, വിഷൂചികാമരണം, മസൂരികാമരണം, വിഷം തീണ്ടിയുള്ള മരണം, ആയുധമേറ്റുള്ള മരണം, വായു കാരണമായ മരണം എന്നിവയിലെല്ലാം പ്രേതഭാവത്തിൽ നിന്നും പിശാചത്വത്തിലെത്തുന്നതാണ്. പ്രസവത്തോടെ മരിക്കുന്നതും പിശാചഭാവത്തിന് വഴിയൊരുക്കും. ദുർമരണങ്ങൾ നടന്നാൽ ഉടനെ തന്നെ ദഹിപ്പിക്കണം. ഗർഭത്തോടെ മരിച്ചാൽ ശിശുവിനെ വേർപെടുത്ത് ഉടൻ തന്നെ ദഹിപ്പിക്കണം. ഒൻപതുചാൺ നീളമുള്ള വഹ്നിച്ചമതശാഖയെ അതിന്റെ കുഴ കൊണ്ട് കെട്ടി അവയവങ്ങളാക്കി ശരീരമായി സങ്കല്പിച്ച് കോടിപുതപ്പിച്ച് ഉദകകർമ്മിയെ വരുത്തി ശവദാഹം കഴിപ്പിച്ച് അന്നേദിവസം തന്നെ പതിനഞ്ചുവരെയുള്ള കർമ്മങ്ങൾ കഴിപ്പിക്കണം. പിറ്റെദിവസം പതിനാറെന്ന് സങ്കല്പിച്ച് പതിനെട്ട് ദാനവും ചെയ്ത് പതിനാറു നടത്തി പിറ്റേന്ന് നാല്പതുവരെയുള്ള പിണ്ഡം വച്ച് മാസികങ്ങൾ കഴിച്ച് സപിണ്ഡീകരണം ചെയ്ത് പ്രതിബിംബത്തിലാവാഹിച്ച് പ്രാണശക്ത്യന്തമായ നവപ്രതിഷ്ഠയും ചെയ്ത് തിലഹോമം കഴിക്കണം. പതിനേഴുദിവസം ചെയ്താൽ പതിനെട്ടാം ദിവസം അമാവാസി നാളിൽ തിരുവല്ലത്തു ചെന്ന് തിലഹോമം കഴിച്ച് അവിടെ തന്നെ പിണ്ഡവും നടത്തി ബ്രാഹ്മണരെ ഊട്ടി, ദാനം ചെയ്ത് കർമ്മങ്ങളനുഷ്ഠിച്ചാൽ പിതൃത്വം കൈവരുന്നതാണ്. സപിണ്ഡി ക്രിയ ശൂദ്രർക്ക് ഊട്ടാനാവശ്യമില്ല. പതിനാറാം മണ്ഡലത്തിലോ എട്ടാം മാസത്തിലോ വർഷത്തിലോ ചെയ്യാഞ്ഞാൽ പിന്നെ സംസ്കാരം തൊട്ടുള്ള കർമ്മങ്ങളെല്ലാം

ചെയ്തിട്ടുവേണം പിതൃവാക്കുവാൻ. ഇനി സപിണ്ഡി ചെയ്യേണ്ട പ്രകാരങ്ങൾ പറയുന്നു. പൂർവ്വാഭിമുഖനായി വേണം സപിണ്ഡിക്കിരിക്കുവാൻ. ദക്ഷിണഭാഗത്ത് വിഘ്നരാജനും പൂർവവാമദക്ഷിണത്തിൽ വിശ്വദേവാശ്വിനീദേവന്മാർക്കും വെച്ചൊരുക്കിയിട്ട് എട്ട് ദിക്കുകളിലും അരി, തേങ്ങ എന്നിവ വെച്ച് വെവ്വേറെ അർച്ചനം ചെയ്യണം. ആസനം തൊട്ട് വന്ദിച്ച് "കൂർമ്മാസന നമോ നമഃ" എന്നിങ്ങനെ അഷ്ടാക്ഷരം ജപിച്ചുകൊണ്ടിരുന്ന് മോതിരവിരലിൽ പവിത്രം ധരിച്ച് വേണ്ട സാധനങ്ങളെല്ലാം വെച്ച് ചാണകം വെള്ളമെന്നിവയാൽ വാമദക്ഷിണഭാഗം തളിച്ച് മെഴുകണം. രണ്ടിലും പുഷ്പം, ബ്രീഹി, തണ്ഡുലമെന്നിവ ചേർത്ത് കിണ്ടിയും വെള്ളവും വച്ച് പുഷ്പാക്ഷതമിട്ട് വാലിൽ നിന്നും ജലം മൂന്നുതവണയെടുത്ത് കിണ്ടിക്കകത്തൊഴിച്ച് വാവട്ടം പൊത്തി രണ്ടിൽ നിന്നും അന്യോന്യം അല്പം ജലം പകർന്ന് വലംകൈകൊണ്ടടച്ചിട്ട് ഗംഗയെ ധ്യാനിക്കണം. ദക്ഷഭാഗത്തിരിക്കുന്ന കിണ്ടി കയ്യിലെടുത്ത് മൂന്നുതവണ ജലഗന്ധാദി പുഷ്പം പൂജിച്ച് കയ്യിൽ ജലം പകർന്ന് സ്ഥാനശുദ്ധിക്കായി തളിക്കണം. പിന്നെ സാധനങ്ങളെല്ലാം തളിച്ച് ശുദ്ധിയാക്കിയാൽ ദേഹത്ത് തളിച്ച് ദേഹവും ശുദ്ധിയാക്കണം. ഭസ്മം, ചന്ദനം, പുഷ്പം എന്നിവ ചാർത്തി മെല്ലെ അഷ്ടാക്ഷരവും അഷ്ടോത്തരശതവും ജപിക്കണം. പിന്നെയും മൂന്നിടങ്ങളും തളിച്ചു മെഴുകി ഗന്ധപുഷ്പാക്ഷരമിട്ട് ഇടവും വലവും വാഴയിലയിട്ട് നടുവിലുള്ള മെഴുകിയ സ്ഥലത്ത് പിതൃനക്ഷത്രനാമവും കുറും സങ്കല്പിച്ച് പുല്ലുനിരത്തണം. ഗണനാഥൻ, ദിക്പാലകന്മാർ, അശ്വിനീദേവകൾ, വിശ്വദേവഗണങ്ങൾ എന്നിവർക്കെല്ലാം അർച്ചന നടത്തി വച്ചൊരുക്കിയിരിക്കുന്ന തണ്ഡുലത്തെ വിസ്തരിച്ച് പൂജിച്ച് ഭക്തിയോടെ നമിച്ച് ഗണദേവൻ തുടങ്ങിയുള്ള ദേവന്മാരെയെല്ലാം പേരെടുത്ത് പുഷ്പാക്ഷതഗന്ധങ്ങളാൽ ധ്യാനിച്ച് പിതൃസ്ഥാനത്ത്

പുഷ്പാരാധനയും ചെയ്യണം. പിന്നെ ജലാദിജലപര്യന്തം പൂജിച്ച് കൂർച്ചപ്പുല്ല് നനച്ച് ചന്ദനം, പുഷ്പം, അക്ഷതം എന്നിവ നന്നായി ചേർത്ത് വെളുത്ത നൂലുകൊണ്ട് ബന്ധിച്ച് തന്റെ ഹൃദയസ്ഥാനത്ത് തൊഴുതുപിടിച്ച് നക്ഷത്രനാമങ്ങൾ ധ്യാനിച്ച് കണ്ണുകൾ മേല്പോട്ടാക്കി ആവാഹിക്കണം. പിന്നെയും ജലപര്യന്തം ഒന്ന് പൂജിച്ച് സൂര്യൻ, സോമൻ, അഗ്നി, ആര്യമാവ് തുടങ്ങിയ ദേവകൾക്ക് പൂവാരാധിച്ച് ഭജിച്ച് കദളിപ്പഴം, നെയ്യ്, ഗുളം എന്നിവയാൽ ഗജാനനാദി ദേവന്മാരെ പൂജിച്ച് പൂവും ജലവും ചേർത്ത് അർഘ്യം ചെയ്ത് ദാനങ്ങൾ നടത്തണം. ആദ്യം ഗണനായകൻ, പിന്നെ വിശ്വദേവൻ, പിന്നെ അശ്വിനീദേവകൾ. ശേഷം മാതാമഹൻ, മാതാമഹി, പിതാമഹൻ, മാതുലൻ തുടങ്ങി ഏഴുപേർക്കും ദാനം ചെയ്യണം. ശേഷം എല്ലാ പിതൃഗണങ്ങളെയും സങ്കല്പിച്ച് പുരോഹിതൻ ചൊല്ലിത്തരുന്ന വാക്യം ഏറ്റുപറയണം. നല്ലവണ്ണം സ്മരിച്ചുകൊണ്ട് അഷ്ടകദാനങ്ങളും പിന്നെ ഓരോ ഉപദാനങ്ങളും ചെയ്യണം. കുംഭദാനം, ദീപദാനം, ഛത്രദാനം, പാദുകദാനം, ഗോദാനം, ചാമരദാനം, വസ്ത്രദാനം, ഭൂഷണദാനം, ധാന്യദാനം എന്നിവ യഥാശക്തി ചെയ്യണം. ദരിദ്രനാണെങ്കിൽക്കൂടിയും പാത്രദാനവും ശയ്യാദാനവും നിർബന്ധമായും ചെയ്യേണ്ടതാണ്. ശയ്യാദാനം കഴിക്കാതെ പല ദാനങ്ങൾ ചെയ്താലും പിതൃലോകത്ത് ചെന്നാൽ ശയ്യാസുഖം കിട്ടാതെ ഭവിക്കും. അതുകൊണ്ട് ഭക്തിയോടുകൂടി ദാനങ്ങളെല്ലാം കൃത്യമായനുഷ്ഠിക്കേണ്ടതാണ്. അഭിമാനികളായ മറ്റു ബ്രാഹ്മണർ ഈ ദാനങ്ങൾ വാങ്ങിയാൽ ബ്രാഹ്മണ്യത്തിന് ക്ഷീണം സംഭവിക്കുമെന്നതിനാൽ അവർ വാങ്ങുന്നതല്ല. ശ്രീശങ്കരാചാര്യർ നിർമ്മിച്ച കേരളാചാരമെന്ന ശാസ്ത്രത്തിൽ ഇപ്രകാരം പറയുന്നു; "ശൂദ്രശ്രാദ്ധങ്ങളിൽ ദാനം സ്വീകരിക്കുന്ന ബ്രാഹ്മണർ ഭൂമിയിൽ പതിതരായിത്തീരുന്നതാണ്". അക്കാരണത്താൽ ബ്രാഹ്മണരാരും തന്നെ ദാനം വാങ്ങതിരിക്കുന്നതിനാൽ ശൂദ്രരും ബ്രാഹ്മണരുടെ

ഷോഡശക്രിയകളിൽ പറഞ്ഞിരിക്കുന്ന പരിചര്യകളിൽ ചേരാതെ വന്നു. ഇത് പലതരത്തിലുള്ള കർമ്മവിഘ്നങ്ങൾക്ക് കാരണമായി. അതുകൊണ്ട് ബ്രാഹ്മണരും നായർ പ്രഭുക്കളും ഒത്തുചേർന്ന് ഒരുദിവസം പരശുരാമനെ ധ്യാനിച്ചു. അന്ന് നമ്പൂതിരിവർഗ്ഗത്തിൽ ചേർന്നിട്ടുള്ള ഒരു വിഭാഗം ഗ്രാമക്കാർ ഒത്തുചേരാത്തതുകൊണ്ട് ബ്രാഹ്മണരൊക്കെ അപരാഹ്നത്തിൽ തിരിച്ചുപോകുവാൻ തുടങ്ങവേ സഭയിലേക്ക് പരദേശിയും മുമുക്ഷുവുമായൊരു ബ്രാഹ്മണശ്രേഷ്ഠൻ വരികയും എന്തിനാണ് എല്ലാവരും ഇവിടെ ഒത്തുചേർന്നിരിക്കുന്നതെന്ന് ചോദിക്കുകയുമുണ്ടായി. അപ്പോഴേക്കും വരാതിരുന്ന ഗ്രാമക്കാരും അവിടെ വന്നുചേർന്നു. അപ്പോൾ കാര്യങ്ങളെല്ലാം ഗ്രഹിച്ച മുമുക്ഷുവായ ബ്രാഹ്മണശ്രേഷ്ഠൻ ഈ സഭയിലേക്ക് വരുവാൻ താമസിച്ച ബ്രാഹ്മണരൊക്കെയും ശൂദ്രസംഘത്തിന്റെ പുരോഹിതരായി അപരക്രിയയിൽ പറഞ്ഞിരിക്കുന്ന ദാനങ്ങൾ വാങ്ങുകയും വേണ്ടുന്ന കർമ്മങ്ങൾക്കൊക്കെ ആചാര്യരായി നന്ദിയോടെ തന്നെ എല്ലാം ഭംഗിയായി നടത്തണമെന്നും കല്പിച്ചുകൊണ്ട് അന്തർധാനം ചെയ്തു. വന്നത് സാക്ഷാൽ പരശുരാമൻ തന്നെയെന്ന് അവിടെ കൂടിയവരെല്ലാം ഉറപ്പിച്ചു. വരാൻ താമസിച്ച ബ്രാഹ്മണരെ ശൂദ്രകർമ്മങ്ങളുടെ അധികാരികളായി നിയമിച്ച് തരംതാഴ്ത്തിയതിനാൽ അനേകം പേർ ആ കൂട്ടത്തിൽ നിന്നും പിരിഞ്ഞ് പതനാമത്വം ചേർന്ന നമ്പൂതിരിമാരായി. മറ്റ് ചിലർ ഉത്തരദിക്കിൽ താമസിക്കുകയുമുണ്ടായി. ബാക്കിയുള്ളവരെല്ലാവരും ശൂദ്രപുരോഹിതന്മാരായി ഇന്നും കേരളത്തിൽ വസിക്കുന്നു. നമ്പി, നമ്പൂതിരി, നമ്പ്യാതി എന്നിങ്ങനെ പേരുള്ള മലയാളബ്രാഹ്മണരുടെ സംഘം ഉത്തരകേരളത്തിൽ കാണാം. കേരളോല്പത്തിയെന്ന ഇതിഹാസത്തിൽ നോക്കിയാൽ ഈ പറഞ്ഞതെല്ലാം കാണാവുന്നതാണ്. ശൂദ്രപുരോഹിതന്മാരായി

നമ്പൂതിരിസാമീപ്യത്താൽ വാഴുന്നവരെ ആർദ്രഭാവാവലിതാഢ്യന്മാരായ വിപ്രന്മാർ കീർത്തിക്കുന്ന താഴ്ചത്വം കാരണമായി ഇളയതുമാർ എന്നറിയപ്പെടുന്നു. ഓണനാടെന്നു പറയുന്ന ഓണാട്ടുകര തൊട്ട് ദേശിംഗനാട്, വേണാട്ടുകര, നഞ്ചനാട് തുടങ്ങിയ നാല് നാട്ടുകളിലും ജന്മിമാരും പോറ്റിമാരുമായി നമ്പൂതിരിമാർ ചുരുങ്ങിപ്പോയി. അവർക്കു സഹചര്യന്മാരായും അല്ലാതെയും അനേകം ശൂദ്രർ ഇല്ലക്കാരായും സ്വരൂപക്കാരായുമുണ്ട്. കന്യാകുമാരിതൊട്ട് വേണാട്ടുകരയോളവും പരദേശസമീപത്വം ചേർന്നിരിക്കുന്നത് കാരണം പരസ്പരം അന്യോന്യ സാദൃശ്യമുള്ള വൃത്തികൃത്യങ്ങളനുഷ്ഠിച്ചുകൊണ്ടത്രേ ശൂദ്രർ വാഴുന്നത്. സ്യാനന്ദൂരപുരം തൊട്ട് ഓണാട്ടുകരയോളമുള്ള ശൂദ്രരൊക്കെ പൂർവാപരോകതങ്ങളായ കർമ്മങ്ങളെല്ലാം ബ്രാഹ്മണപുരോഹിതന്മാരുടെ മേൽനോട്ടത്തിൽ അനുഷ്ഠിക്കുന്നവരാണ്. ചെമ്പകശ്ശേരി എന്നറിയപ്പെടുന്ന ചെമ്പകനാട്ടു തൊട്ട് കേരളത്തിൽ വാഴുന്ന ശൂദ്രരൊക്കെയും ബ്രാഹ്മണർക്കുള്ളതുപോലെ തന്നെ ക്രിയകൾ പുരോഹിതർ പറയുന്നപോലെ ചെയ്തുവരുന്നു. ശൂദ്രപുരോഹിതന്മാരായ ബ്രാഹ്മണർ ഓരോ സ്ഥലത്തും ഓരോ പേരിലാണ് അറിയപ്പെടുന്നത്. ഉത്തരകേരളത്തിൽ നമ്പിടിയെന്നും മദ്ധ്യകേരളത്തിൽ ഇളയതെന്നും ദക്ഷിണകേരളത്തിൽ നമ്പ്യാതിയെന്നും അറിയപ്പെടുന്നു. പരശുരാമൻ ശൂദ്രപൗരോഹിതന്മാരാക്കി അവരോധിച്ച ഇവർക്കല്ലാതെ മറ്റാർക്കും ദാനം നൽകിയാൽ ഫലം വരികയില്ല. ഇവർ വന്നില്ലെങ്കിൽ ദാനം സങ്കല്പിച്ച് പലകമേൽ വെക്കണം. ദാനത്തിനുശേഷം തന്റെ മുമ്പിൽ മധ്യഭാഗത്തുള്ള കൂർച്ചത്തിൽ പിതൃക്കളെ ആവാഹിച്ചിരിക്കുന്നിടത്തും വലതുഭാഗത്ത് വച്ചിരിക്കുന്ന പാത്രങ്ങൾ രണ്ടിലും കദളിപ്പഴവും നെയ്യും വിരകിച്ചേർത്തു മെല്ലെ പന്ത്രണ്ടംഗുലം നീളത്തിൽ രണ്ടു

പിണ്ഡങ്ങളുണ്ടാക്കി ഇല കീറി അടച്ചു പൂജിച്ച് ജലാദിജലപര്യന്തവും പൂജ നടത്തി അടച്ചത് തുറന്ന് പിതൃനാമം സ്മരിച്ച് രണ്ടു കൈവിരലുകൾ കൊണ്ട് പിണ്ഡം തൊട്ട് പന്ത്രണ്ടുതവണ വിഷ്ണുനാമം ജപിച്ച് രണ്ടു കരങ്ങളിലും അശ്വിനീവിശ്വദേവന്മാരെ ചേർത്ത് പൂർണ്ണമായി സപിണ്ഡം ചെയ്താൽ പിതൃത്വം വരും. ഇതിനുവേണ്ട കർമ്മങ്ങളെല്ലാം പുരോഹിതൻ നിർദ്ദേശിക്കുന്നതിനനുസരിച്ച് ചെയ്തശേഷം അർഘ്യം സമർപ്പിക്കണം. ദധി, തിലം, അഭ്യംഗം, അഞ്ജനം മുതലായ അർഘ്യങ്ങൾ കൊടുത്ത് പുഷ്പാരാധന നടത്തി പിതൃനാമം സ്മരിച്ച് ഓട്ടുപാത്രത്തിലിട്ട് വർണ്ണവസ്ത്രങ്ങളാൽ മൂടി വിഘ്നേശ്വരൻ തൊട്ടുള്ള ദേവകൾക്ക് പൂവുഴിഞ്ഞ് ഭൂമിയിൽ വീണ് നമസ്കരിച്ച് പാത്രവും ശിരസ്സിലേറ്റി നദിയിൽ കൊണ്ടുചെന്ന് തർപ്പണം നടത്തി പിതൃകർമ്മത്തിന്റെ അവസാനം അവഭൃതസ്നാനവും ഭക്ഷണവും കഴിച്ച് പുരോഹിതന് യാത്രാദാനവും നൽകി ഭക്തിയോടെ യാത്രയാക്കണം. ഇപ്രകാരം പാദജന്മാർക്കുള്ള കർമ്മങ്ങൾ മുഴുവനും ഭംഗിയില്ലാതെ ഭാഷയിൽ നിർമ്മിച്ചതിൽ വല്ല പിഴവും പറ്റിയിട്ടുണ്ടെങ്കിൽ വിജ്ഞരായ മഹാജനം നമ്മെ നിന്ദിക്കാതെ ക്ഷമിക്കുമാറാകണം. ഇങ്ങനെ പറഞ്ഞുകൊണ്ട് നായർ ജാത്യാചാരവിധി എന്ന ഗ്രന്ഥം സമാപിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി എഴുതപ്പെട്ടതും കേരളത്തിലെ രണ്ട് ജാതികളുടെ ആചാരങ്ങൾ വിവരിക്കുന്നതും സാഹിത്യചരിത്രഗ്രന്ഥങ്ങളിലൊന്നും പരാമർശിക്കാതെ പോയതുമാണ് ഈ രണ്ട് കൃതികൾ. ഇവയുടെ രചനാപശ്ചാത്തലവും പ്രമേയവും പഠിക്കുമ്പോൾ പത്തൊമ്പത്-ഇരുപത് നൂറ്റാണ്ടുകളിലെ കേരളത്തിന്റെ സാംസ്കാരികവും സാമുദായികവുമായ ജീവിതത്തിന്റെ പ്രതിഫലനം ദർശിക്കാൻ

സാധിക്കും. ശൗണ്ഡികോല്പത്തി കേവലം മരണാനന്തരക്രിയകളുടെ വിശദാംശങ്ങൾ മാത്രമടങ്ങുന്നതാണെന്നിരിക്കെ നായർ ജാത്യാചാരവിധിയുടെ ദൗത്യം അതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടിരിക്കുന്നു. ശൂദ്രന് കർമ്മമില്ല എന്ന് പറയുന്നിടത്തുനിന്നും ബ്രാഹ്മണരുടെ പാദസേവനത്തിൽ നിന്നും ശൂദ്രസമൂഹം സ്വാഭിമാനത്തോടെ പരിഷ്കൃതരാവുന്നതിന്റെ ചുവടുവെപ്പുകളാണ് നായർജാത്യാചാരവിധിയുടെ ഉള്ളടക്കത്തിലൂടെ സംവദിക്കുന്നത്. ഇതിന്റെ കർത്താവ് ശൂദ്രപുരോഹിതനും പതിതബ്രാഹ്മണനുമായ നമ്പ്യാതിയാണ് എന്നത് ശ്രദ്ധേയമാണ്. ശൂദ്രസമൂഹത്തിന്റെ പരിഷ്കരണത്തോടൊപ്പം തന്നെ ശൂദ്രനിലും താഴ്ന്നവരായി ഇകഴ്ത്തപ്പെട്ട പതിതബ്രാഹ്മണന്റെ നിലനില്പ്പിന്റെ തത്രപ്പാട്ടുകൂടിയായി നായർജാത്യാചാരവിധിയെ കണക്കാക്കാവുന്നതാണ്.

സഹായകഗ്രന്ഥങ്ങൾ

1. ഭാസ്കരനുണ്ണി പി., 2022, പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ലോഗൻ വില്യം, 2019, മലബാർ മാന്വൽ (വിവർത്തനം: ടി.വി.കൃഷ്ണൻ), മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. ഇ.എം.എസ്., 2017, കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.
4. Jayrajan V., 2006, Role of Kalakams among Tiya Community of Northern Kerala Department of Studies in Anthropology, University of Mysore, Karnataka.
5. അരുൺ എ. (എഡി), 2008, ആഖ്യാനത്തിലെ അപരസ്ഥലികൾ, സബ്ജക്ട് ആന്റ് ലാംഗ്വേജ് പ്രസ്, കോട്ടയം.

6. രാജരാജവർമ്മ വടക്കുംകൂർ, 1997, കേരളീയസംസ്കൃതസാഹിത്യചരിത്രം (വാല്യം: രണ്ട്), ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി.
7. Sreenivasan M.N., 1952, Religion and Society among the Coorgs of South India, Oxford.
8. സുബ്രഹ്മണ്യൻ കേശവൻ നമ്പ്യാതി പുതുശ്ശേരിമഠത്തിൽ, 1904, നായർ ജാത്യാചാരവിധി, വിദ്യാഭിവർദ്ധിനി അച്ചുകൂടം, കൊല്ലം.
9. കൊച്ചൻ വൈദ്യൻ പാട്ടവിളാകത്ത്, 1889, ശൗണ്ഡികോല്പത്തി കിളിപ്പാട്ട്,കേരളവിലാസം അച്ചുകൂടം, തിരുവനന്തപുരം.

ശൌണ്ഡികൊല്പത്തി

കിളിപ്പാട്ടു.

ഈ പുസ്തകം മുമ്പിൽ അടിച്ചിട്ടുള്ളതിലും എത്രയും വിശെഷമായും പൈതങ്ങൾക്കും മറ്റും പഠിപ്പാൻ എളുപ്പമായും ഭാഷയായിട്ടും മൂലമായ മാത്സ്യം പുരാണത്തിൽ നിന്നും എടുക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഇതു
തിരുവനന്തപുരം ചാലയിൽ
വിളയിവിളാകത്തുവീട്ടിൽ
പെരുമാൾസുബ്രഹ്മണ്യപിള്ളയുടെ
ആവശ്യത്തിന്മെൽ
പാൽക്കുളങ്ങര അധികാരത്തിൽ
ആനെറവട്ടത്തു പാട്ടുവിളാകത്തു
കൊച്ചുൻവൈദ്യനാൽ
ഉണ്ടാക്കപ്പെട്ടതു.

ടി—യാരൊട്ടു അവകാശം വാങ്ങി
പെരുമാൾസുബ്രഹ്മണ്യപിള്ളയുടെ
സ്വന്തചിലവിന്മേൽ
തിരുവനന്തപുരം
കെരളവിലാസം അച്ചുക്കൂടത്തിൽ
അച്ചടിപ്പിക്കപ്പെട്ടതു-

൧൦൬൪

ശൗണ്ഡികൊല്പത്തി
കിളിപ്പാട്ടു

ഈ പുസ്തകം മുമ്പിൽ അച്ചടിച്ചിട്ടുള്ളതി
ല്പം എത്രയും വിശെഷമായും പൈതങ്ങ
ൾക്കും മറ്റും പഠിപ്പാൻ എളുപ്പമായും ഭാ
ഷയായിട്ടും മൂലമായ മാത്സ്യം പുരാണ
ത്തിൽ നിന്നും എടുക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഇത
തിരുവനന്തപുരം ചാലയിൽ
വിളയിവിളാകത്തുവീട്ടിൽ
പെരുമാൾ സുബ്രഹ്മണ്യപിള്ളയുടെ
ആവശ്യത്തിൻ പെരിൽ
പാൽക്കുളങ്ങര അധികാരത്തിൽ
ആനെറെവെട്ടത്തു പാട്ടവിളാകത്തു
കൊച്ചൻ വൈദ്യനാൽ
ഉണ്ടാക്കപ്പെട്ടത്.

ടി-യാരൊട്ടു അവകാശം വാങ്ങി
പെരുമാൾ സുബ്രഹ്മണ്യപിള്ളയുടെ
സ്വന്തചിലവിന്മെൽ
തിരുവനന്തപുരം
കെരളവിലാസം അച്ചുക്കൂടത്തിൽ
അച്ചടിപ്പിക്കപ്പെട്ടത്.

൧൦൬൪

ശൌണ്ഡികൊല്പത്തി

(ശീലാവതി ആദ്ദ്യമട്ടു.)

ഹരിഃശ്രീഗണപതയെനമഃ

അവിഘ്നമസ്തു

കൈലാസമന്ദിരെ വാണരുളീടുന്ന ശൈലെശപു
ത്രിതൻ കാന്താശംഭൊ - ഫാലവിലൊചന കാലകാല
ഭവ പാലയമാം പരമെശായെന്നു - ശൂലപാണിതിരു
നാമങ്ങളുംപാടി ചെലൊടെവന്നശുകപ്പൈതലെ- പാ
ൽപഴംശർക്കര തെനുംകലൎന്നപാൻ താലത്തിൽവെ
ച്ചിരിക്കുന്നതെങ്ങൾ - കാലംകളയാതെ ഭക്ഷിച്ചിരുന്നു
നീ ആലസ്യംനീക്കിസ്സുഖംവരുത്തി - മാലൊകൎക്കുബൊ
ധിപ്പാൻ ശൌണ്ഡികൊല്പത്തിയും ചാലെയവരുടെ വൃ
ത്തിയുമവൻ - കാലാലയംചെന്നാൽ ശെഷികൾചെ
യ്യെണ്ടും കൊലാഹലങ്ങളുമാശൌചവും - മെലാൽനട
ക്കെണ്ടും കൎമ്മമുറകളും ബാലെപറകനീ ലീലയൊടെ-
ഇങ്ങനെസത്തുകൾ ചൊന്നതുകെട്ടുടൻ മംഗലശീല
യാംപൈങ്കിളിയും- തിങ്ങിനമൊദെനപാൽപഴവുംഭുജി
ച്ചുംഗസുഖത്തൊടിരുന്നുചൊന്നാൾ- വാരണവക്ത്രനും
ഭാരതീദെവിയും മാരാരിയും പരമെശ്വരിയും - നാരദ
വാത്മീകി വ്യാസമഹാമുനി മാരു സുരെന്ദ്രാദി വൃന്ദങ്ങ
ളും - ശ്രീരാമസ്വാമിതൻ നാമധെയംപൂണ്ട ശ്രീമൽഗു
രുവും ഭൂദെവന്മാരും - ശ്രീസൂൎയ്യനാദി നവ ഗ്രഹവുമെന്നി
ൽ ശ്രീവരുമാറു തുണച്ചീടെണം - കെളിയെറും ശ്രീഅ
നന്തപുരംതന്നിൽ വ്യാളെശതല്പെ ശയിച്ചീടുന്ന - നാ
ളീകനാഭനാം നാരായണൻപദ നാളീകയുഗ്മംമൻ ചി

ശൗണ്ഡികൊല്പത്തി
(ശീലാവതി ആദ്യമട്ടു)

ഹരിഃശ്രീഗണപതയെ നമഃ
അവിഘ്നമസ്തു

കൈലാസമന്ദിരെ വാണരുളീടുന്ന ശൈലപുത്രിതൻ
കാന്താശംഭോ ഫാലവിലോചന കാലകാലഭവ പാലയ മാം
പരമെശായെന്നു ശൂലപാണി തിരുനാമങ്ങളും പാടി
ചെലൊടെ വന്ന ശുകപൈതലെ
പാൽ പഴം ശർക്കര തെനും കലർന്നു പൊൻ താലത്തിൽ
വെച്ചിരിക്കുന്നു ഞങ്ങൾ കാലം കളയാതെ ഭക്ഷിച്ചിരുന്നു നീ
ആലസ്യം നീക്കിസ്സുഖം വരുത്തി മാലൊകർ ബൊധിപ്പാൻ
ശൗണ്ഡികൊല്പത്തിയും ചാലെയവന്റെ വൃത്തിയുമവൻ
കാലാലയം ചെർന്നാൽ ശെഷികൾ ചെയ്യെണ്ടും
കൊലാഹലങ്ങളുമാശൗചവും മെലാൽ നടക്കെണ്ടും
കർമ്മമുറകളും ബാലെ പറക നീ ലീലയൊടെ
ഇങ്ങനെ സത്തുക്കൾ ചൊന്നതു കെട്ടുടൻ മംഗലശീലയാം
പൊൻകിളിയും തിങ്ങിനമൊദെന പാൽ പഴവും
ഭുജിച്ചംഗസുഖത്തൊടിരുന്നു ചൊന്നാൾ
വാരണവക്ത്രനും ഭാരതീദെവിയും മാരാരിയും പരമെശ്വരിയും
നാരദവാത്മീകി വ്യാസമഹാമുനിമാരു സുരെന്ദ്രാദി വൃന്ദങ്ങളും
ശ്രീരാമസ്വാമിതൻ നാമധെയം പൂണ്ട ശ്രീമൽ ഗുരുവും
ഭൂദെവന്മാരും ശ്രീസൂര്യനാദി നവ ഗ്രഹവുമെന്നിൽ
ശ്രീവരുമാറു തുണച്ചിടെണം കെളിയെറും ശ്രീ അനന്തപുരം
തന്നിൽ വ്യാളെശതല്പെ ശയിച്ചീടുന്ന നാളീകനാഭനാം
നാരായണൻ പദ നാളീകയുഗ്മമെൻ ചി

ത്തേവാഃക്ഷ് - ഇത്തരം ചൊല്ലി സ്തുതിച്ചു കിളിമകൾ ചി
ത്തം തെളിഞ്ഞു പറഞ്ഞാൾ മെല്ലെ - എങ്കിലൊന്നിതാ
ചൊൽവാൻ തുടങ്ങുന്നു ശങ്കരപുത്രനാം ശൌണ്ഡികന്റെ
ഉല്പത്തിവൃത്തിയുമാശൌചകർമ്മവു മെല്ലാരും കെട്ടാലും
മാലോകരെ - മാത്സ്യം പുരാണത്തിൽ മാമുനി ശൌനക
ൻ വാത്സല്യത്തോടു വ്യാഷപർവ്വാവാം - പൃഥ്വീശനുചൊ
ല്ലികേൾപ്പിച്ച ശൌണ്ഡികോല്പത്തി സംക്ഷേപിച്ചറി
യിച്ചീടാം - പണ്ടു രഥന്തരകല്പത്തിൽ മൊദാൽ ശ്രീകണ്ഠ
ൻ കൃതയുഗെ ശൈശിരമാം - കാലെ വനഭുവി തൊറും ന
ടന്നതി ചേലെറും ശൊണാക്രുലസരസ്സിൻ - തീരം പ്ര
വെശിച്ചു നൊക്കിനിന്നീടുമ ന്നേരത്തതിങ്ങനെ കാണാ
യ്യുന്നു - സാരസമാദി പ്രസൂനങ്ങളെക്കൊണ്ടു പൂരിച്ചു
ശൊഭിച്ച വാരിതന്നിൽ - ചാരുതയെറും മകരമത്സ്യം മു
മ്പാ യൊരൊരൊ ഝഷങ്ങൾ കളിക്കുന്നതും - പുഷ്പങ്ങളി
ൽ ചെന്നിരുന്നു മധുവുണ്ടു ഷട്പദജാലം മുരളുന്നതും -
പൊന്നിൻ നിറം കലർന്നീടിന്നൊരന്നങ്ങൾ മിന്നലെ
ന്നൊണം വിളങ്ങുന്നതും - കണ്ടുകണ്ടാനന്ദമഗ്നരായി
പ്രീതികൈക്കൊണ്ടു സുരലൊകത്തിങ്കൽനിന്നു - സുന്ദ
രിമാരാമൊരെഴ ദെവസ്ത്രീകൾ ചെന്നക്കാസാരെ കുളി
ത്തുടർന്നാർ - മെളത്തിൽ മുങ്ങിയും പൊങ്ങിയും നാരിമാ
രൊളത്തിൽ നീന്തി കളിച്ചും പിന്നെ - മങ്കമാർ കൊങ്കക
ൾ പങ്കജമൊട്ടുമായങ്കം പൊരുതു ജയിക്കുന്നതും - നീലി
മപൂണ്ടൊരു കെശവും ശൈവലജാലവും തമ്മിൽ പിണ
ങ്ങുകയും - ചഞ്ചലാക്ഷികടെ പുഞ്ചിരികാണുമ്പൊൾ
പഞ്ചമിച്ചന്ദ്രനുമഞ്ചിപ്പോകും - വസ്ത്രാദിഗതരായി നിസ്ത്ര
പമാരാക മസ്ത്രീകളിങ്ങനെ മെവുന്നെരം - അംബരവ
ജ്ജിതരാമവരെക്കണ്ടു മന്മഥബാണാൎത്തി പൂണ്ടൊരീശ
ൻ - സുന്ദരിമാരെ പുണർന്നീടുവാനുടൻ വഹ്നിയായ്
വന്നാൻ തടാകതീരെ - കത്തുന്നൊരഗ്നികണ്ടപ്പൊള
സ്ത്രീകളങ്ങൊത്തുകരയ്ക്കേറി ചെന്നു വെഗം - ശൈത്യം
സഹിയാതന്നാരിമാരന്നേരം മൃത്യുഞ്ജയാഗ്നിയെ പൂണ്ടു

ത്തെ വാഴ്ക ഇത്തരം ചൊല്ലി സ്തുതിച്ച കിളിമകൾ ചിത്തം
തെളിഞ്ഞു പറഞ്ഞാൾ മെല്ലെ എങ്കിലൊ ഞാനിതാ
ചൊൽവാൻ തുടങ്ങുന്ന ശങ്കരപുത്രനാം ശൗണ്ഡികന്റെ
ഉല്പത്തിവൃത്തിയുമാശൗചകർമ്മവുമെപ്പെരും കെട്ടാലും
മാലൊകരെ മാത്സ്യംപുരാണത്തിൽ മാമുനി ശൗനകൻ
വാത്സല്യത്തൊട്ടു വൃഷപർവാവാം പൃത്ഥ്വീശന്നു ചൊല്ലി
കെൾപ്പിച്ച ശൗണ്ഡികൊല്പത്തി സംക്ഷെപിച്ചറിയിച്ചീടാം
പണ്ടു രഥന്തരകല്പത്തിൽ മൊദാൽ ശ്രീകണ്ഠൻ കൃതയുഗെ
ശൈശിരമാം കാലെ വനഭുവിതൊറും നടന്നതി ചെലെറും
ശൊണാകൂലസരസ്സിൻ തീരം പ്രവെശിച്ച
നൊക്കിനിന്നീടുമന്നെരത്തതിങ്ങനെ കാണായ് വന്നു
സാരസമാദി പ്രസൂനങ്ങളെക്കൊണ്ടു പൂരിച്ചു ശൊഭിച്ച വാരി
തന്നിൽ ചാരുത്വമെറും മകരമത്സ്യം മുമ്പായൊരൊ
ത്ധഷങ്ങൾ കളിക്കുന്നതും പുഷ്പങ്ങളിൽ ചെന്നിരുന്നു മധുവുണ്ടു
ഷൾപ്പദജാലം മുരളുന്നതും പൊന്നിൻ നിറം
കലർന്നീടിന്നൊരന്നങ്ങൾ മിന്നലെന്നൊണം വിളങ്ങുന്നതും
കണ്ടുകണ്ടാനന്ദമഗ്നരായ് പ്രീതി കൈക്കൊണ്ടു
സുരലൊകത്തിങ്കൽ നിന്നു സുന്ദരിമാരാമൊരെഴു
ദെവസ്ത്രീകൾ ചെന്നക്കാസാരെ കുളി തുടർന്നാർ
മെളത്തിൽ മുങ്ങിയും പൊങ്ങിയും നാരിമാരൊളത്തിൽ
നീന്തിക്കളിച്ചും പിന്നെ മങ്കമാർ കൊങ്കകൾ
പങ്കജമൊട്ടുമായങ്കം പൊരുതു ജയിക്കുന്നതും
നീലിമ പൂണ്ടൊരു ശെവും ശൈവലജാലവും തമ്മിൽ
പിണങ്ങുകയും ചഞ്ചലാക്ഷികടെ പുഞ്ചിരി കാണുമ്പൊൾ
പഞ്ചമിച്ചന്ദ്രനുമഞ്ചിപ്പൊകും വസ്ത്രവിഗതരായി
നിസ്ത്രപമാരാകമസ്ത്രീകളിങ്ങനെ മെവുന്നെരം
അംബരവർജ്ജിതരാമവരെക്കണ്ടു മന്മഥബാണാർത്തി
പൂണ്ടൊരീശൻ സുന്ദരിമാരെ പുണർന്നീടുവാനുടൻ
വഹ്നിയായ് വാണാൻ തടാകതീരെ
കത്തുന്നൊരഗ്നികണ്ടപ്പൊളസ്ത്രീകളങ്ങൊത്തു കരയ്ക്കെറി
ചെന്നു വെഗം ശൈത്യം സഹിയാതന്നാരിമാരന്നെരം
മൃത്യുഞ്ജയാഗ്നിയെ പൂണ്ടു

നിന്നാർ - അന്നെരമീശാന്നി ദെവാംഗനമാരെ ഒന്നൊന്നായെല്ല്യാരെയും പുണന്ന് - വൃന്ദാരകസ്ത്രീക ളെഴുപെക്കംഗള് മന്നുധരിച്ചുപ്പാടിച്ചാന്നെരം - ഏകമുഹൂൎത്തംകൊണ്ടക്കുമാരന്മാൎക്കുണ്ടെകിപൊൽയൌവ്വനംവാമദെവൻ-വീരന്മാരാംകുമാരന്മാരെക്കണ്ടിന്നാരിമാരെററവുംപ്രീതിയൊടെ - ശ്രീകാലകാലൻ തനിക്കായിന്നുൾകിട്ട സ്ത്രീകളുംതങ്ങടെ ലൊകംപൂക്കാർ - ഫാലവിലൊചനൻ നീലകണ്ഠൻപരൻ ബാലന്മാരെക്കണ്ടുസന്തൊഷിച്ചു - കാലമെക്രുട്ടിച്ചു കൊണ്ടുപൊയപ്പൊൾ ശ്രീ കൈലാസപൎവ്വതം തന്നിൽചെന്നു - ബാലാൎക്കതെജൊമയന്മാരായിനിൾകുന്ന ബാലന്മാരെക്കണ്ടു പാൎവ്വതിയും - പെട്ടെന്നുകൊപിച്ചുരചെയ്തതുകെട്ടു മട്ടലർബാണാരിചൊന്നാൻകാൎയ്യം - കെട്ടതിവിസ്മയം പൂണ്ടുശൈലാത്മജ വാട്ടംക്രൂടാതെ കരങ്ങൾകൊണ്ടു - തൊട്ടുതലൊടിത്തലൊടിയവൎക്കായി പ്പെട്ടെന്നനുഗ്രഹം നല്കിപ്പിന്നെ - ശൊണാക്രുലതടത്തിൽ നിന്നുണ്ടാകയാൽ ശൌണ്ഡികന്മാരെന്നു പെരുമിട്ടാൾ- അന്നെരംതന്നെ തെളിഞ്ഞുമഹാദെവൻ നന്ദനന്മാരും സുഖിച്ചുവാണാർ – ഇങ്ങനെവാഴുന്ന നാളിലൊരുദിന - മംഗജവൈരിതൻ കല്പനയാൽ - പെടമാൻകണ്ണിയാം പാൎവ്വതിദെവിയും ശ്രദ്ധമാംകൌളകൎമ്മത്തിനായി - മദ്യമുണ്ടാക്കുവാൻ ശൌണ്ഡികന്മാരെയു മുപ്പെദശിച്ചാക്കിനാൾ മൊദമൊടെ - അന്നാൾമുതൽസുരയുണ്ടാക്കിക്കൊണ്ടവർ പൊന്നിൻകുടത്തിലൊഴിച്ചടച്ചു - ഭൂതെശൻതൻകൌളകൎമ്മത്തിനായ്ക്കൊണ്ടു ഭൂദെവൻപൊക്കൽ കൊടുത്തയച്ചും - വിജ്ഞാനമാൎഗ്ഗങ്ങളെല്ലാമറിഞ്ഞു സൎവ്വജ്ഞഹിതത്തിങ്കൽ സക്തന്മാരായി – ഇങ്ങനെകാലം കുറഞ്ഞൊന്നുചെന്നപ്പൊ ളങ്ങൊരുനാൾ കുംഭംതന്നിൽമദ്യം - മൊദെനവീഴ്ത്തിനിറച്ചുവാങ്ങിക്കൂട്ടിയഭൂദെവൻകയ്യിൽകൊടുത്തയച്ചു - പിന്നെയശ്ശൌണ്ഡികൻ കാൎയ്യംവിചാരിച്ചു തന്നുടെപത്തനംതന്നിൽവാണു - പെ.കുംവഴിമദ്ധ്യെ ഭൂസുരൻചന്തി

നിന്നാർ അന്നെരമീശാഗ്നി ദെവാംഗനമാരെ
ഒന്നൊന്നായെല്ലാരെയും പുണർന്നു വൃന്ദാരകസ്ത്രീകളെഴ
പെർക്കും ഗർഭമന്നു ധരിച്ചുല്പാദിച്ചാ നെരം
ഏകമുഹൂർത്തങ്കൊണ്ടുകുമാരന്മാർക്കങ്ങെകിപൊൽ
യൗവനം വാമദെവൻ വീരന്മാരാം
കുമാരന്മാരെക്കണ്ടുന്നാരിമാരെറ്റവും പ്രീതിയൊടെ
ശ്രീകാലകാലൻ തനിക്കായി നൾകീട്ട സ്ത്രീകളും തങ്ങടെ
ലൊകം പൂക്കാർ ഫാലവിലൊചനൻ നീലകണ്ഠൻ പരൻ
ബാലന്മാരെക്കണ്ടു സന്തൊഷിച്ചു കാലമെ കൂട്ടിച്ചു
കൊണ്ടുപൊയപ്പൊൾ ശ്രീകൈലാസപർവതം തന്നിൽ
ചെന്നു ബാലാർക്കതെജൊമയന്മാരായി നിൾക്കുന്ന
ബാലന്മാരെക്കണ്ടു പാർവതിയും പെട്ടെന്നു
കൊപിച്ചുരചെയ്യതു കെട്ടു മട്ടലർബാണാരി ചൊന്നാൻ
കാര്യം കെട്ടതിവിസ്മയം പൂണ്ടു ശൈലാത്മജ വാട്ടം കൂടാതെ
കരങ്ങൾ കൊണ്ടു തൊട്ടുതലൊടി ത്തലൊടിയവർക്കായി
പ്പെട്ടെന്നനുഗ്രഹം നൾകിപ്പിന്നെ ശൊണാകൂലതടത്തിൽ
നിന്നുണ്ടാകയാൽ ശൗണ്ഡികന്മാരെന്നു പെരുമിട്ടാൾ
അന്നെരം തന്നെ തെളിഞ്ഞു മഹാദെവൻ നന്ദനന്മാരും
സുഖിച്ചു വാണാർ ഇങ്ങനെ വാഴുന്ന നാളിലൊരുദിന
മംഗജവൈരി തൻ കല്പനയാൽ പെടമാൻ കണ്ണിയാം
പാർവതിദെവിയും ഗൂഢമാം കൗളകർമ്മത്തിനായി
മദ്യമുണ്ടാക്കുവാൻ ശൗണ്ഡികന്മാരെയുമുദ്ദെശിച്ചാക്കിനാൾ
മൊദമൊടെ അന്നാൾ മുതൽ സുരയുണ്ടാക്കിക്കൊണ്ടവർ
പൊന്നിൻകുടത്തിലൊഴിച്ചടച്ചു ഭൂതെശൻതൻ കൗള
കർമ്മത്തിനായ്ക്കൊണ്ടു ഭൂദെവൻ പൊക്കൽ കൊടുത്തയയ്ക്കും
വിജ്ഞാനമാർഗ്ഗങ്ങളെല്ലാമറിഞ്ഞു സർവജ്ഞഹിതത്തിങ്കൽ
സക്തന്മാരായി ഇങ്ങനെ കാലം കുറഞ്ഞൊന്നു
ചെന്നപ്പൊളങ്ങൊരു നാൾ കുംഭം തന്നിൽ മദ്യം മൊദെന
വീഴ്ത്തി നിറച്ചു വായ്ക്കെട്ടിയ ഭൂദെവൻ കയ്യിൽ കൊടുത്തയച്ചു
പിന്നെയശ്ശൗണ്ഡികൻ കാര്യം വിചാരിച്ചു തന്നുടെ പത്തനം
തന്നിൽ വാണു പൊകും വഴി മദ്ധ്യെ ഭൂസുരൻ ചിന്തി

ച്ചൊ രാകാതകാൎയ്യത്തെ കെട്ടുകൊൾവിൻ — പീയൂഷ
സാമ്യമാം കാദംബരിമമ കൈവശമായിരിക്കുന്നതിനാ
ൽ — എന്തെങ്കിലുമിതിലെതാനംസെവിച്ചി ട്ടെന്തുരസ
മെന്നറിഞ്ഞീടെണം— ഏവംനിരൂപിച്ചുഭൂദെവന്മന്ദംപൊ
യി ഭാവംപകൎന്നതി മൊദമൊടെ — കയ്യിലിരുന്ന മദി
രകുംഭംകൊണ്ടുകൈലാസപൎവ്വതതാഴ്വരയിൽ — ആററി
ൻകരെവെച്ചു വാസ്സൂട്ടഴിച്ചുടൻ മാററീട്ടു പാനംചെയ്തു
ത്രമാത്രം — വാരിയെക്കൊരി നിറച്ചുബന്ധിച്ചവൻ പാ
രാതെടുത്തുകൊണ്ടങ്ങുചെന്നു — പൂജസമയത്തെ ലംഘി
ച്ചുഭൂസുരൻ വ്യാജജനഭൂതെശൻമുന്നിൽവെച്ചു — ധീരനാ
യും സുരപാനിയായുംനിന്ന ചൊരനാം വിപ്രനെക്കണ്ടു
ശംഭു — കാൎയ്യമശെഷവു മുൾക്കണ്ണുകൊണ്ടറി ഞ്ഞാരണ
നൊടരുൾ ചെയ്താനെവം — കൎമ്മസമയംനീ ലംഘനം
ചെയ്കയാൽ കൎമ്മവിഘ്നമിന്നു വന്നുപൊയി — ആകയാ
ൽനീചെന്നു ശൌണ്ഡികനെയിങ്ങൊ ട്ടാഗമിപ്പാനായുര
കവെഗം — അപ്പൊഴഭൂസുരൻ ചിന്തിച്ചുമാനസെ ഇ
പ്പൊഴെന്തൊന്നുഞാൻ ചെയ്യെണ്ടതു — ഇങ്ങനെചഞ്ച
ലമാനസനായിചെന്നി ട്ടങ്ങുണൎത്തിച്ചു താൻചെയ്തകാ
ൎയ്യം — പിന്നെപ്പുരമീശൻ കല്പിച്ചയച്ചതു മന്നെരംശൌ
ണ്ഡികനൊടുചൊല്ലി — നിന്നതുനെരത്തുകൊപിച്ചുശൌ
ണ്ഡികൻ കൊന്നിതുവിപ്രനെ ശസ്ത്രംകൊണ്ടു — വിപ്ര
ന്റെശീൎഷം കരസ്ഥമാക്കികൊണ്ടു ഉല്പുകവൈരിസമീ
പെചെന്നു — ഭൂസുരൻചൊന്നൊരുവാൎത്തയും താൻചെ
യ്താ രുസുരകൎമ്മവും ബൊധിപ്പിച്ചു — ശൊണിതഗാത്ര
നായിശീൎഷധാരിയായ ശൊണിതനെത്രനാം ശൌണ്ഡി
കനെ — കണ്ടുകൊപം മനക്കാമ്പിൽമുഴുത്തു ശ്രീകണ്ഠനെ
ഴുന്നെററു ചെന്നുശീഘ്രം — തൃക്കരംകൊണ്ടു തടുത്തുനിൎത്തി
പിന്നെ തൎക്കത്തിൽകല്പിച്ചാനിപ്രകാരം— എന്തെടാശൌ
ണ്ഡികാ എന്തുപ്രവൃത്തിയി തെന്തിനായിക്കൊണ്ടിന്നീ
യന്തണനെ — ഹന്തവധിച്ചതു ചിന്തിക്കുംതൊറുമെ ന്ന
ന്തരംഗംപാരംവെന്തീടുന്നു— ബ്രഹ്മഹത്യദൊഷാൽബാ

ച്ചൊരാ കാര്യത്തെ കെട്ടുകൊൾവിൻ പീയൂഷസാമ്യമാം
കാദംബരി മമ കൈവശമായിരിക്കുന്നതിനാൽ
എന്തെങ്കിലുമിതിലെ താനം
സെവിച്ചിട്ടെന്തുരസമെന്നറിഞ്ഞീടെണം
ഏവം നിരൂപിച്ച ഭൂദെവന്മന്ദം പൊയി ഭാവം
പകർന്നതിമൊദമൊടെ കയ്യിലിരുന്ന മദിരകുംഭം കൊണ്ടെ
കൈലാസപർവതതാഴ്വരയിൽ ആറ്റിൻകരെവെച്ചു
വായ്ക്കെട്ടഴിച്ചുടൻ മാറ്റീട്ടു പാനം ചെയ്തുത്രമാത്രം
വാരിയെക്കൊരി നിറച്ചു ബന്ധിച്ചവൻ പാരാതെടുത്തു
കൊണ്ടങ്ങു ചെന്നു പൂജസമയത്തെ ലംഘിച്ചു ഭൂസുരൻ
വ്യാജെന ഭൂതെശൻ മുന്നിൽ വെച്ചു ധീരനായും
സുരപാനിയായും നിന്ന ചൊരനാം വിപ്രനെക്കണ്ടു ശംഭു
കാര്യമശെഷവുമുൾക്കണ്ണുകൊണ്ടറിഞ്ഞാരണനൊടരുൾ
ചെയ്താനെവം കർമ്മസമയം നീ ലംഘനം ചെയ്കയാൽ
കർമ്മവിഘ്നമിന്നു വന്നുപൊയി ആകയാൽ നീ ചെന്നു
ശൗണ്ഡികനെയിങ്ങൊട്ടാഗമിപ്പാനായ്പറക വെഗം
അപ്പൊഴഭൂസുരൻ ചിന്തിച്ചു മാനസെ ഇപ്പൊഴെന്തൊന്നു
ഞാൻ ചെയ്യെണ്ടതു ഇങ്ങനെ ചഞ്ചലമാനസനായി
ചെന്നിട്ടങ്ങുണർത്തിച്ചു താൻ ചെയ്തകാര്യം പിന്നെപ്പരമീശൻ
കല്പിച്ചയച്ചതുമന്നെരം ശൗണ്ഡികനൊട്ടു ചൊല്ലി
നിന്നതുനെരത്തു കൊപിച്ചു ശൗണ്ഡികൻ കൊന്നിതു
വിപ്രനെ ശസ്ത്രം കൊണ്ടു വിപ്രന്റെ ശീർഷം കരസ്ഥമാക്കി
ക്കൊണ്ടു ദർപ്പകവൈരി സമീപെ ചെന്നു ഭൂസുരൻ
ചൊന്നൊരു വാർത്തയും താൻ ചെയ്തൊരാസുരകർമ്മവും
ബൊധിപ്പിച്ചു ശൊണിതഗാത്രനായി ശീർഷധാരിയായ
ശൊണിതനെത്രനാം ശൗണ്ഡികനെ കണ്ടു കൊപം
മനക്കാമ്പിൽ മുഴുത്തു ശ്രീകണ്ഠനെഴുന്നെറ്റു ചെന്നു ശീഘ്രം
തൃക്കരം കൊണ്ടു തടുത്തുനിർത്തി പിന്നെ തക്കത്തിൽ
കല്പിച്ചാനിപ്രകാരം എന്തെടാ ശൗണ്ഡികാ
എന്തുപ്രവൃത്തിയിതെന്തിനായിക്കൊണ്ടിന്നീയന്തണനെ
ഹന്ത വധിച്ചതു ചിന്തിക്കുംതൊറുമെന്നന്തരംഗം പാരം
വെന്തീടുന്നു ബ്രഹ്മഹസ്തിദൊഷാൽ ബാ

ധിതനാംഭവാ നെന്മുന്നിൽനിൽക്കാതെ ദൂരെപൊകാ-
ഭൎഗ്ഗനീവന്നും പറഞ്ഞതുകെട്ടവൻ ദുഃഖംമുഴുത്തു സ്തുതി
ച്ചാനെവം - ഗംഗാധരഗൌരി കാന്താശിതികണ്ഠ മ ഗ
ലമൂൎത്തെ മഹെശാശംഭൊ - ഖണ്ഡപരശൊഗിരീശാശ്രു
ചിൻമൂൎദ്ധാ മുണ്ഡമാലധരാമൃത്യുഞ്ജയ - ത്ര്യ ബകസ്ഥാ
ണൊ മഹാദെവംരംശാര നൂജ്ജ്വലഗാത്ര കൃശാനുരെതാ
ഉഗ്രപിനാകിൻ കവൎദ്ദെശൎവശിവ രുദ്രമഹാദെവാ മൃഷ്ട
രാരെ - ഭ്രതിവിലെപന ഭീതിനിവാരണ ഭൂതെശമാതംഗ
ചൎമ്മധാരിൻ - ശംശാപശുപതെ ശ്രീകണ്ഠസൎവ്വജ്ഞ
ഈശാനധൂൎജ്ജടെ യൊഗദ്ധ്യാനസിൻ - ഭീമവൃഷഭധ്വജ
വ്യൊമകെശഭവ വാമദെവഭൎഗ്ഗകൃത്തിവാസ - നീലലൊ
ഹിത പ്രമഥാധിപാഹരെ ഫാലാക്ഷത്ര്യക്ഷവിരൂപനെ
ത്ര - ശങ്കരശാശ്വത ചന്ദ്രക്കലധര ചെങ്കനൽക്കണ്ണ
ശ്രീനീലകണ്ഠ - പങ്കജബാണാരെ കാലകാലമമ സ
ങ്കടംതീൎത്തുമാം പാലിച്ചാലും - ഇങ്ങനെചൊല്ലി സ്തുതി
ച്ചുടൻശൌണ്ഡികൻ - തിങ്ങിനവെദനപൂണ്ടുചൊന്നാ
ൻ - വിപ്രനിവൻനമ്മെ വഞ്ചിച്ചുമല്ലത്തെ തൂപ്പിവരുവൊ
ളം പാനംചെയ്തു - സെവിച്ചതിനുസമ മുദകംചെത്തു
സെവസ്സുകൊണ്ടിങ്ങു വന്നാനെല്ലൊ - അപ്പരമാൎത്ഥമ
റിഞ്ഞു ഞാൻവിപ്രനെ ക്ഷിപ്രംവധിച്ചെൻ കരുണസി
ന്ധൊ - എന്തെന്നാലുമിനി തമ്പുരാൻതന്നുടെ ചിന്തി
തംപൊലെ നിവൎത്തിച്ചാലും - കൎമ്മണവാചാ മനസാ
യാവൻകൌള കൎമ്മവിഘ്നംചെയ്യാനിച്ഛിക്കുന്നു - സന്ദെ
ഹംകൂടാതെ വദ്ധ്യനവനതു തന്നെഇവനെഞാൻ കൊ
ന്നതിപ്പൊൾ - പാപിയായുള്ളൊരിവൻറവധംകൊ
ണ്ടു പാപമിനിക്കൊരുനാളുമില്ല - ഇങ്ങനെശൌണ്ഡിക
ൻ ചൊന്നതുകെട്ടുടൻ ഗംഗാധരനും ചിരിച്ചരുളി- സ
ൎവ്വംസൎവ്വകാൎയ്യങ്ങൾക്കമാധാര മുൎവ്വീശ്വരരെന്നുവെദം
നാലും - സൎവ്വമുനിമാരും ചൊല്ലുന്നതുകൊണ്ടു ശൎവ്വനാം
ഞാനും പറിഞ്ഞീവന്നും- പാപമില്ലെന്നുനീധൈൎയ്യ്വണ
ചൊന്നതു പാപഹരമാംകുളകൎമ്മത്തിൻ - പ്രാഭവംകെ

ധിതനാം ഭവാനെന്മുന്നിൽനിൽക്കാതെ ദൂരെ പൊകാ
ഭർഗ്ഗനീവണ്ണം പറഞ്ഞതുകെട്ടവൻ ദുഃഖം മുഴുത്തു
സ്തുതിച്ചാനെവം
ഗംഗാധരഗൗരികാന്താശിതികണ്ഠമംഗലമൂർത്തെ
മഹെശശംഭൊ ഖണ്ഡപരശൊ ഗിരീശാ ശൂലിൻ
മൃഡാമുണ്ഡമാലധരാമൃത്യുഞ്ജയ ത്ര്യംബകസ്ഥാണൊ
മഹാദെവ ഈശ്വര നൃമ്മലഗാത്ര കൃശാനുരെതൊ
ഉഗ്രപിനാകിൻ കവർദ്ദെശർവശിവ രുദ്രമഹാദെവാ
മുപ്പുരാരെ ഭൂതിവിലെപനഭീതിനിവാരണ
ഭൂതെശമാതംഗചർമ്മധാരിൻ ഈശാ പശുപതെ
ശ്രീകണ്ഠസർവജ്ഞ ഈശാനധൂർജ്ജടെ യാഗധ്വംസിൻ
ഭീമവൃഷദ്ധ്വജവ്യൊമകെശഭവവാമദെവഭർഗ്ഗകൃത്തിവാസ
നീലലൊഹിത പ്രമഥാധിപാഹരെ
ഫാലാക്ഷത്ര്യക്ഷപിരൂപനെത്ര ശങ്കരശാശ്വത ചന്ദ്രക്കലധര
ചെങ്കനൽക്കണ്ണ ശ്രീനീലകണ്ഠ പങ്കജബാണാരെ കാലകാല
മമ സങ്കടം തീർത്തു മാം പാലിച്ചാലും ഇങ്ങനെ ചൊല്ലി
സ്തുതിച്ചുടൻ ശൗണ്ഡികൻ തിങ്ങിനവെദന പൂണ്ടു ചൊന്നാൻ
വിപ്രനിവൻ നമ്മെ വഞ്ചിച്ചു മദ്യത്തെ തൃപ്തിവരുവൊളം പാനം
ചെയ്തു സെവിച്ചതിനു സമമുദകം ചെർത്തു
സെവയ്ക്കുകൊണ്ടിങ്ങു വന്നാനെല്ലൊ അപ്പരമാർത്ഥമറിഞ്ഞു
ഞാൻ വിപ്രനെ ക്ഷിപ്രം വധിച്ചെൻ കരുണസിന്ധൊ
എന്തെന്നാലുമിനി തമ്പുരാൻ തന്നുടെ ചിന്തിതം പൊലെ
നിവർത്തിച്ചാലും കർമ്മണെ വാചാ മനസായാവൻ
കൗളകർമ്മവിഘ്നം ചെയ്യാനിച്ഛിക്കുന്നു സന്ദെഹം കൂടാതെ
വദ്ധ്യനവനതു തന്നെ ഇവനെ ഞാൻ കൊന്നതിപ്പൊൾ
പാപിയായുള്ളൊരിവന്റെ വധംകൊണ്ടു
പാപമിനിക്കൊരുനാളുമില്ല ഇങ്ങനെ ശൗണ്ഡികൻ ചൊന്നതു
കെട്ടുടൻ ഗംഗാധരനും ചിരിച്ചരുളി സർവർക്കും
സർവകാര്യങ്ങൾക്കുമാധാരമുർവീശ്വരരെന്നു വെദം നാലും
സർവമുനിമാരും ചൊല്ലുന്നതുകൊണ്ടു ശർവനാം ഞാനും
പറഞ്ഞീവണ്ണം പാപമില്ലെന്നു നീ ധൈര്യെണ ചൊന്നതു
പാപഹരമാം കുളകർമ്മത്തിൻ പ്രാഭവം കൊ

ണ്ടത്രെ ബ്രഹ്മഹത്യയായ പാപാലൊരിക്കലും ബദ്ധന
ല്ല- പിന്നെയിതുകെൾക്ക ദൂരെപ്പൊകെന്നു ഞാൻ ചൊ
ന്നതുമാററുവാനാവതില്ല - ക്രൂരകൎമ്മങ്ങളിൽബുദ്ധിചെ
ല്ലുന്നൊരു പാരിൽപതിതത്വം വന്നുകൂട്ടും - എന്നെ
ല്ലൊവെദങ്ങൾ നാലുമൊതീടുന്നു എന്നുധരിച്ചാലും
ശൌണ്ഡികന്നീ - എവംമഹെശ്വരവാക്യങ്ങൾകെട്ടവൻ
കൊപവും ശൊകവും പൂണ്ടുദെഹം - ഏററംതപിച്ചീശ
നൊടവൻ ചൊല്ലിനാൻ പൊററീ പാപമിന്നിക്കില്ലെ
ന്നാകിൽ - എന്തിനായിക്കൊണ്ടു പതിതനാകുന്നു ഞാൻ
ചിന്തിച്ചുകണ്ടാലുംതമ്പുരാനെ - പൊകപൊകഎന്ന വാ
ക്കിനാലെന്തൊന്നു നാശവിഭ്രഷണാ ദൊഷമുള്ളു - ഇ
ത്ഥംപതിതനെന്നുള്ള വാക്യംമമ ചിത്തസന്താപം വള
ൎത്തീടുന്നു - നന്നുമരണം പതിതനാകുന്നെക്കാ ളെന്നു
ചൊല്ലീടുന്നുവിദ്വാന്മാരും-എന്നതിനാൽ നിന്തിരുവടിത
ന്നെമാംകൊന്നാലുംദൂരെഞാൻപൊകുന്നില്ല- ഭക്തന്റെ
കയ്യാൽ മരണമകപ്പെട്ടാൽ മുഖ്യമെന്നെല്ലൊ മുനിപ്രൊ
ക്തങ്ങൾ-ഇത്തരംദൈന്യെണചൊല്ലിനിൽക്കുന്നൊനെ
മൃത്യുഞ്ജയൻകണ്ടു ശാന്തനായി - പിന്നെ വിചാരിച്ചു
വനൊടു ചൊല്ലിനാനെന്നുടെ വാക്യം ശ്രവിച്ചാലും നീ
നീന്നുടെഭാഗ്യം നിമിത്തം പതിതത്വം വന്നുപൊയെന്നു
ള്ള പെടിവെണ്ടാ - ബ്രഹ്മജ്ഞനായി ഭവിപ്പതിനും പി
ന്നെ ബ്രഹ്മത്തൊടൊത്തു ലയിപ്പതിനും - കാരണമായുള്ള
കെവല കൎമ്മത്തെക്കാൾ സാരമായില്ലൊരു കൎമ്മമെങ്ങും-
ആരുമൊരുത്തരറിയുന്നതുമില്ല നെരെയിതിന്റെ പ്രഭാ
വംചൊൽവാൻ - മൂന്നുലൊകങ്ങളിലുമില്ലൊരുവനി
തെന്നുധരിച്ചാലും ശൌണ്ഡികന്നീ - ഗുഹ്യമായുള്ള കള
കമ്മൊപദെശം ദിവ്യമിതുനീഗ്രഹിച്ചു കൊൾക - ഏ
വംപറഞ്ഞുപദെശം കൊടുത്തീശൻ ഭാവംതെളിഞ്ഞരു
ൾ ചെയ്തുവീണ്ടും - എന്നാൽപതിതത്വ പാപങ്ങളെന്ന
തിൽ നിന്നുനീമുക്തനായി വന്നുകൂട്ടും - സാരൊപദെശ
ത്തെ സംഗ്രഹിക്കമൂലം പാരാതെ ബ്രഹ്മപദംചെന്നീ

ണ്ടത്രെ ബ്രഹ്മഹസ്തിയായ പാപാലൊരിക്കലും ബദ്ധനല്ല
പിന്നെയിതു കെൾക്ക ദൂരെപ്പൊകെന്നു ഞാൻ ചൊന്നതു
മാറ്റവാനാവതില്ല ക്രൂരകർമ്മങ്ങളിൽ ബുദ്ധിചെല്ലുന്നൊന്നു
പാരിൽ പതിതത്വം വന്നുകൂട്ടും എന്നെല്ലൊ വെദങ്ങൾ
നാലുമൊതീടുന്നു എന്നു ധരിച്ചാലും ശൗണ്ഡികാ നീ
ഏവം മഹെശ്വരവാക്യങ്ങൾ കെട്ടവൻ കൊപവും ശൊകവും
പൂണ്ടു ദെഹം ഏറ്റം തപിച്ചീശനൊടവൻ ചൊല്ലിനാൻ പൊറ്റീ
പാപമിനിക്കില്ലെന്നാകിൽ എന്തിനായിക്കൊണ്ടു
പതിതനാകുന്നു ഞാൻ ചിന്തിച്ചു കണ്ടാലും തമ്പുരാനെ
പൊകപൊക എന്ന വാക്കിനാലെന്തൊന്നു നാഗവിഭൂഷണാ
ദൊഷമുള്ളൂ ഇത്ഥം പതിതനെന്നുള്ള വാക്യം മമ
ചിത്തസന്താപം വളർത്തീടുന്നു നന്നു മരണം
പതിതനാകുന്നെക്കാളെന്നു ചൊല്ലീടുന്നു വിദ്വാന്മാരും
എന്നതിനാൽ നിന്തിരുവടിതന്നെ മാം കൊന്നാലും ദൂരെ
ഞാൻ പൊകുന്നില്ല ഭർഗ്ഗന്റെ കയ്യാൽ മരണമകപ്പെട്ടാൽ
മുഖ്യമെന്നെല്ലൊ മുനിപ്രൊക്തങ്ങൾ ഇത്തരം ധൈര്യെണ
ചൊല്ലിനിൾക്കുന്നൊനെ മൃത്യുഞ്ജയൻ കണ്ടു ശാന്തനായി
പിന്നെ വിചാരിച്ചവനൊട്ടു ചൊല്ലിനാനെന്നുടെ വാക്യം
ശ്രുവിച്ചാലും നീ നിന്നുടെ ഭാഗ്യം നിമിത്തം പതിതത്വം
വന്നുപൊയെന്നുള്ള പെടിവെണ്ടാ ബ്രഹ്മജ്ഞനായി
ഭവിപ്പതിനും പിന്നെ ബ്രഹ്മത്തൊടങ്ങു ലയിപ്പതിനും
കാരണമായുള്ള കൗളകർമ്മത്തെക്കാൾ സാരമായില്ലൊരു
കർമ്മമെങ്ങും ആരുമൊരുത്തരറിയുന്നതുമില്ല
നെരെയിതിന്റെ പ്രഭാവം ചൊൽവാൻ
മൂന്നുലൊകങ്ങളിലുമില്ലൊരുവനിതെന്നു ധരിച്ചാലും ശൗണിക
നീ ഗുഹ്യമായുള്ള കുളകർമ്മൊപദെശം ദിവ്യമിതു നീ ഗ്രഹിച്ചു
കൊൾക ഏവം പറഞ്ഞുപദെശം കൊട്ടുത്തീശൻ ഭാവം
തെളിഞ്ഞരുൾ ചെയ്തു വീണ്ടും എന്നാൽ പതിതത്വ
പാപങ്ങളെന്നതിൽ നിന്നു നീ മുക്തനായി വന്നുകൂട്ടും
സാരൊപദെശത്തെ സംഗ്രഹിക്കമൂലം പാരാതെ ബ്രഹ്മപദം
ചെർന്നീ

ട് ഈവണ്ണമുള്ള കുലകൎമ്മാവസ്ഥയാ നീയുമറപ്പൊടിരു
ന്നുവെങ്കിൽ - കെട്ടാലും നിന്റെ വംശത്തെക്കാൾ മ
റ്റൊരു ശ്രെഷ്ഠകുലമുണ്ടാകുന്നതല്ല - കൊവള കൎമ്മങ്ങൊ
ണ്ടു ചണ്ഡാലനാകിലും കെളെടൊപ്രാപിക്കും ബ്രാഹ്മ
ണ്യത്വം - വിശ്വാമിത്രാകമറ്റക്കിതെക്കാൾ മറ്റൊ ര
ഝ്വരകൎമ്മവ്രതങ്ങളില്ല - മല്ല്യമുണ്ടാക്കിയതുകൊണ്ടു ത
ന്നെനി നിത്യംകുലകൎമ്മം ചെയ്തുകൊൾക - നീയല്ലാതാ
രു മുണ്ടാക്കുന്നമത്ര്യമീ പൂജകൾ ാജിക്കയില്ലായെല്ലൊ
ഇന്നുനിനക്കു ബ്രഹ്മജ്ഞാനൊപദെശം തന്നതിനാൽ പൂ
ൎവ്വൽകൎമ്മങ്ങളും - പിന്നെലളിതാ ദെവിപൂജയുമൊ
ഴി ച്ചന്ന്യമാം ദെവതാരാധനങ്ങൾ - ഒന്നുംനിനക്ക വിധി
യല്ല ശൌണ്ഡിക എന്നാൽവിരൊധിക്കപ്പെട്ടതിനാൽ -
സൎവ്വാചാരങ്ങളും സൎവ്വകൎമ്മങ്ങളും മുനീശ്വരന്മാർ നട
ത്തുംപൊലെ - നീയുംനടത്തിക്കൊൾക കെവംമയാകൃതം
ന്ന്യായമിതെന്നു ധരിച്ചീടെണം - നിൎമ്മലനായ നിനക്കു
പതിതത്വ കന്മഷംവന്നു ഭവിക്കയാലെ - മന്ത്രംകൂടാ
തെ ചെയ്യെണംനീ കൎമ്മങ്ങൾ തന്ത്രംമുൻപായിട്ടു ചെ
യ്താൽപൊരും - എന്നാൽ മന്ത്രംകൊണ്ടു ചെയ്യുംകൎമ്മം
പൊലെ വന്നീടുമെല്ലൊ ഫലമതിന്നും - ഇപ്രകാരമെ
ന്റെ കല്പനയൊൎത്തറി ഞ്ഞിപ്രപഞ്ചത്തിൽ നിന്റെ
വംശത്തിൽ - യാവനൊരുവൻ സ്ഥിതിചെയ്യുന്നാകി
ലും കെവലം ബ്രഹ്മപദംപ്രാപിക്കും - അതയതുകൊണ്ടു
നീയെന്റെ വചനത്തെ മായമൊഴിഞ്ഞു ഗ്രഹിക്കയെ
ന്നാൽ - നല്ലതുവന്നു ഭവിക്കുമെന്നിവണ്ണം മല്ല്യബാ
ണാരി യരുൾചെയ്തപ്പൊൾ - കല്യാണശീലനാം ശൌ
ണ്ഡികനായതു നല്ലപൊലെ ശിരസിധരിച്ചു - കൎമ്മം
വിധിപൊലെ ചെയ്തുചെയ്യുന്നവൻ ബ്രഹ്മജ്ഞാനത്തി
ങ്കൽ തല്പരനായി - ഭൂലൊകംതന്നിൽ മഹെശ്വരവാക്കു
കൊണ്ടാലസ്യംകൂടാതെ വാണനൈസ്വരം - ഈവണ്ണ
മുള്ളൊരു പൃശ്നമുദ്ദെശിച്ചു യാവനൊരുത്തൻ കുലകൎമ്മ
ത്തിൽ - സംസ്ഥിതിചെയ്യുന്നു യെന്നാലവനുടൻ സ്വ

ട്ടം ഈവണ്ണമുള്ള കുളകർമ്മാവസ്ഥയാ
നീയുമുറപ്പൊടിരുന്നുയെങ്കിൽ കെട്ടാലും നിന്റെ
വംശത്തെക്കാൾ മറ്റൊരു ശ്രേഷ്ഠകുലമുണ്ടാകുന്നതല്ല
കൗളകർമ്മംകൊണ്ടു ചണ്ഡാലനാകിലും കെളെടൊ
പ്രാപിക്കും ബ്രാഹ്മണ്യത്വം വിദ്വാന്മാരാകുമവർക്കിതെക്കാൾ
മറ്റൊരദ്ധ്വരകർമ്മവ്രതങ്ങളില്ല മദ്യമുണ്ടാക്കിയതുകൊണ്ടു
തന്നെ നീ നിത്യം കുളകർമ്മം ചെയ്തുകൊൾക
നീയല്ലാതാരുമുണ്ടാക്കുന്ന മദ്യമീ പൂജക്കു
യൊജിക്കയില്ലായെല്ലൊ ഇന്നു നിനക്കു
ബ്രഹ്മജ്ഞാനൊപദെശം തന്നതിനാൽ പൂണ്യൽക്കർമ്മങ്ങളും
പിന്നെ ലളിതാദെവിപൂജയുമൊഴിച്ചന്യമാം
ദെവതാരാധനങ്ങൾ ഒന്നും നിനക്കു വിധിയല്ല ശൗണ്ഡിക
എന്നാൽ വിരൊധിക്കപ്പെട്ടതിനാൽ സർവാചാരങ്ങളും
സർവകർമ്മങ്ങളുമുർവീശ്വരന്മാർ നടത്തുംപൊലെ
നീയും നടത്തിക്കൊൾകെവം മയാ കൃതം ന്യായമിതെന്നു
ധരിച്ചീടെണം നൃർമ്മലനായ നിനക്കു പതിതത്വകന്മഷം വന്നു
ഭവിക്കയാലെ മന്ത്രം കൂടാതെ ചെയ്യെണം നീ കർമ്മങ്ങൾ
തന്ത്രം മുൻപായിട്ടു ചെയ്താൽ പൊരും എന്നാൽ മന്ത്രം
കൊണ്ടു ചെയ്യും കർമ്മം പൊലെ വന്നീടുമല്ലൊ ഫലമതിന്നും
ഇപ്രകാരമെന്റെ കല്പനയൊർത്തറിഞ്ഞിപ്രപഞ്ചത്തിൽ
നിന്റെ വംശത്തിൽ യാവനൊരുവൻ
സ്ഥിതിചെയ്യെന്നാകിലും കെവലം ബ്രഹ്മപദം പ്രാപിക്കും
ആയതുകൊണ്ടു നീയെന്റെ വചനത്തെ മയമൊഴിഞ്ഞു
ഗ്രഹിക്കയെന്നാൽ നല്ലതുവന്നു ഭവിക്കുമെന്നീവണ്ണം
മുല്ലബാണാരിയരുൾചെയ്തപ്പൊൾ കല്യാണശീലനാം
ശൗണ്ഡികനായതു നല്ലപൊലെ ശിരസി ധരിച്ചു
കർമ്മം വിധിപൊലെ ചെയ്തുചെയ്തങ്ങവൻ
ബ്രഹ്മജ്ഞാനത്തിങ്കൽ തല്പരനായി ഭൂലൊകം തന്നിൽ
മഹെശ്വരവാക്കുകൊണ്ടാലസ്യം കൂടാതെ വാണു സ്വൈരം
ഈവണ്ണമുള്ളൊരു പൃശ്നമുദ്ദെശിച്ചു യാവനൊരുത്തൻ
കുളകർമ്മത്തിൽ സംസ്ഥിതി ചെയ്യുന്നുയെന്നാലവനുടൻ സ്വ

സ്ഥനായി ബ്രഹ്മപദം പ്രാപിക്കും - ഇങ്ങനെ ചൊല്ലിയി
രുന്നാൾ കിളിമകൾ മംഗലാത്മാക്കളും ചൊദ്യം ചെ
യ്യാർ - ശൌണ്ഡികന്മാരുടെ വംശഭെദങ്ങളെ വൎണ്ണിച്ചു
ചൊൽക കിളിക്കിടാവെ - ചൊല്ലിത്തുടങ്ങിനാൾ ശാ
രികപ്പെതലു മെല്ലാരുംകെട്ടുകൊണ്ടാലു മെംകിൽ -
ശൌണ്ഡ കന്മാരെന്നു നാമ മുണ്ടായതു ശൊണൊക്രല
ത്തിൽ പിറക്കമൂലം - വഹ്നിയന്മാരെന്നും തീയ്യന്മാരെ
ന്നതും വഹ്നിയിൽ നിന്നുണ്ടായ്വന്നതിനാൽ - മത്സ്യഹാര
കന്മാരെന്നു ചൊല്ലുന്നതും മത്സ്യമുണ്ടാക്കുന്നതിനാലത്രെ
ഈശങ്കൽ നിന്നുത്ഭവിച്ചതു കാരണ മീശവരെന്നുമൊരു
പെരുണ്ടായി - ഈഴത്തുരാജ്യത്തു നിന്നുവരികയാ ലീ
ഴവരെന്നും പറഞ്ഞീടുന്നു - ഇങ്ങനെ പൻകിളി ചൊ
ന്നതുകെട്ടപ്പൊൾ തിങ്ങിനമൊദെന ചൊദ്യംചെയ്യാർ
ക്രശാതെ ചൊൽകനീ ശൌണ്ഡികന്മാൎക്കുള്ളൊരാശൌ
ചകൎമ്മമുറകളെല്ലാം - കെട്ടുശുകപ്പെതലപ്പൊഴരുൾ
ചെയ്തു വാട്ടമകന്നിതു കെട്ടുകൊൾവിൻ - ഉത്തമന്മാ
രാകും ശൌണ്ഡികന്മാരെല്ലാം മൃത്യുഞ്ജയബീജ മാക
യാലെ - മന്ത്രംകൂടാതെ കൌളകൎമ്മംകല്പിച്ചു തന്ത്രം മ
തിയവൎക്കൊന്നൊത്താലും - അന്തണരെപ്പൊലുള്ളാചാര
കൎമ്മങ്ങൾ തന്ത്രപൂൎവ്വമായും ചെയ്യാമെല്ലൊ - ആയതി
നാൽ ശൌണ്ഡികന്മരിച്ചീടുമ്പൊ ളാശൌചാപിണ്ഡ
കാനാം വന്നീടും - പിന്നെമരിച്ചവനെസ്നാനംചെയ്യിച്ചു
ചന്ദനം ഭസ്മവും തെച്ചുനന്നായി - കണ്ടാൽമനൊഹര
മായുള്ള വസ്ത്രങ്ങൾ കൊണ്ടുപുതച്ചപ്രെത മെടുത്തു - ദ
ക്ഷിണദിക്കിൽ തലയായി ചിതയെ പ്രദക്ഷിണം
ചെയ്തു ശവംവെയ്ക്കണം - കൊടിയ്മൂടിക്കിടന്നൊ
രുവസ്ത്രത്തെ ചൊടെ മുറിച്ചു തന്ത്രി ചൊല്ലുമ്പൊൾ -
സൌവൎണ്ണത്തൊടു തിലൊദകദാനത്തെ ഭ്രവിൎണ്ണൊക്ക
ന്നെരം ചെയ്തീടെണം - തത്രുഖണ്ഡിച്ചുള്ള വസ്ത്രമൊ
രൊഹരി പുത്രന്റെ നെററിമെൽ കെട്ടീടെണം - ഈവ
സ്ത്രത്തിന്നുപെർ ശെഷമെന്നു ഭ്രമി ദൈവൊത്തമന്മാരും
ചൊല്ലീടുന്നു - പുത്രന്മാരല്ലാതെ മററുപ്പുചക്കാരീവസ്ത്രം

സ്ഥനായി ബ്രഹ്മപദം പ്രാപിക്കും ഇങ്ങനെ ചൊല്ലിയിരുന്നാൾ
കിളിമകൾ മംഗലാത്മാക്കളും ചൊദ്യം ചെയ്യാർ
ശൗണ്ഡികന്മാരുടെ വംശഭെദങ്ങളെ വർണ്ണിച്ചു ചൊൽക
കിളിക്കിടാവെ ചൊല്ലിത്തുടങ്ങിനാൾ
ശാരികപൈതലുമെല്ലാരും കെട്ടുകൊണ്ടാലുമെംകിൽ
ശൗണ്ഡകന്മാരെന്നു നാമമുണ്ടായതു ശൊണാകുലത്തിൽ
പിറക്കമൂലം വഹ്നിയന്മാരെന്നും തീയന്മാരെന്നതും വഹ്നിയിൽ
നിന്നുണ്ടായ്വന്നതിനാൽ മദ്യഹാരകന്മാരെന്നു ചൊല്ലുന്നതും
മദ്യമുണ്ടാക്കുന്നതിനാലത്രെ
ഈശങ്കൽ നിന്നുത്ഭവിച്ചതു കാരണമീശവരെന്നുമൊരു
പെരുണ്ടായി ഈഴത്തു രാജ്യത്തു നിന്നു
വരികയാലീഴവരെന്നും പറഞ്ഞീടുന്നു
ഇങ്ങനെ പൻകിളി ചൊന്നതു കെട്ടപ്പൊൾ തിങ്ങിനമൊദെന
ചൊദ്യംചെയ്യാർ ക്രൂശാതെ ചൊൽക നീ
ശൗണ്ഡികന്മാർക്കുള്ളൊരാശൗചകർമ്മമുറകളെല്ലാം
കെട്ടു ശുകപൈതലപ്പൊഴരുൾചെയ്തു വാട്ടമകന്നിതു
കെട്ടുകൊൾവിൻ ഉത്തമന്മാരാകും ശൗണ്ഡികന്മാരെല്ലാം
മൃത്യുഞ്ജയബീജമാകയാലെ മന്ത്രം കൂടാതെ കൗളകർമ്മം
കല്പിച്ചു തന്ത്രം മതിയവർക്കെന്നൊർത്താലും
അന്തണരെപ്പൊലുള്ളാചാരകർമ്മങ്ങൾ തന്ത്രപൂർവമായും
ചെയ്യാമെല്ലൊ ആയതിനാൽ
ശൗണ്ഡികന്മരിച്ചീടുമ്പൊളാശൗചം പിണ്ഡകാനാം വന്നീടും
പിന്നെ മരിച്ചവനെ സ്നാനം ചെയ്യിച്ചു ചന്ദനം ഭസ്മവും തെച്ചു
നന്നായി കണ്ടാൽ മനൊഹരമായുള്ള വസ്ത്രങ്ങൾ കൊണ്ടു
പുതച്ച പ്രെതമെടുത്തു ദക്ഷിണദിക്കിൽ തലയായി ചിതയെ
പ്രദക്ഷിണം ചെയ്തു ശവം വെയ്ക്കണം
കൊടിയറമൂടിക്കിടന്നൊരു വസ്ത്രത്തെ പാടെ മുറിച്ചു തന്ത്രി
ചൊല്ലുമ്പൊൽ സൗവർണ്ണത്തൊടു തിലൊദകദാനത്തെ
ഭൂവിണ്ണൊർക്കന്നെരം ചെയ്തീടെണം തത്ര ഖണ്ഡിച്ചുള്ള
വസ്ത്രമൊരൊഹരി പുത്രന്റെ നെറ്റിമെൽ കെട്ടീട്ടെണം
ഈ വസ്ത്രത്തിന്നു പെർ ശെഷമെന്നു ഭൂമി ദെവൊത്തമന്മാരും
ചൊല്ലീടുന്നു പുത്രന്മാരല്ലാതെ മറ്റു പുലക്കാരീ വസ്ത്രം

ബന്ധിക്കരുതെന്നുണ്ടായം - പിന്നെപ്രേതം ദഹിപ്പിച്ചാൽ ശ്മശാനത്തിൽ തന്നെബലിയും തിലൊദകവും ചെയ്യുസപിണ്ഡകനാകിയ നന്ദന നെകനവകുംഭം തന്നിൽവാരി - പൂരിച്ചുദക്ഷിണാംസെവെച്ചു ചെന്നുടൻ നെരെചിതയ്ക്കു മൂന്നാവൎത്തിയായി - ചുററിശ്മശാനത്തിന്റുത്തര ഭാഗത്തു തെറെറന്നുപിമ്പു തിരിഞ്ഞുനിന്നു - പൂൎണ്ണകുംഭമിട്ടുടച്ചതിൽ നൊക്കാതെ തൂൎണ്ണംകുളിച്ചു ഭവനംപൂക്ക - പിന്നെപ്പുലയുള്ളൊരെല്ലാരൊടുംകൂടീട്ടന്നെട്ടിനമുപവാസം ചെയ്യു - പിറെറന്നാൾക്ഷൌരം കഴിച്ചുകുളിച്ചുട നുററജനത്തൊടും തന്ത്രിയൊടും - കൂടീശ്മശാനസമീപദെശെ ചെന്നൊരാടൽ കൂടാതെതെക്കൊട്ടിരുന്നു - പിന്നെവലത്തെക്കാൽ മുട്ടുമ്മെമൂകത്തിത്തന്നെതിലൊദകത്തൊടുംകൂടി - ചെയ്യുകൊള്ളെണം ബലിപിന്നെസ്സഞ്ചയ തീയതിയൊളമതുകഴിഞ്ഞാൽ - ഒന്നുകുളിക്കെണം മൂന്നുമഞ്ചുമെഴ മെന്നദിവസങ്ങളിലാകുന്നു - ആയവക്കെവക്കും സഞ്ചയം കൊള്ളെണ്ടും തീയതിയാമാദിവസം വന്നാൽ - തന്ത്രിയാലെണ്ണചെന്റുള്ള പാൽകൊണ്ടുടൻ തന്ത്രപൂൎവ്വം ശിരസ്സിങ്കലെററുമുങ്ങിക്കുളിച്ചു ഗ്രഹമദ്ധ്യെതന്ത്രിയാലങ്ങുചെന്റുള്ള ഷഡംഗമെന്നു - കൎമ്മത്തെനന്നായി സമൎപ്പിച്ചനന്തരം ചെമ്മെപുറത്തു ബലിയിടെണം - പിന്നെസജ്ജനസമെതം തന്ത്രിയൊടും ചെന്റുശ്മശാനം വലത്തുവെച്ചു - അസ്ഥികളൊക്കെയെടുത്തു കെരീപത്ര പാത്രത്തിലിട്ടു പട്ടുകൊണ്ടു - മൂടിമരിച്ചാന്റെ പുത്രരിൽമൂത്തവൻ മൊട്ടിയായിവാമാംസത്തിങ്കൽ വെച്ചു - ച്ഛത്രംവിളക്കും പിടിപ്പിച്ചു പിണ്ഡകർ വാദ്യങ്ങളൊടും ഗമിച്ചുടനെ - പശ്ചിമാബ്ധിക്കൊഴുകും നദിതീരത്തൊ പശ്ചിമവാരിധി തൻകരെയ്ക്കൊ - നിന്നുടൻ തന്ത്രി പറയുന്നതുപൊലെ തന്നെകൎമ്മംചെയ്തിട്ടുജ്ജലത്തിൽ - അസ്ഥിയൊഴുക്കി കുളിച്ചിട്ടുവിപ്രന്മാർക്കസ്ഥിപൊൽദാനങ്ങൾ ചെയ്തുപിന്നെ - തന്ത്രിയാൽശുദ്ധി ചെയ്യൊരു

ബന്ധിക്കരുതെന്നു ഞായം പിന്നെ പ്രെതം ദഹിപ്പിച്ചാൽ
ശ്മശാനത്തിൽ തന്നെ ബലിയും തിലൊദകവും
ചെയ്ത സപിണ്ഡകനാകിയ നന്ദനനെകനവകുംഭം തന്നിൽ
വാരി പൂരിച്ചു ദക്ഷിണാംസെ വെച്ചു ചെന്നുടൻ നെരെ ചിതയ്ക്ക
മൂന്നാവർത്തിയായി ചുറ്റി ശ്മശാനത്തിനുത്തര ഭാഗത്തു
തെറ്റെന്നു പിമ്പു തിരിഞ്ഞു നിന്നു പൂർണ്ണകുംഭമിട്ടുടച്ചതിൽ
നൊക്കാതെ ഉൗർണ്ണം കുളിച്ചു ഭവനം പുക്ക
പിന്നെപ്പുലയുള്ളൊരെല്ലാരൊടും കൂടീട്ടന്നെദ്ദിനമുപവാസം
ചെയ്ക പിറ്റെന്നാൾ ക്ഷൗരം കഴിച്ചു കുളിച്ചുടനുറ്റജനത്തൊടും
തന്ത്രിയൊടും കൂടീ ശ്മശാനസമീപദെശെ ചെന്നൊരാടൽ മുട്ടു
ഭൂമൗ കുത്തിത്തന്നെ തിലൊദകത്തൊടും കൂടി
ചെയ്തുകൊള്ളണം ബലി
പിന്നെസ്സഞ്ചയതീയതിയൊളമതുകഴിഞ്ഞാൽ
ഒന്നു കുളിക്കെണം മൂന്നുമഞ്ചുമെഴുമെന്ന ദിവസങ്ങളിലാകുന്നു
ആയവർക്കെവർക്കും സഞ്ചയം കൊള്ളെണ്ടും തീയതിയാമാ
ദിവസം വന്നാൽ തന്ത്രിയാലെണ്ണ ചെർന്നുള്ള
പാൽകൊണ്ടുടൻ തന്ത്രപൂർവം ശിരസ്സിങ്കലെറ്റു
മുങ്ങിക്കുളിച്ചു ഗ്രഹമദ്ധ്യെ തന്ത്രിയാലങ്ങു ചെർന്നുള്ള
ഷഡംഗമെന്ന കർമ്മത്തെ നന്നായി സമർപ്പിച്ചനന്തരം
ചെമ്മെ പുറത്തു ബലിയിടെണം പിന്നെ സ്വജനസമെതം
തന്ത്രിയൊടും ചെർന്ന ശ്മശാനം വലത്തുവെച്ചു
അസ്ഥികളൊക്കെയെടുത്തു കെരീപത്ര പാത്രത്തിലിട്ടതു
പട്ടുകൊണ്ടു മൂടി മരിച്ചൊന്റെ പുത്രരിൽ മൂത്തവൻ
മൊടിയായി വാമാംസത്തിങ്കൽ വെച്ചു
ഛത്രം വിളക്കും പിടിപ്പിച്ചു പിണ്ഡകൻ വാദ്യങ്ങളൊടും
ഗമിച്ചുടനെ പശ്ചിമാബ്ധിക്കൊഴുകും നദീതീരത്തൊ
പശ്ചിമവാരിധി തൻ കരയ്ക്കൊ നിന്നുടൻ തന്ത്രി
പറയുന്നതുപൊലെ തന്നെ കർമ്മം ചെയ്തിട്ടജ്ജലത്തിൽ
അസ്ഥിയൊഴുക്കിക്കുളിച്ചിട്ടു വിപ്രന്മാർക്കാസ്ഥിപൊൽ
ദാനങ്ങൾ ചെയ്തു പിന്നെ തന്ത്രിയാൽ ശുദ്ധിചെയ്തൊരു

ഗ്രഹത്തന്നിൽ ബന്ധുക്കളൊടും ചെന്നങ്ങചെന്നു -
എല്ലാവരെയും പൂജിച്ചു വഴിപൊലെ നല്ലെണ്ണ താംബൂ
ലം ദാനംചെയ്തു - പിന്നെവിളക്കതണിക്കുന്നകമ്മവും
തന്നുടെ തന്ത്രി സമെതംചെയ്തു - സഞ്ചയനത്തെ സ്സമ
ൎപ്പിച്ചു മുന്നെപ്പൊലെയഞ്ചാതെപിണ്ഡകനും മറ്റുള്ള -
ശെഷികളാകും പുലക്കാരായുള്ളൊരും തൊഷമൊടെ
ബലിയിട്ടീടെണം - ആയവരന്യന്മാരായുള്ളമൎത്ത്യരെ കാ
യസ്സൾംചെയ്തു ക്രൂടായെല്ലൊ - ഏകാദശമൊ ത്രയൊദ
ശമൊദിന മെകിപൊലാശൌചം ശൌണ്ഡികൎക്ക -
പിന്നെപ്പുലകളി ഞ്ഞുള്ളദിനം വന്നാൽശ്ശുചിക്കാ
യിക്കൊണ്ടു തന്നെ - തന്ത്രിയാൽ ചെയ്യപ്പെട്ടൊരു തൈ
ലക്ഷീരം സമ്പ്രൊക്ഷത്തിന്നൊടുവിൽസ്നാനം - വെ
ഗെനചെയ്തു വിധിക്കാത്തതു പൊലെ ഗെഹമദ്ധ്യെ
തന്ത്രിയാൽ ചെയ്യപ്പെട്ടു - നിക്ഷെപിച്ചുള്ള ഷഡംഗക
ൎമ്മംനൂത്തി ദീക്ഷയില്ലെന്നാലന്നത്തെപിണ്ഡം - ചി
ത്രമാംപട്ടിട്ടു മൂടിയെടുത്തുട നുത്തമാംഗത്തിൽ വഹിച്ചു
കൊണ്ടു - വാദ്യംവിളക്കും കുടയെന്നിവയൊടും സദ്രൊ
ഗമിച്ചുദിണങ്ങരൊടും - പിന്നെസമുദ്രത്തിലൊ തീ
ൎത്ഥങ്ങളിലൊ ചെന്നതിൻ തീരത്തു നിന്നുതന്റെ -
തന്ത്രിയാൽ ചൊല്ലപ്പെടുന്ന കമ്മംചെയ്തി ട്ടന്തരംക്രൂടാ
തെപിണ്ഡമപ്പൊൾ - അജ്ജലം തന്നിലൊഴുക്കിത്തൻ
ശക്തിപൊൽ സജ്ജനങ്ങളാകും വിപ്രന്മാൎക്ക - ദാനവും
ചെയ്തു സ്വജനത്തൊടുംചെന്നി ട്ടാനന്ദമൊടുപുരം പൂ
കെണം - തന്ത്രികൾക്കമിണങ്ങന്മാൎക്കും തക്കപൊൽ
ചന്തമാം വസ്ത്രസ്വൎണ്ണാദികളെ - ദാനങ്ങളുംചെയ്തുവ
ൎക്കും ബന്ധുക്കൾക്കും മാനവന്മാരാം മററന്യന്മാൎക്കും -
അന്നദാനാദിചെയ്തു പുലയുംതീൎത്തു പിന്നെപ്പുണ്യാഹഗവ്യം
പാനംചെയ്തു - എന്നാലൊ സംവത്സരം തികഞ്ഞാല
പ്പൊൾ തന്നെചെയ്യെണ്ടും ക്രമംപറയാം - ശ്രാദ്ധമൂ
ട്ടെണം വിശെഷമായാവീട്ടിൽശ്രദ്ധയൊടെ പിണ്ഡക
ൎത്താക്കന്മാർ - സംവത്സരദീക്ഷ യെങ്കിൽസപിണ്ഡക
ൻ ചെമ്മെപിണ്ഡം സമൎപ്പിച്ചുക്രൂടാ - പിന്നെപ്പുലവീ

ഗ്രഹന്തന്നിൽ ബന്ധുക്കളൊടും ചെർന്നങ്ങു ചെന്നു
എല്ലാവരെയും പൂജിച്ചു വഴിപൊലെ നല്ലെണ്ണ താംബൂലം ദാനം
ചെയ്തു പിന്നെ വിളക്ക തണിക്കുന്ന കർമ്മവും തന്നുടെ
തന്ത്രിസമെതം ചെയ്ക സഞ്ചയത്തെസ്സമർപ്പിച്ചു
മുന്നെപ്പൊലെയഞ്ചാതെ പിണ്ഡകനും മറ്റുള്ള
ശെഷികളാകും പുലക്കാരായുള്ളൊരും തൊഷമൊടെ
ബലിയിട്ടീടെണം ആയവരന്യന്മാരായുള്ള മർത്യരെ
കായസ്പർശം ചെയ്തുകൂടായെല്ലൊ ഏകാദശമൊ
ത്രയൊദശമൊ ദിനമെകി പൊലാശൗചം ശൗണ്ഡികർക്കു
പിന്നെപ്പുലകുളി നെമിച്ചുള്ള ദിനം വന്നാൽ
ശുചിക്കായിക്കൊണ്ടു തന്നെ തന്ത്രിയാൽ ചെയ്യപ്പെട്ടൊരു
തൈലക്ഷീരം സമ്പ്രപൊക്ഷത്തിന്നൊടുവിൽ സ്നാനം
വെഗെന ചെയ്ക വിധിക്കൊത്തതുപൊലെ ഗെഹമദ്ധ്യെ
തന്ത്രിയാൽ ചെയ്യപ്പെട്ടു നിക്ഷെപിച്ചുള്ള ഷഡംഗകർമ്മം
നൃത്തി ദീക്ഷയില്ലെന്നാലന്നത്തെ പിണ്ഡം
ചിത്രമാം പട്ടിട്ടു മൂടിയെടുത്തുടനുത്തമാംഗത്തിൽ
വഹിച്ചുകൊണ്ടു വാദ്യം വിളക്കും കുടയെന്നിവയൊടും
സദ്യൊഗമിച്ചങ്ങിണങ്ങരൊടും പിന്നെ സമുദ്രത്തിലൊ
തീർത്ഥത്തിങ്കലൊ ചെന്നതിൻ തീരത്തു നിന്നു തന്റെ
തന്ത്രിയാൽ ചൊല്ലപ്പെടുന്ന കർമ്മം ചെയ്തിട്ടന്തരം കൂടാതെ
പിണ്ഡമപ്പൊൾ അജ്ജലം തന്നിലൊഴുക്കിത്തൻ
ശക്തിപൊൽ സജ്ജനങ്ങളാകും വിപ്രന്മാർക്കു
ദാനവും ചെയ്തു സ്വജനത്തൊടും ചെർന്നിട്ടാനന്ദമൊട്ടു പുരം
പൂകെണം തന്ത്രികൾക്കുമിണങ്ങന്മാർക്കും തക്കപൊൽ
ചന്തമാം വസ്ത്രസ്വർണാദികളെ ദാനങ്ങളും ചെയ്തവർക്കും
ബന്ധുക്കൾക്കും മാനവന്മാരാം മറ്റന്യന്മാർക്കും
അന്നദാനാദി ചെയ്തു പുലയും തീർത്തു പിന്നെപഞ്ചഗവ്യം
പാനം ചെയ്ക എന്നാലൊ സംവത്സരം തികഞ്ഞാലപ്പൊൾ
തന്നെ ചെയ്യെണ്ടും ക്രമം പറയാം ശ്രാദ്ധമൂട്ടെണം
വിശെഷമായാ വീട്ടിൽ ശ്രദ്ധയൊടെ പിണ്ഡകർത്താക്കന്മാർ
സംവത്സരദീക്ഷയെങ്കിൽ സപിണ്ഡകൻ ചെമ്മെ പിണ്ഡം
സമർപ്പിച്ചുകൂടാ പിന്നെപ്പുലവീ

ട്ടുകയുമരുതുമെൽ ചൊന്നവിധിദീക്ഷ യില്ലയെങ്കിൽ - ചെയ്യെണ്ടും കൎമ്മ മിതെന്നു ധരിച്ചാലും ചെയ്യസംസ്കാരവു മന്നുതന്നെ - ദീക്ഷയുണ്ടെങ്കിൽ സംവത്സരാന്തെ വെണം സൂക്ഷിച്ചു ചെയ്യാൻ സംസ്കാരാദികൾ - എന്നു പറയുന്നു വിദ്വജ്ജനമത്രു നന്നായറിയെണം ശൌണ്ഡികന്മാർ - വത്സരദീക്ഷ മരിച്ചവന്റെപുത്രെ നുത്സാഹത്തൊടെ ചെയ്യെണമെല്ലൊ ॥ മാതാപിതാക്കന്മാൎക്കള്ള ദീക്ഷതന്നെ ചെതസീംമാദാൽ വഹിക്കുന്നാകിൽ ॥ അന്നദാനവും ഗ്രഹശുദ്ധിയും ചെയ്തു യെന്നാലും സംസ്കാരം ചെയ്തുകൂടാ ॥ മുന്നെതുപൊലെ ബലിയാചരിക്കെണം പിന്നെസ്സംവത്സരാവധിതന്നിൽ ॥ ചെയ്യും ബലിദീക്ഷ യെന്നു മുനിമാരും പൊയ്യല്ല ചൊല്ലുന്നു ബൊധിച്ചാലും ॥ ദീക്ഷയുള്ളാനെല്ലാ നെരവും ശുദ്ധിയായി നൃക്ഷിച്ചിരിക്കെണം രാത്രിയിങ്കൽ ॥ ഭക്ഷിക്കരുതൊരു വസ്തുവും വാസരെ ഭക്ഷിച്ചുകൊള്ളാം വെണ്ടും പ്രകാരം ॥ ക്ഷൌരവുമന്യന്മാർ ദത്തമാം ഭൊജ്യവും ധീരതയൊടൊക്കെ വൎജ്ജിക്കെണം ॥ ആണ്ടുതികവൊളം മാസം തൊറും താതൻ മാണ്ട സമയത്തെ പക്കം തന്നിൽ തന്ത്രിയൊടും വിധിക്കൊത്തപൊൽ നന്നായി ചിന്തിച്ചൊരൊ പിണ്ഡം വെച്ചുകൊൾക ॥ കൂറൊടാമാസത്തിലൊന്നാം മാസത്തിലു മാറാം മാസത്തിലു മെകാദശ ॥ മാസത്തിലും തന്റെ ശക്തിക്കുതക്കപൊൽ മൊദമൊടന്നദാനങ്ങൾ ചെയ്തു ॥ ദ്വാദശമാസത്തിൽ ദീക്ഷിതാവിന്റെപിതാ പ്രെത ലയം ചെന്ന നക്ഷത്രത്തിൽ ॥ വാസരെ ദീക്ഷിതാവാകിയ പിണ്ഡകൻ സാദരം പിണ്ഡവുമൎപ്പിക്കെണം ॥ അന്നു സമന്മാരൊടും തന്ത്രിതന്നൊടും പിന്നെയിണങ്ങന്മാരൊടും കൂടി ॥ മുന്നം പറഞ്ഞതു പൊലെയുള്ള വിധി തന്നെ തീൎത്ഥത്തിലൊ സിന്ധുവിലൊ ॥ പിണ്ഡമൊഴുക്കി ഭൂമിസുരന്മാൎക്കായി കൊണ്ടു ഗൊഭൂമിതിലവും കൂട്ടി ॥ ദാനങ്ങൾ ശക്തിക്ക തക്കവണ്ണം ചെയ്തു മാനമൊടെ സദനത്തിൽ വന്നു ॥ പിന്നെ

ട്ടുകയുമരുതു മെൽ ചൊന്ന വിധി ദീക്ഷയില്ലെങ്കിൽ
ചെയ്യെണ്ടും കർമ്മമിതെന്നു ധരിച്ചാലും ചെയ്ക
സംസ്കാരവുമന്നുതന്നെ ദീക്ഷയുണ്ടെങ്കിൽ സംവത്സരാന്തെ
വെണം സൂക്ഷിച്ചു ചെയ്വാൻ സംസ്കാരാദികൾ എന്നു പറയുന്നു
വിദ്വജ്ജനമത്രു നന്നായറിയെണം ശൗണ്ഡികന്മാർ
വത്സരദീക്ഷ മരിച്ചവന്റെ പുത്രെന്നുത്സാഹത്തൊടെ
ചെയ്യെണമല്ലൊ മാതാപിതാകന്മാർക്കുള്ള ദീക്ഷ തന്നെ
ചെതസീ മൊദാൽ വഹിക്കുന്നാകിൽ അന്നദാനവും
ഗ്രഹശുദ്ധിയും ചെയ്കയെന്നാലും സംസ്കാരം ചെയ്തുകൂടാ
മുന്നെതുപൊലെ ബലിയാചരിക്കെണം
പിന്നെസ്സംവത്സരാവധി തന്നിൽ ചെയ്യും ബലിദീക്ഷയെന്നു
മുനിമാരും പൊയ്യല്ല ചൊല്ലുന്നു ബൊധിച്ചാലും
ദീക്ഷയുള്ളൊനെല്ലാ നെരവും ശുദ്ധിയായി
സൂക്ഷിച്ചിരിക്കെണം രാത്രിയിങ്കൽ ഭക്ഷിക്കരുതൊരു വസ്തുവും
വാസരെ ഭക്ഷിച്ചുകൊള്ളാം വെണ്ടുംപ്രകാരം
ക്ഷൗരവുമന്യന്മാർ ദത്തമാം ഭൊജ്യവും
ധീരതയൊടൊക്കെവർജ്ജിക്കെണം
ആണ്ടു തികവൊളൊം മാസംതൊറും താതൻ മാണ്ട
സമയത്തെപക്കം തന്നിൽ തന്ത്രിയൊടും
വിധിക്കൊത്തപൊൽ നന്നായി ചിന്തിച്ചൊരൊ പിണ്ഡം
വെച്ചുകൊൾക കൂറോടാ മാസത്തിലൊന്നാം
മാസത്തിലുമാറാം മാസത്തിലുമെകാദശ മാസത്തിലു തന്റെ
ശക്തിക്കു തക്കപൊൽ മൊദമൊടന്നദാനങ്ങൾ ചെയ്ക
ദ്വാദശമാസത്തിൽ ദീക്ഷിതാവിനു പിതാ പ്രെതാലയം
ചെർന്ന നക്ഷത്രത്തിൽ വാസരെ ദീക്ഷിതാവാകിയ
പിണ്ഡകൻ സാദരം പിണ്ഡവുമർപ്പിക്കെണം അന്നു
സമന്മാരൊടും തന്ത്രിതന്നൊടും പിന്നെയിണങ്ങന്മാരൊടും
കൂടി മുന്നം പറഞ്ഞതു പൊലെയുള്ള വിധി തന്നെ
തീർത്ഥത്തിലൊ സിന്ധുവിലൊ പിണ്ഡമൊഴുക്കി
ഭൂമിസുരന്മാർക്കായിക്കൊണ്ടു ഗൊഭൂമിതിലവും കൂട്ടി
ദാനങ്ങൾ ശക്തിക്കു തക്കവണ്ണം ചെയ്തു മാനമൊടെ
സദനത്തിൽ വന്നു പിന്നെ

യിണങ്ങൾക്കും തന്ത്രികൾക്കും വസ്ത്ര സ്വർണ്ണാദിദാനങ്ങൾ
ചെയ്യേണം ॥ ശക്തിക്കതക്കവണ്ണം സജ്ജനങ്ങൾക്കും
മുഖ്യന്മാരായുള്ള ബന്ധുക്കൾക്കും ॥ മററുംപലർക്കുമ
ന്നംപിഷ്ടമെന്നിവ കുറെക്കൂടാതെ കൊടുത്തവരെ ॥ പൂ
ജിച്ചുപിറെറദ്ദിവസമൊ മൂന്നിനൊ യോജിച്ചിട്ടുള്ളൊരു
ദിവസത്തിലൊ ॥ തന്നെപല സമസ്തിക്കയും ക്ഷൌര
വുമന്നുതന്നെ ചെയ്തുകൊണ്ടുപിന്നെ ॥ ശുദ്ധമാം പഞ്ച
ഗവ്യം സെവിച്ചേററവും ശുദ്ധനാകേണം സപിണ്ഡ
കൎത്താ ॥ പിന്നെസംവത്സരം തൊറും പിതാക്കൾക്കു
നന്നായികൈവല്യം പ്രാപിച്ചീടാൻ ॥ ശ്രാദ്ധകർമ്മാദ്യ
മാവാസിബലികളും ചിത്തസുഖത്തൊടെ ചെയ്തീടേ
ണം ॥ ഏതൊരുമാസത്തിലെതൊരുനക്ഷത്രെ താതന്മ
രിച്ചിരിക്കുന്നതെന്നാൽ ॥ ആമാസംതന്നിലാ നക്ഷത്രേ
തിയതിയാലൊദാൽശ്രാദ്ധം കഴിക്കേണ്ടത ॥ പിന്നെ
മൃതനായവനു മൊക്ഷത്തിന്നായി തന്നെക്ഷേത്രപി
ണ്ഡം ചെയ്തീടേണം ॥ ശൌണ്ഡികന്മാർക്കെല്ലാവർക്കും
വിധിച്ചതീവണ്ണമെന്നുള്ളിൽ ധരിച്ചുകൊൾകിൻ ॥ കെ
ട്ടാലുംപിണ്ഡം ക്ഷേത്രപിണ്ഡത്തൊടതു കൂട്ടിപ്പതിന്നെ
ട്ടുമസ്ഥിചൊല്ലാം ॥ യാതൊരുത്തൻ പതിനെട്ടുപിണ്ഡ
ത്തെയും ചെതസിമൊദെന ചെയ്യുന്നാകിൽ ॥ നന്നായ
വന്റെ പിതാക്കന്മാർകൈവല്യാനന്ദംപ്രാപിച്ചു സു
ഖിക്കുമെല്ലൊ ങ്ങ ങ്ങ ങ്ങ ങ്ങ ങ്ങ

ശൌണ്ഡികജാതികൾ തന്നുടെജന്മവും വർണ്ണഭേദങ്ങ
ളു മാശൌചവും ॥ ബാലന്മാർക്കും വഴിപോലറിയാം
വണ്ണം ലീലയാഞാനും പറഞ്ഞേനെവം ഇങ്ങനെ
ശൌണ്ഡികോല്പത്തിഞാൻ ചൊന്നതി ലെങ്ങാനെതെ
റ്റുകൾ കണ്ടെന്നാലും ॥ മംഗലാത്മാക്കളാം വിദ്വജ്ജ
നാവലി ഭംഗിവരുത്താൻ വണങ്ങീടുന്നെൻ ॥ ഇത്തരം
തത്തയും ചൊല്ലിസ്സുമിച്ചുററം ചിത്തമൊദാൽവാണുമാ
ലൊകരും ങ്ങ ങ്ങ ങ്ങ ങ്ങ ങ്ങ ങ്ങ

ശൌണ്ഡികൊല്പത്തി സമാപ്തം

യിണങ്ങർക്കും തന്ത്രികൾക്കും വസ്ത്രസ്വർണ്ണാദിദാനങ്ങൾ
ചെയ്തുടനെ ശക്തിക്കുതക്കവണ്ണം സ്വജനങ്ങൾക്കും
മുഖ്യന്മാരായുള്ള ബന്ധുക്കൾക്കും മറ്റും പലർക്കുമന്നം
പിഷ്ടമെന്നിവ കുറ്റം കൂടാതെ കൊടുത്തവരെ
പൂജിച്ചു പിറ്റേദിവസമൊ മൂന്നിനൊ യൊജിച്ചിട്ടഞ്ചാം
ദിവസത്തിലൊ തന്നെ പുല സമർപ്പിക്കയും
ക്ഷൗരവുമന്നുതന്നെ ചെയ്തുകൊണ്ടു പിന്നെ
ശുദ്ധമാം പഞ്ചഗവ്യം സെവിച്ചേറ്റവും ശുദ്ധനാകെണം
സപിണ്ഡകർത്താ പിന്നെ സംവത്സരം തൊറും പിതാക്കൾക്കു
നന്നായി കൈവല്യം പ്രാപിച്ചീടാൻ ശ്രാദ്ധകർമ്മാദ്യമാവാസി
ബലികളും ചീർത്തസമ്മൊദെന ചെയ്തീടെണം
ഏതൊരു മാസത്തിലെതൊരു നക്ഷത്രെ
താതന്മരിച്ചിരിക്കുന്നതെന്നാൽ ആ മാസം തന്നിലൊ
നക്ഷത്രതീയതിയാമൊദാൽ ശ്രാദ്ധം കഴിക്കെണ്ടുവത
പിന്നെ മൃതനായവനു മൊക്ഷത്തിന്നായിത്തന്നെ
ക്ഷെത്രപിണ്ഡം ചെയ്തീടെണം
ശൗണ്ഡികന്മാർക്കെല്ലാവർക്കും വിധിച്ചതീവണ്ണമെന്നുള്ളിൽ
ധരിച്ചുകൊൾവിൻ കെട്ടാലും പിണ്ഡം
ക്ഷെത്രപിണ്ഡത്തൊടത്തു കൂട്ടിപ്പതിനെട്ടു മാർഗ്ഗം ചൊല്ലാം
യാതൊരുത്തൻ പതിനെട്ടു പിണ്ഡത്തെയും ചെതസി
മൊദെന ചെയ്യുന്നാകിൽ നന്നായവന്റെ പിതാക്കന്മാർ
കൈവല്യാനന്ദം പ്രാപിച്ചു സുഖിക്കുമല്ലൊ
ശൗണ്ഡികജാതികൾ തന്നുടെ ജന്മവും
വർണ്ണഭെദങ്ങളുമാശൗചവും ബാലന്മാർക്കും
വഴിപൊലറിയാംവെണ്ണം ലീലയാ ഞാനും പറഞ്ഞെനെവം
ഇങ്ങനെ ശൗണ്ഡികൊല്പത്തി ഞാൻ ചൊന്നതിലെങ്ങനെ
തെറ്റുകൾ കണ്ടെന്നാലും മംഗലാത്മാക്കളാം
വിദ്വജ്ജനാവലി ഭംഗിവരുത്താൻ വണങ്ങീടുന്നെൻ
ഇത്തരം തത്തയും ചൊല്ലിഗ്ഗമിച്ചെറ്റം ചിത്തമൊദാൽ വാണു
മാലൊകരും

ശൗണ്ഡികൊല്പത്തി സമാപ്തം

ശ്ലോകം

ഇത്ഥം ശൌണ്ഡികവൃത്തിയും കുലവുമുല്പത്തിപ്രകാരങ്ങളും ചത്താൽശെഷകൎമ്മം ചെയ്തിടെണ്ടവിവിധം കൃത്യങ്ങളാശൌചവും । പ്രത്യക്ഷപ്പെട്ടമാറുചൊന്നൊരിതിൽ വന്നെത്തുന്ന തെറെറാക്കയും സത്തുക്കൾവഴിപൊലെതീൎത്തുപരിപാലിപ്പാൻപണിഞ്ഞെനഹം ॥

ശ്ലോകം

ഇത്ഥം ശൗണ്ഡികവൃത്തിയും കുലവുമു
ല്പത്തിപ്രകാരങ്ങളും ചത്താൽ ശെഷിക
ൾ ചെയ്യിടെണ്ടവിവിധം കൃത്യങ്ങളാ
ശൗചവും. പ്രത്യക്ഷപ്പെട്ടുമാറു ചൊ
ന്നൊരിതിൽ വന്നെത്തുന്ന തെറ്റൊക്ക
യും സത്തുക്കൾ വഴിപൊലെ തീർത്തു പരി
പാലിപ്പാൻ പണിഞ്ഞെനഹം.

നിധീഷ് കണ്ണൻ ബി

നായർ

ജാത്യാചാരവിധി.

പുതുശ്ശേരി മാത്തിൽ മ. രാ. രാ.

സുബ്രഹ്മണ്യൻകേശവൻനമ്പൂതിരി രചിച്ചതു.

കൊല്ലം "വിദ്യാഭിവൎദ്ധിനി" അച്ചുക്കൂടംചിലവിന്മേൽ അച്ചടിച്ചത്.

കാപ്പിറൈറ്റ്

ഉടമസ്ഥന്റെ മുദ്രയില്ലാത്ത

പുസ്തകം വ്യാജമാകുന്നു.

കാപ്പി ൻ൦

൧൦ൻ

Dr. NIDHEESH KANNAN B.
Assistant Professor
Department of Sanskrit General
Sree Sankaracharya University of Sanskrit,
Kalady, Ernakulam - 683574

1904

നായർ
ജാത്യാചാരവിധി

പുതുശ്ശേരി മഠത്തിൽ മ.രാ.രാ.
സുബ്രഹ്മണ്യൻ കേശവൻ നമ്പ്യാതി രചിച്ചതു.
കൊല്ലം "വിദ്യാഭിവർദ്ധിനി" അച്ചു
കൂടം ചിലവിന്മേൽ അച്ചടിച്ചത്
കാപ്പിറൈറ്റ്
ഉടമസ്ഥന്റെ മുദ്രയില്ലാത്ത
പുസ്തകം വ്യാജമാകുന്നു
കാപ്പി ൻ൦൦
൧൦൭൯

നായർ

ജാത്യാചാരവിധി.

ഹരിഃശ്രീ ഗണപതയെനമഃ

അവിഘ്നമസ്തു

ബ്രഹ്മനും വിഷ്ണുവും പിന്നെ ശ്രീമഹാദേവനും തഥാ നിൎമ്മലൻ വിഘ്നരാജൻതാൻ ബ്രാഹ്മിയും ഗുരുനാഥനും സമ്മോദമായ് തുണക്കേണമിമ്മഹീദേവസംഘവും ബ്രഹ്മപാദജ വൃന്ദങ്ങൾക്കുള്ള കൎമ്മമശേഷവും നന്മയിൽപറയുന്നുണ്ടങ്ങൊരു ഭാഷയതായിഞാൻ സമ്മതംപൂണ്ടു സൽഭക്ത്യാസൎവ്വപാദജരുംമുദാ കൎമ്മമേവംകഴിച്ചീടിൽ കന്മഷംനീങ്ങിമേൽക്കുമേൽ ബ്രഹ്മസായൂജ്യമെത്തീടുമില്ലസംശയമേതുമേ ബ്രാഹ്മണക്ഷത്രിയൻ വൈശ്യൻ ശൂദ്രനിനാലുവൎണ്ണവും ബ്രഹ്മദേവങ്കൽ നിന്നിട്ടിങ്ങുളവായന്നു വേദവും പിന്നെവൎണ്ണങ്ങളോരോന്നിൽ നിമ്നോന്നാതരതായവർ സമ്മോദപൂൎവ്വം പ്രാപിച്ചിട്ടുണ്ടായ് സങ്കീൎണ്ണവൎണ്ണവും വൎണ്ണങ്ങളിന്നനേകങ്ങളുണ്ടു ഭൂമിയിലെന്നതിൽ ഹിന്ദുസ്ഥാനമതായുള്ളൊരേഷ്യാഖണ്ഡത്തിൽ മിക്കതുംഹിന്ദുക്കളായവൎക്കൊക്കെമുമ്പരായതു ബ്രാഹ്മണർ ബ്രഹ്മബാഹുജനാംക്ഷത്ര്യൻ ഊരുജൻവൈശ്യനായതു് പാദജൻശൂദ്രനെന്നേവം ചൊല്ലീടുന്നു ശ്രുതിസ്മൃതൌ



നായർ
ജാത്യാചാരവിധി

ഹരിഃശ്രീ ഗണപതയെ നമഃ
അവിഘ്നമസ്തു

ബ്രഹ്മനും വിഷ്ണുവും പിന്നെ ശ്രീമഹാദേവനും തഥാ
നിർമ്മലൻ വിഘ്നരാജൻ താൻ ബ്രാഹ്മിയും ഗുരുനാഥനും
സമ്മോദമായ് തുണക്കേണമിമ്മഹീദേവസംഘവും
ബ്രഹ്മപാദജവൃന്ദങ്ങൾക്കുള്ള കർമ്മമശേഷവും
നന്മയിൽ പറയുന്നുണ്ടങ്ങൊരുഭാഷയതായി ഞാൻ
സമ്മതംപൂണ്ടു സൽഭക്ത്യാ സർവപാദജരും മുദാ
കർമ്മമേവം കഴിച്ചീടിൽ കന്മഷം നീങ്ങി മേൽക്കുമേൽ
ബ്രഹ്മസായൂജ്യമെത്തീടുമില്ലസംശയമേതുമേ
ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ ശൂദ്രനിന്നാലു വർണ്ണവും
ബ്രഹ്മദേവങ്കൽ നിന്നിട്ടിങ്ങുളവായന്നു വേദവും
പിന്നെ വർണ്ണങ്ങളോരോന്നിൽ നിമ്നോന്നതരതായവർ
സമ്മോദപൂർവം പ്രാപിച്ചിട്ടുണ്ടായ് സങ്കീർണ്ണവർണ്ണവും
വർണ്ണങ്ങളിന്നനേകങ്ങളുണ്ടു ഭൂമിയിലെന്നതിൽ
ഹിന്ദുസ്ഥാനമതായുള്ളൊരേഷ്യാഖണ്ഡത്തിൽ മിക്കതും
ഹിന്ദുക്കളായവർക്കൊക്കെ മുമ്പരായതു ബ്രാഹ്മണർ
ബ്രഹ്മബാഹുജനാം ക്ഷത്ര്യൻ ഊരുജൻ വൈശ്യനായതു
പാദജൻ ശൂദ്രനെന്നേവം ചൊല്ലീടുന്നു ശ്രുതിസ്മൃതൗ

എന്നതിനോൎത്തുകാണുമ്പോൾ വൎണ്ണമിനാലി
നുംമുദാ ബ്രഹ്മവുംമായയും തന്നെപിതാമാതാ
ക്കളാകയാൽ കൎമ്മകാണ്ഡകഥിച്ചുള്ളകൎമ്മ മി
നാലുജാതിയും സമ്മോദംപൂണ്ടു ചെയ്യേണമി
ല്ലസംശയമേതുമെ ജന്മനാജായതേ ശൂദ്രഃക
ൎമ്മണാജായതേദ്വിജഃ വേദാഭ്യാസേനവിപ്രത്വം
ബ്രഹ്മജ്ഞാനേതിബ്രാഹ്മണഃ എന്നുമനോക്ളാ
യുള്ള സന്മഹീദേവർ ചൊന്നാതങ്ങിനു പ്രാജ്ഞ
രോത്തോരോകൎമ്മത്തിൻ വിധിപൂൎവ്വകംനന്മയി
ൽചെയ്തിട്ടനാകിലിങ്ങുകാലാന്തരാദപിവന്നുകൂ
ടുംദ്വിജത്വംപിന്നുണ്ടാം സായൂജ്യവുംതഥാ സ
ന്ദേഹമില്ലിതി നൊട്ടുമിന്നുമൊന്നുരചെയ്തിട്ടാ
നരന്മാരൊക്കയും നാലുവിധമായോ ഗുണങ്ങളെ
തിരിച്ചറിഞ്ഞുവിട്ടായ്കിലില്ലല്ലൊഗതി എന്നതുമ
നുസ്മൃതിയതിൽ ചൊല്ലീട്ടിരിക്കുന്നതുമോൎക്കിലൊ
മനുഷ്യൎക്കൊക്കയും കൎമ്മംമനുകല്പിച്ചുമുമ്പിനാ
ൽ അതിനുവളരെക്കാലംമുമ്പേയുണ്ടായവേദവ
ൽ ശൂദ്രനുകൎമ്മമില്ലെന്നുചൊല്ലാനില്ലവകാശവും
അനേകബ്രഹ്മപ്രളയങ്ങൾ കഴിഞ്ഞിട്ടിരു നാ
ംവരെനടക്കും കലിതൽകാലാൽ കഴിഞ്ഞകൃത
യാദിയാം യുഗത്തിൽ മനുവൎയ്യന്മാരുളവായവ
രാരുമെ ശൂദ്രനുകൎമ്മമില്ലെന്നാങ്ങുരചെയ്തിട്ടില്ല
ഹോ പുരാണേവൎണ്ണധൎമ്മങ്ങൾ വിസ്തരിച്ചുപറ
ഞ്ഞതിൽ ശൂദ്രൻബ്രാഹ്മണ ശുശ്രൂഷയ്ക്കധികാ
രിയത്രെന്നതും പിന്നെ പൈതൃകകൎമ്മത്തിനാ
ൎഹനെന്നുപരംതഥാ ചൊന്നവാക്കുകളൂഹിച്ചാൽ

എന്നതിന്നോർത്തു കാണുമ്പോൾ വർണ്ണമിന്നാലിനും മുദാ
ബ്രഹ്മവും മായയും തന്നെ പിതാമാതാക്കളാകയാൽ
കർമ്മകാണ്ഡേ കഥിച്ചുള്ള കർമ്മമിന്നാലു ജാതിയും
സമ്മോദം പൂണ്ടു ചെയ്യേണമില്ലസംശയമേതുമെ
ജന്മനാ ജായതേ ശൂദ്രഃ കർമ്മണാ ജായതേ ദ്വിജഃ
വേദധ്യായേന വിപ്രത്വം ബ്രഹ്മധ്യാനേതി ബ്രാഹ്മണഃ
എന്നുമുന്നോർകളായുള്ള സന്മഹീദേവർ ചൊന്നതങ്ങിന്നു
പാദജരോർത്തോരോ കർമ്മത്തിൻ വിധിപൂർവകം
നന്മയിൽ ചെയ്തിടുന്നാകിലിങ്ങു കാലാന്തരാദപി
വന്നുകൂടും ദ്വിജത്വം പിന്നുണ്ടാം സായൂജ്യവും തഥാ
സന്ദേഹമില്ലിതിന്നൊട്ടുമിന്നുമൊന്നുരചെയ്തിടാം
നരന്മാരൊക്കെയും നാലുവിധമായോതൃണങ്ങളെ
തിരിച്ചറിഞ്ഞു വീട്ടായ്കിലില്ലല്ലൊ ഗതി എന്നതു
മനുസ്മൃതിയതിൽ ചൊല്ലീട്ടിരിക്കുന്നതുമോർക്കിലൊ
മനുഷ്യർക്കൊക്കെയും കർമ്മം മനു കല്പിച്ചു മുമ്പിനാൽ
അതിന്നു വളരെക്കാലം മുമ്പേയുണ്ടായ വേദവൽ
ശൂദ്രന്നു കർമമില്ലെന്നു ചൊല്ലാനില്ലവകാശവും
അനേകബ്രഹ്മപ്രളയങ്ങൾ കഴിഞ്ഞിട്ടിതുനാൾവരെ
നടക്കും കലി തൽകാലാൽ കഴിഞ്ഞ കൃതയാദിയാം
യുഗത്തിൽ മനുവര്യന്മാരുളവായവരാരുമേ
ശൂദ്രന്നു കർമ്മമില്ലന്നങ്ങുരചെയ്തിട്ടുമില്ലഹോ
പുരാണേ വർണ്ണധർമ്മങ്ങൾ വിസ്തരിച്ചു പറഞ്ഞതിൽ
ശൂദ്രൻ ബ്രാഹ്മണശുശ്രൂഷയ്ക്കധികാരിയതെന്നതും
പിന്നെ പൈതൃകകർമ്മത്തിന്നർഹനെന്നപരം തഥാ
ചൊന്ന വാക്കുകളൂഹിച്ചാൽ

കൎമ്മമാണിവരെന്നുമെ കൎമ്മമില്ലാതെമൎത്ത്യന്മാരില്ല
ഭൂമിയിലാരുമെ ആദികാലെജനിച്ചുള്ള നാലു
ജാതിയിലന്ത്യരാം പാദജന്മാരതായുള്ളോൎക്കൊ
ക്കുമെ വേദപാഠവും മന്ത്രസ്മരണവും വേണ്ടീലെ
ന്നുറച്ചവരാകവെ ബ്രാഹ്മണാദികൾമൂവൎക്കും പാ
ദശുശ്രൂഷചെയ്തുഹൊ മോദമായ്‌വിലസും കാ
ലത്തുഹമുണ്ടായ് ചിലൎക്കതിൽ ബ്രഹ്മജ്ഞാന
വിശിഷ്ട്യത്തെ ഗ്രഹിപ്പാനുള്ളതൊക്കയും ഇന്നു
നാമാചരിക്കാതെ ഇമ്മഹീദേവരാദിയായ് മൂ
ന്നുജാതികളെ സ്സേവിച്ചിഹകാലം കളഞ്ഞതിൽ
കാരണംപാൎത്തു ശോകിച്ചുരോദിക്കുന്നതു കേട്ടു
ടൻ ശുക്രുദേതി പദംയോജിച്ചിഹശൂദ്രനിതെ
ന്നൊരു പേരുകല്പിച്ചു ബ്രഹ്മജ്ഞരായ ബ്രാഹ്മ
ണരപ്പൊഴെ ഇന്നാമിന്നാമധേയത്തെ ഓൎത്താലുമറി
യാം ദൃഢം ബ്രഹ്മക്ഷത്രിയ വൈശ്യന്മാൎക്കുള്ള
കൃത്യമശേഷവും സമ്മോദംപൂണ്ടു ചെയ്തീടാമന്യ
നാംശൂദ്രനെന്നുമെ ബ്രഹ്മവൃത്തിക്കൊരുമ്പെട്ടാ
ൽ നിന്ദ്യവൃത്തിത്യജിക്കണം ക്ഷത്ര്യവൃത്തിമഹാ
ദുഃഖംവൈശ്യവൃത്തി സുഖപ്രദം ശൂദ്രവൃത്തിസൎ
കൎമ്മാഢ്യം ചെയ്താലത്യുത്തമംഭവേൽ സങ്കീ
ൎണ്ണവൎണ്ണ സംസൎഗ്ഗം ഭവിക്കാ തുളവായൊരു
സച്ശൂദ്രജാതികൾക്കൊക്കെ കൎമ്മമുണ്ടവനീത
ലെഭാരതെ കേരളം നീക്കീട്ടന്യരാജ്യങ്ങളൊക്ക
യും നിവസിക്കുന്ന ശൈവക്കാരെന്നു
ശൂദ്രരശേഷവും ശിവപൂജാൎത്ഥന്മാരും വി
വാഹേപതിവ്രത്യവും സേകസീമന്തമിത്യാദി

കർമ്മമാണിവ രണ്ടുമെ
കർമ്മമില്ലാതെ മർത്യന്മാരില്ല ഭൂമിയിലാരുമെ
ആദികാലെ ജനിച്ചുള്ള നാലു ജാതിയിലന്ത്യരാം
പാദജന്മാരതായുള്ളോർക്കാർക്കുമെ വേദപാഠവും
മന്ത്രസ്മരണവും വേണ്ടീലെന്നുറച്ചവരാകവെ
ബ്രാഹ്മണാദികൾ മൂവർക്കും പാദശുശ്രൂഷ ചെയ്തഹൊ
മോദമായ് വിലസും കാലത്തുഹമുണ്ടായ് ചിലർക്കതിൽ
ബ്രഹ്മജ്ഞാനവിശിഷ്യത്തെ ഗ്രഹിപ്പാനുള്ളതൊക്കെയും
ഇന്നു നാമാചരിക്കാതെ ഇമ്മഹീദേവരാദിയായ്
മൂന്നു ജാതികളെസ്സേവിച്ചിഹ കാലം കളഞ്ഞതിൽ
കാരണം പാർത്തു ശോകിച്ചു രോദിക്കുന്നതു കേട്ടുടൻ
ശുക് രുദേതി പദം യോജിച്ചിഹ ശൂദ്രനിതെന്നൊരു
പേരുകല്പിച്ചു ബ്രഹ്മജ്ഞരായ ബ്രാഹ്മണരപ്പഴെ
ഇന്നുമിന്നാമധേയത്തെ ഓർത്താലുമറിയാം ദൃഢം
ബ്രഹ്മക്ഷത്രിയവൈശ്യന്മാർക്കുള്ള കൃത്യമശേഷവും
സമ്മോദം പൂണ്ടു ചെയ്തീടാമന്യനാം ശൂദ്രനെന്നുമെ
ബ്രഹ്മവൃത്തിക്കൊരുമ്പെട്ടാൽ നിന്ദ്യവൃത്തി ത്യജിക്കണം
ക്ഷത്ര്യവൃത്തി മഹാദുഃഖം വൈശ്യവൃത്തി സുഖപ്രദം
ശൂദ്രവൃത്തി സ്വകർമ്മാഢ്യം ചെയ്താലതുത്തമം ഭവേൽ
സങ്കീർണ്ണവർണ്ണസംസർഗ്ഗം ഭവിക്കാതുളവായൊരു
സച്ശൂദ്രജാതികൾക്കൊക്കെ കർമ്മമുണ്ടവനീതലെ
ഭാരതെ കേരളം നീക്കീട്ടന്യരാജ്യങ്ങളൊക്കയും
നിവസിക്കുന്ന ശൈവക്കാരെന്ന ശൂദ്രരശേഷവും
ശിവപൂജാർഹതന്മാരും വിവാഹേ പാതിവ്രത്യവും
സേകസീമന്തമിത്യാദി

ക്രിയയും പിതൃകൎമ്മവും വിശേഷാൽ വ്രതസ
ന്യാസമിവയോരോന്നു ചെയ്തുടൻ പരമൈക്യ
ത്തിലിച്ഛിച്ചു ഭക്തിപൂൎവ്വംവസിപ്പവർ കേരള
ത്തിങ്കലിക്കാലം വാണീടും ശൂദ്രരിൽചിലർ ദേ
വാംശ ജാതരാണെന്നങ്ങിതിഹാസോദിതം മുദാ
നാരായണൻ മഹാവിഷ്ണുപാരതിൽ ഭാൎഗ്ഗവാ
നപയേ അവതീൎണ്ണനതായപ്പോൾ സുരതുംഭ
ക്തിപൂൎവ്വകം പരദേശശൂദ്രയോടൊന്നു ജനിച്ച
സാഹസംയുതം പരനായ മഹാവിഷ്ണു പാരി
ഷത്തുകളായവർ പരിതോഷേണസേവിച്ചിട്ടധു
നാവിലസ്സംവിധൌ ദുഷ്ടഭൂപാലരായുള്ള ക്ഷ
ത്രിയാന്വയമൊക്കയും പുഷ്ടകോപാൽ രാമദേ
വനൊട്ടുമേമടിയാതഹോ വെട്ടിഹിംസിച്ചുമൂ
വേഴവട്ടമായിമുടിച്ചുടൻ ശിഷ്ടരെപരിപാലി
ച്ചിട്ടത വാഴുംദശാന്തരേ കഷ്ടകൎമ്മങ്ങളായ് ചെ
യ്ത വീരഹത്യനിമിത്തമായ് നഷ്ടമാംകേരളം
നന്നായ് പുഷ്ടിയാക്കിട്ടുടൻതഥാ ശിഷ്ടരാംബ്രാ
ഹ്മണൎക്കായിട്ടുദാനംകഴിച്ചുടൻ ദേവസമ്പ
ക്കളെരാഴ്മക്കോയ്മക്കുടിയാന്മയും ഏവംകല്പി
ച്ചുവിപ്രന്മാൎക്കേറെ ശ്രേയസ്സിനായുടൻ സാം
പ്രദായാദ്യോവിശിഷ്ട ശാസ്ത്രാമാന്യജാതിമാ
ത്രക ഗ്ലാപഗ്രസ്തശ്ചതപ്തശ്ച പാപീത്യഷ്ടവിധ
ക്രമാൽ മഹിമാനപദംകല്പിച്ചവരോടനുവാസ
രം ശുശ്രൂഷചെയ്തുവന്തിച്ചിട്ടവൎക്കു ജനനാൽപ
രം മരണാല്പരവുംവേണ്ട ഷോഡശദ്വിതയങ്ങ
ളിൽ വേണ്ടുംപ്രവൃത്തിചെയ്തീടാൻ പരിചയ്ക്കുയ

ക്രിയയും പിതൃകർമ്മവും
വിശേഷാൽ വ്രതസന്യാസമിവയോരോന്നു ചെയ്തുടൻ
പരമൈക്യത്തിലിച്ഛിച്ചു ഭക്തിപൂർവം വസിപ്പവർ
കേരളത്തിങ്കലിക്കാലം വാണീടും ശൂദ്രരിൽ ചിലർ
ദേവാംശജാതരാണെന്നങ്ങിതിഹാസോദിതം മുദാ
നാരായണൻ മഹാവിഷ്ണു പാരതിൽ ഭാർഗ്ഗവാന്വയേ
അവതീർണ്ണനതായപ്പോൾ സുരരും ഭക്തിപൂർവ്വകം
പരദേശശ്ശൂദ്രയോനൗ ജനിച്ചുത്സാഹസംയുതം
പരനായ മഹാവിഷ്ണു പാരിഷത്തുകളായവർ
പാരിതോഷേണ സേവിച്ചിട്ടധുനാ വിലസും വിധൗ
ദുഷ്ടഭൂപാലരായുള്ള ക്ഷത്രിയാന്വയമൊക്കയും
പുഷ്ടകോപാൽ രാമദേവനൊട്ടുമേ മടിയാതഹോ
വെട്ടിഹിംസിച്ചു മൂവേഴുവട്ടമായി മുടിച്ചുടൻ
ശിഷ്ടരെ പരിപാലിച്ചിട്ടത്ര വാഴും ദശാന്തരേ
കഷ്ടകർമ്മങ്ങളായ് ചെയ്ത വീരഹത്യ നിമിത്തമായ്
നഷ്ടമാം കേരളം നന്നായ് പുഷ്ടിയാക്കീട്ടുടൻ തഥാ
ശിഷ്ടരാം ബ്രാഹ്മണർക്കായിട്ടത്ര ദാനം കഴിച്ചുടൻ
ദേവസ്വംബ്രഹ്മസ്വമേവ കുടിയാന്മയും
ഏവം കല്പിച്ചു വിപ്രന്മാർക്കേറെ ശ്രേയസ്സിനായുടൻ
സാംബ്രാഡാഢ്യോ വിശിഷ്ടശ്ചസ്സാമാന്യജ്ജാതിമാത്രക
ശ്ശാപഗ്രസ്തശ്ച തപ്തശ്ച പാപീത്യഷ്ടവിധ ക്രമാൽ
മഹിമാനപദം കല്പിച്ചവരോടനുവാസരം
ശുശ്രൂഷ ചെയ്തുവർത്തിച്ചിട്ടവർക്കു ജനനാൽ പരം
മരണാല്പരവും വേണ്ട ഷോഡശദ്വിതയങ്ങളിൽ
വേണ്ടും പ്രവൃത്തി ചെയ്തീടാൻ പരിചര്യയ

തായുടൻ ദേവാംശജാതരായുള്ള ശിഷ്ടപാദജ
രെദ്രുതം കൊണ്ടുവന്നിക്കേരളത്തിൽ സകുടും
ബസമേതരായ് കുണ്ഠഭാവംവെടിഞ്ഞീശ പാ
ദനാം രാമന്നുചിവാൻ അണ്ടർകോൻപുരിസാ
ദൃശ്യം പൂണ്ടകേരളഭൂമിയിൽ പുണ്യകൎമ്മാക്കളോ
ദ്യേവും ബ്രാഹ്മണന്മാൎക്ക്നിത്യവും വേണ്ടുംപ്രവൃ
ത്തിയെച്ചെയ്തിട്ടന്തികേ സഹചൎയ്യരായ് സാമ്മ
തംപൂണ്ടുവൎത്തിപ്പി നെന്നുകേട്ടുളവൊട്ടുപേർ മു
നിൽനിന്നങ്ങപേക്ഷിച്ചു ചൊല്ലിവാഞ്ഛിതമി
ങ്ങിനെ അന്യരെസ്സേവചെയ്യാനും നിന്ദ്യവൃത്തി
യെട്ടപ്പുതും ഞങ്ങളാൽ കഴിവില്ലായ്കകൊണ്ടുര
ക്ഷിക്കണംമുദാ പിന്നെയുംശോകമോടേവം
ചൊല്ലിരോദിക്കുമപ്പൊഴേ നന്ദിപൂൎവംതല്ലോടി
ക്കൊണ്ടന്നുകല്പിച്ചിതീവിധം ശോകരോദനഹേ
തുതാം കൊണ്ടുശൂദ്രനിതെന്നുടൻ പേർവിളിച്ചു
ടനേപിന്നെ ശോകിച്ചുള്ളോൎക്കശേഷവും നായ
കതാംകോട്ടത്തേവംകല്പിച്ചാൻ ജാമദഗ്ന്യനും
ദേവസ്വാംബുക്കളും ബ്രഹ്മസ്വത്തുമെല്ലാം ക്രു
മോചിതംനന്നായിപരിപാലിച്ചു പിന്നെയാഗാ
ദികൎമ്മവൽ സന്നാഹമായിനിന്നോരോ ക്രിയ
കൾക്കുള്ള സാധനം നന്ദിപൂൎവംശേഖരിച്ചിട്ടൊ
രുക്കീട്ടുകൊടുക്കണം മുന്നിൽനിന്നുള്ള ശുശ്രൂഷ
ക്കൊക്കവേപരിചൎയ്യരായ് എന്നുമിക്കേരളംത
ന്നിൽ വസിപ്പാൻ ഭക്തിപൂൎവകം ഇമ്മഹീദേവ
വൃന്ദത്തിന്നുള്ള ഷോഡശകൎമ്മയോഃ നിൎമ്മല
ന്മാരതായുള്ളോ രന്യരാംനിങ്ങളൊക്കയും വന്ദ

തായുടൻ ദേവാംശജാതരായുള്ള ശിഷ്ടപാദജരെ ദ്രുതം
കൊണ്ടുവന്നിക്കേരളത്തിൽ സകുടുംബസമേതരായ്
കുണുഭാവം വെടിഞ്ഞീശപാദനാം രാമന്തുചിവാൻ
അണ്ടർകോൻ പുരി സാദൃശ്യം പൂണ്ട കേരളഭ്രുമിയിൽ
പുണ്യകർമ്മാക്കളായ് മേവും ബ്രാഹ്മണന്മാർക്കു നിത്യവും
വേണ്ടും പ്രവൃത്തിയെച്ചെയ്തിട്ടന്തികേ സഹചര്യരായ്
സമ്മതം പൂണ്ടു വർത്തിപ്പിനെന്നു കേട്ടളവൊട്ടുപേർ
മുന്നിൽ നിന്നങ്ങപേക്ഷിച്ചു ചൊല്ലിവാഞ്ഛിതമിങ്ങിനെ
അന്യരെസ്സേവചെയ് വാനും നിന്ദ്യവൃത്തിയെടുപ്പതും
ഞങ്ങളാൽ കഴിവില്ലായ്ക കൊണ്ടു രക്ഷിക്കണം മുദാ
പിന്നെയും ശോകമോടേവം ചൊല്ലിരോദിക്കമപ്പൊഴേ
നന്ദിപൂർവം തലോടിക്കൊണ്ടന്നു കല്പിച്ചിതീവിധം
ശോകരോദനഹേതുത്വം കൊണ്ടു ശൂദ്രനിതെന്നുടൻ
പേർവിളിച്ചുടനേ പിന്നെ ശോകിച്ചുള്ളോർക്കശേഷവും
നായകത്വം കൊടുത്തേവം കല്പിച്ചാൻ ജാമദഗ്ന്യനും
ദേവസ്വംബുക്കളും ബ്രഹ്മസ്വത്തുമെല്ലാം ക്രമോചിതം
നന്നായി പരിപാലിച്ചു പിന്നെ യാഗാദികർമ്മവൽ
സന്നാഹമായി നിന്നോരോ ക്രിയകൾക്കുള്ള സാധനം
നന്ദിപൂർവം ശേഖരിച്ചിട്ടൊരുക്കീട്ടു കൊടുക്കണം
മുന്നിൽ നിന്നുള്ള ശുശ്രൂഷക്കൊക്കവേ പരിചര്യരായ്
എന്നുമിക്കേരളം തന്നിൽ വസിപ്പാൻ ഭക്തിപൂർവകം
ഇമ്മഹീദേവവൃന്ദത്തിന്നുള്ള ഷോഡശകർമ്മയോഃ
നിർമ്മലന്മാരതായുള്ളോരന്യരാം നിങ്ങളൊക്കയും
വന്ദ

നിയരതായ് നിത്യം വേണ്ടതൊക്കയുമാദരാൽ
സന്നിധാനോപചാരാൎത്ഥം പരിയപ്പാടെന്നാവൃ
ത്തിയിൽ എന്നമിമ്മഹീദേവന്മാരോട്ട വാണീട്ട
വിൻമുദാ എന്നു കല്പിച്ചുടൻപിന്നെ മന്നാൻ
പരശുരാമനാം നന്നായിക്കേരളം പാലിച്ചിഹ
സ്വൎഗ്ഗസമാനമായ് പിന്നെയും കേരളത്തൊ
രൊ ധൎമ്മകൎമ്മങ്ങളൊക്കെയും വൊന്നിയായിനട
ത്തിക്കൊണ്ടങ്ങുവാഴുംദശാന്തരേ മാതൃഹത്യപ
രാധംപിൻപുണ്ടാംവീരൌഘഹത്യയുംതാരിതം
ചെയ്കയാലുള്ള ദുരിതൌഘംശമിച്ചിടാൻ തര
സാകേരളത്തെ സ്വകൃതസ്ഥാപനാൽപരം മാ
തൃപ്രീതിക്കതാൻചെയ്ത മഹത്താംധൎമ്മമെന്നമേ
നിലനില്ക്കേണമെന്നോൎത്തിമ്മാന്യമാം മലയാള
ത്തെ മാതൃപാരമ്പൎയ്യമായിട്ടാചരിക്കേണമേ
വനും പാതിവ്രത്യംബ്രാഹ്മണൎക്കല്ലാതെവേണ്ടാ
ശുവൎക്കുമേ എന്നുകല്പിച്ചുഭൂദേവ സംഘമോടന്നു
മോദമായ് പിന്നെയുംഭൂമിപാലിച്ചു ഉന്നതാ
ൎവിലസുന്നാനാം കേരളംപതിനെട്ടംശമായ്
നാടാക്കിമെല്ലവെ മുമ്പറഞ്ഞപ്രഭുക്കന്മാരായനാ
യർസമസ്ഥിതം വമ്പരാംവിപ്രരുള്ളൂടിരാജ്യമ്പാ
ലിച്ചുകൊള്ളുവാൻ ഇമ്പമോടിഹകല്പിച്ചങ്ങെഴു
ന്നാള്ളീ തപസ്സിനായ് അങ്ങനെചിരകാലത്തെ ക
ഴിഞ്ഞുള്ളോരവസ്ഥയിൽ നാട്ടിലുള്ള ജനൌഘ
ത്തെ പാട്ടിലാക്കി ക്രമോചിതം വാട്ടമെന്നിട്ട
പാലിപ്പാനൊട്ടുമേ കഴിയായ്കയാൽ നാട്ടുകാരും
ദ്വിജന്മാരും കൂട്ടമൊത്തിരച്ചേൻറുടൻ പരദേശ

നീയരതായ് നിത്യം വേണ്ടതൊക്കെയുമാദരാൽ
സന്നിധാനോപചാരാർത്ഥം പരിയപ്പാടെന്ന വൃത്തിയിൽ
എന്നുമിമ്മഹീദേവന്മാരോട്ടു വാണീടുവിൻ മുദാ
എന്നു കല്പിച്ചുടൻ പിന്നെ മന്നൻ പരശുരാമനും
നന്നായിക്കേരളം പാലിച്ചിഹ സ്വർഗ്ഗസമാനമായ്
പിന്നെയും കേരളത്തോരോ ധർമ്മകർമ്മങ്ങളൊക്കെയും
വെന്നിയായി നടത്തിക്കൊണ്ടങ്ങു വാഴും ദശാന്തരേ
മാതൃഹത്യപരാധം പിൻപുണ്ടാം വീരൗഘഹത്യയും
ത്വരിതം ചെയ്കയാലുള്ള ദുരിതൗഘം ശമിച്ചിടാൻ
തരസാ കേരളത്തേറസ്സുക്രുതസ്ഥാപനാൽ പരം
മാതൃപ്രീതിക്കു താൻ ചെയ്ത മഹത്താം ധർമ്മമെന്നുമേ
നിലനില്ക്കണമെന്നോർത്തിമ്മാന്യമാം മലയാളയൊ
മാതൃപാരമ്പര്യമായിട്ടാചരിക്കേണമേവനും
പാതിവ്രത്യം ബ്രാഹ്മണർക്കല്ലാതെ വേണ്ടൊരുവർക്കുമേ
എന്നു കല്പിച്ചു ഭൂദേവസംഘമോടന്നു മോദമായ്
പിന്നെയും ഭൂമി പാലിച്ചു ഉന്നതാൽ വിലസുന്ന നാൾ
കേരളം പതിനെട്ടംശമായ് നാടാക്കി മെല്ലവെ
മുമ്പറഞ്ഞ പ്രഭുക്കന്മാരായ നായർ സമസ്ഥിതം
വമ്പരാം വിപ്രരുങ്കൂടി രാജ്യമ്പാലിച്ചുകൊള്ളുവാൻ
ഇമ്പമോടിഹ കല്പിച്ചങ്ങെഴുന്നള്ളീ തപസ്സിനായ്
അങ്ങനെ ചിരകാലത്തെ കഴിഞ്ഞുള്ളോരവസ്ഥയിൽ
നാട്ടിലുള്ള ജനൗഘത്തെ പാട്ടിലാക്കി ക്രമോചിതം
വാട്ടമെന്നിട്ടു പാലിപ്പാനൊട്ടുമേ കഴിയായ്കയാൽ
നാട്ടുകാരും ദ്വിജന്മാരും കൂട്ടമൊത്തിടചേർന്നുടൻ
പരദേശ

ത്തുചൊന്നോരോ നൃപബാലം വഹിച്ചുടൻ തത
സാകേരളം പാലിപ്പതിനാക്കി അനേകനാൾ
പരിപാലനവുംചെയ്തിട്ടവർ വാണോരനന്തരം
ഒടുവിൽ ചേരരാജ്യത്തിൽ നിന്നുകൊണ്ടന്നു ഭൂപ
രെസ കുഡുംബ മുറപ്പിച്ചിട്ടടനെ രാജഭോഗമാ
യ് കുടിയാനവർ വാഴുന്ന നിലവും കരവുംതഥാ
ആറിലൊന്നു കരം സ്ഥാപിച്ചിഹഭൂപന്നു ന
ൾകിയും രാജാവും വിപ്രരെ പിന്നെ പ്രജാ സം
കീർത്തവർത്തവും പരിതോഷേണവാഴുന്നാളിഹരാ
ജസമേതരായി വന്നുചേർന്നുള്ള ശൈവക്കാരായ
ശൂദ്രരതിൽ ചിലർ രാജാനുവയത്തിലുണ്ടാകും പൂ
ർവ്വാചാരമതാകിയ ക്രിയകൾക്കു സഹായാർത്ഥം
പരിയപ്പാടതായുടൻ തരസാ ചേർന്നവർക്കൊക്കെ
സചത്രപാഖ്യമിതിന്നുമെ പിന്നെ സ്വശൂദ്ര രായു
ള്ളോരേതാനും ജനമൊക്കയും രാജഭണ്ഡാരവും
കാത്തു സേവകന്മാരതായുടൻ നീതിയായിവസി
പ്പോർക്കും നായർനാമമതാണിഹ ഇല്ലത്തുചേർന്ന
വർക്കൊക്കെ ഇല്ലക്കാരെന്ന നാമവും ഇല്ലത്തു
പരിയപ്പാടിൽ നിന്നവർപെട്ടശൂദ്രരു നായർ
ജാതികളാണെന്നു കേരളത്തിൽ പ്രസിദ്ധമാം ക
ർത്താ കന്മള മാടമ്പി കിരിയത്തുപ്രഭു വെന്നോ
രോ നാമധേയങ്ങൾ വെവ്വേറെ ചൊല്ലുന്നാകിലു
മിന്നവർ ഉത്തമശൂദ്രരായിട്ടങ്ങിരിക്കുന്നുത്തരാദി
ശൈവ മററുശൂദ്രജനത്തോടങ്ങില്ല ചേർച്ചയവർക്ക
ഹോ ബ്രഹ്മാലയസമം ശുദ്ധി എല്ലാർക്കുമുള്ള ഗൃഹ
ങ്ങളും മത്സ്യമാംസാദിവർജ്ജിച്ചും വർജ്ജിക്കാ

ത്തു ചെന്നോരോ നൃപബാലം വഹിച്ചുടൻ
തരസാ കേരളം പാലിപ്പതിനാക്കി അനേകനാൾ
പരിപാലനവും ചെയ്തിട്ടവർ വാണോരനന്തരം
ഒടുവിൽ ചേരരാജ്യത്തിൽ നിന്നുകൊണ്ടന്നു ഭൂപരെ
കുഡുംബമുറപ്പിച്ചിട്ടുടനെ രാജഭോഗമായ്
കുടിയാനവർ വാഴുന്ന നിലവും കരവും തഥാ
ആറിലൊന്നു കരം സ്ഥാപിച്ചിഹ ഭൂപന്നു നൾകിയും
രാജാവും വിപ്രരെ പിന്നെ പ്രജാസംകീർണ്ണവർണ്ണവും
പരിതോഷേണ വാഴുന്നാളിഹ രാജസമേതരായി
വന്നുചേർന്നുള്ള ശൈവക്കാരായ ശൂദ്രരതിൽ ചിലർ
രാജാന്വയത്തിലുണ്ടാകും പൂർവാപരമതാകിയ
ക്രിയകൾക്കു സഹായാർത്ഥം പരിയപ്പാടതായുടൻ
തരസാ ചേർന്നവർക്കൊക്കെ സ്വരൂപാഖ്യമിതിന്നുമെ
പിന്നെ സ്സശൂദ്രരായുള്ളൊരേതാന്നും ജനമൊക്കെയും
രാജഭണ്ഡാരവും കാത്തു സേവകന്മാരതായുടൻ
നീതിയായി വസിപ്പോർക്കും നായർ നാമമതാണിഹ
ഇല്ലത്തുചേർന്നവർക്കൊക്കെ ഇല്ലക്കാരെന്ന നാമവും
ഇല്ലത്തു പരിയപ്പാടിൽ നിന്നു വേർപെട്ട ശൂദ്രരു
നായർ ജാതികളാണെന്നു കേരളത്തിൽ പ്രസിദ്ധമാം
കർത്താ കന്മളു മാടമ്പി കിരിയത്തു പ്രഭുവെന്നോരോ
നാമധേയങ്ങൾ വെവ്വേറെ ചൊല്ലുന്നാകിലുമിന്നവർ
ഉത്തമശ്ശൂദ്രരായിട്ടങ്ങിരിക്കുന്നുത്തരാദിശൗ
മറ്റു ശൂദ്രജനത്തോടങ്ങില്ല ചേർച്ചയവർക്കഹോ
ബ്രഹ്മാലയസമം ശുദ്ധി എല്ലാർക്കുള്ള ഗൃഹങ്ങളും
മത്സ്യമാംസാദി വർജ്ജിച്ചും വർജ്ജിക്കാ

ത്തോരുമുണ്ടതിൽ ഇണങ്ങില്ലാതനേകംപേരിങ്ങ
ങ്ങളേലൊരു മുണ്ടതിൽ ഇണങ്ങില്ലാതവൎക്കുള്ള നം
രിമാൎക്കു നിരക്കവെ പരിഗ്രാഹ്യരതായിട്ടു വാഴുന്നാ
രണരിന്നുമേ ചാത്തമൂട്ടുവതിന്നായി ട്ടിണങ്ങില്ല
തുകാരണം ഇളയന്മാരുപ്രത്യേകം വച്ചുണ്ടാക്കും
ഹവിസ്സിനെ ബലിക്കു നല്കിയാൽപിന്നെ ഭുജി
പ്പാനായിരുന്നിട്ടും ഇപ്പഴേറെ നടപ്പില്ലെന്നാകി
ലും ബലിയിട്ടതിൽ പിന്നെ ദക്ഷിണയും വാങ്ങി
ഭുജിച്ചിട്ടും പരസ്യമായ് അതുകൊണ്ടിളയന്മാ
രോടൊത്ത നമ്പിടിവൎഗ്ഗവും ദക്ഷിണാ കേരളം
തന്നിൽ വാഴുന്നമ്പ്യാദി സംഘവും തമ്മിൽ ചേ
ൎന്നുനടക്കുന്നില്ലന്യോന്യം ക്രിയയൊന്നുമെ ഉന്നാ
തന്മാരതല്ലാതെയുള്ള ശൂദ്രക്കൊരോവിധം പി
ണ്ഡം വയ്പിക്ക മററുള്ള ക്രിയയൊക്കെ നടത്തി
ട്ടും മദ്ധ്യ കേരളവാസന്മാരാക നിളയതിൽ ചി
ലർ രണ്ടാംവകയിതെന്നാണു ചൊല്ലീടുന്നാവർത
മ്മില് എങ്കിലും ചാത്തവും മററും ക്രിയയൊ
ക്കയു മാദരാലൊന്നാമിളയതാണെല്ലൊ നടത്തി
ട്ടു കൊടുപ്പതു നായർജാതികളെല്ലാൎക്കു മില്ലക്കാ
ർ സ്വരൂപം പുനഃ ഇല്ലത്തിൽ നിന്നുദത്തോൽ
ക്കും നല്ലതാം, പാദമംഗലം എന്നു ചൊല്ലുന്നാവ
ൎക്കൊക്കെ പല പോക്കുവതിന്നഹോ ശൂദ്രപി
ണ്ഡം കഴിപ്പിക്കുന്നൊന്നാമിളയതിന്നുമേ നായ
ർജാതി തുടന്നിട്ടിപ്പാദമംഗലമോളവും വേറെ
വേറെ യിതെന്നാലു മെല്ലാം സച്ശൂദ്രരാകയാ
ൽ ചാലെ ചെയ്യേണ്ട കൎമ്മങ്ങൾ ക്കില്ല ഭേദമി

ത്തോരുമുണ്ടതിൽ
ഇണങ്ങില്ലാതനേകം പേരിണങ്ങുള്ളോരുമുണ്ടതിൽ
ഇണങ്ങില്ലാതവർക്കുള്ള നാരിമാർക്കു നിരക്കവെ
പരിഗൃഹ്യരതായിട്ടു വാഴുന്നാരണരിന്നുമേ
ചാത്തമൂട്ടുവതിന്നായിട്ടിണങ്ങില്ലതു കാരണം
ഇളയന്മാരു പ്രത്യേകം വച്ചുണ്ടാക്കും ഹവിസ്സിനെ
ബലിക്കു നൽകിയാൽ പിന്നെ ദക്ഷിണയും വാങ്ങി ഭുജിച്ചീടും
പരസ്യമായ്
അതുകൊണ്ടിളയന്മാരോടൊത്ത നമ്പിടി വർഗ്ഗവും
ദക്ഷിണാ കേരളം തന്നിൽ വാഴും നമ്പ്യാദി സംഘവും
തമ്മിൽ ചേർന്നു നടക്കുന്നില്ലന്യോന്ന്യം ക്രിയയൊന്നുമെ
ഉന്നതന്മാരതല്ലാതെയുള്ള ശൂദ്രർക്കൊരോവിധം
പിണ്ഡം വയ്പിക്ക മറ്റുള്ള ക്രിയയൊക്കെ നടത്തിടും
മദ്ധ്യകേരളവാസന്മാരാകുന്നിളയതിൽ ചിലർ
രണ്ടാം വകയിതെന്നാണു ചൊല്ലീടുന്നവർ തമ്മില്
എംകിലും ചാത്തവും മറ്റും ക്രിയയൊക്കെയുമാദരാ-
ലൊന്നാമിളയതാണെല്ലോ നടത്തീട്ടു കൊടുപ്പതു
നായർ ജാതികളെല്ലാർക്കുമില്ലക്കാർ സ്വരൂപം പുനഃ
ഇല്ലത്തിൽ നിന്നു ദത്തേൾക്കും നല്ലതാം പാദമംഗലം
എന്നു ചൊല്ലുന്നവർക്കൊക്കെ പുല പോക്കുവതിന്നഹോ
ശൂദ്ധപിണ്ഡം കഴിപ്പിക്കുന്നൊന്നാമിളയതിന്നുമേ
നായർ ജാതി തുടർന്നിട്ടിപ്പാദമംഗലമോളവും
വേറെ വേറെയിതെന്നാലുമെല്ലാം സച്ഛൂദ്രരാകയാൽ
ചാലെ ചെയ്യേണ്ട കർമ്മങ്ങൾക്കില്ല ഭേദമി

തൊന്നുമേ രാജസാമീപ്യവാസന്മാരായ നായരു ജാതികൾ നാലിലൊന്നുക്ഷയിച്ചിപ്പോൾ മൂന്നു സംഘങ്ങളുള്ളതിൽ ഭേദമുണ്ടെന്നു ചൊല്ലീടാനില്ല കാൎയ്യങ്ങളൊന്നുമെ മററുശൂദ്ര ജനത്തോളം ശുദ്ധിയും വൃത്തികൃത്യവും മററു മോരോ ക്രിയക്കേതും ചെററുമേ ഭേദമില്ലിഹ ബ്രാഹ്മണാദികളായ് നാലു ജാതികൾക്കുംയഥാവിധി പുണ്യാഹമേററു ശുദ്ധത്തെപ്രാപിച്ചേമതിയായ് വല്ല ശൂദ്രന്നു ശുദ്ധിയില്ലാഞ്ഞാൽ ദേവബ്രാഹ്മണരാദികൾ ക്കാൎക്കുമേ ശുദ്ധിവന്നീടാ എന്നനിൎണ്ണയമാമിതു ദേവകാൎയ്യത്തിനുംബ്രഹ്മക്ഷത്ര ജാതിയിൽ; ററിനും പൂൎവ്വാപരമതായുള്ള കൎമ്മമൊക്കെ നടത്തുവാൻ ശൂദ്രനില്ലാതെ സിദ്ധിപ്പാൻ കഴിവില്ലതിനാലഹോ ശൂദ്രന്നുമററു വൎണ്ണത്തോടൊത്ത ശുദ്ധികൾ വേണമെ പരദേശത്തുവാഴുന്ന ബ്രാഹ്മണൎക്കൊരുവൎക്കുമെശൂദ്രസംയുതമായുള്ള കൎമ്മമില്ലൊന്നുമേദൃഢംമലയാളത്തുവിപ്രന്മാൎക്കശേഷക്രിയയിങ്കലും ആൎത്തവസ്നാനശുദ്ധിക്കും സൂതകാശൌചയോരപിശൂദ്രനില്ലാതസന്ധിച്ചാൽപുനരാവൎത്തിവേണമെന്നതിനാൽദേഹശുദ്ധ്യാദി വൃത്തികൃത്യങ്ങളൊക്കെയുംപതിവായ്ബ്രാഹ്മണാചാരവിധിപോൽചെയ്യണംമുദാ നിത്യസ്നാനങ്ങളില്ലാത്ത ശൂദ്രൻചണ്ഡാലതുല്യനാം വസ്ത്രംരണ്ടുംനനച്ചിട്ടു കുളിക്കേണംദിനേദിനേ തോററുമുണ്ടതിനാൽദേഹം മാൎഷ്ടിച്ചാലുടനേതഥാ മറെറാവസ്ത്രംധരിച്ചിട്ടു ഊററഭക്തിയൊടാദരാൽ

തൊന്നുമേ രാജസാമീപ്യവാസന്മാരായ നായരു ജാതികൾ
നാലിലൊന്നു ക്ഷയിച്ചിപ്പോൾ മൂന്നു സംഘങ്ങളുള്ളതിൽ
ഭേദമുണ്ടെന്നു ചൊല്ലീടാനില്ല കാര്യങ്ങളൊന്നുമെ
മറ്റ ശൂദ്രജനത്തോളം ശുദ്ധിയും വൃത്തികൃത്യവും
മറ്റമോരോ ക്രിയക്കേതും ചെറ്റമേ ഭേദമില്ലിഹ
ബ്രാഹ്മണാദികളായ് നാലു ജാതികൾക്കും യഥാവിധി
പുണ്യാഹമേറ്റ ശുദ്ധത്തെ പ്രാപിച്ചേ മതിയായ് വരൂ
ശൂദ്രന്നു ശുദ്ധിയില്ലാഞ്ഞാൽ ദേവബ്രാഹ്മണരാദികൾ-
ക്കാർക്കുമേ ശുദ്ധി വന്നീടാ എന്നു നിർണ്ണയമാമിതു
ദേവകാര്യത്തിനും ബ്രഹ്മക്ഷത്ര്യ ജാതിയിവറ്റിനും
പൂർവാപരമതായുള്ള കർമ്മമൊക്കെ നടത്തുവാൻ
ശൂദ്രനില്ലാതെ സിദ്ധിപ്പാൻ കഴിവില്ലതിനാലഹോ
ശൂദ്രന്നു മറ്റവർണ്ണത്തോടൊത്ത ശുദ്ധികൾ വേണമെ
പരദേശത്തു വാഴുന്ന ബ്രാഹ്മണർക്കൊരുവർക്കുമെ
ശൂദ്രസംയുതമായുള്ള കർമ്മമില്ലൊന്നുമേ ദൃഢം
മലയാളത്തു വിപ്രന്മാർക്കശേഷക്രിയയിങ്കലും
ആർത്തവസ്നാനശുദ്ധിക്കും സൂതകാശൗചയോരപി
ശൂദ്രനില്ലാതസന്ധിച്ചാൽ പുനാരാവർത്തി വേണമെ
അതിനാൽ ദേഹശുദ്ധ്യാദി വൃത്തികൃത്യങ്ങളൊക്കയും
പതിവായ് ബ്രാഹ്മണാചാരവിധിപോൽ ചെയ്യണം മുദാ
നിത്യസ്നാനങ്ങളില്ലാത്ത ശൂദ്രൻ ചണ്ഡാലതുല്യനാം
വസ്ത്രം രണ്ടും നനച്ചിട്ടു കുളിക്കേണം ദിനേ ദിനേ
തോർത്തുമുണ്ടതിനാൽ ദേഹം മാഷ്ട്ടിച്ചാലുടനേ തഥാ
മറ്റ വസ്ത്രം ധരിച്ചിട്ടങ്ങുറ്റ ഭക്തിയൊടാദരാൽ

സൂര്യനാരായണംധ്യാനി ച്ചുടനേഭസ്മമിട്ടുടൻ പ
ഞ്ചാക്ഷരംജപിക്കേണം സഞ്ചിതാനന്ദപൂർവ്വകം
പിന്നെ ക്ഷേത്രേവലംവച്ചു വേണംഭുക്തികഴി
ച്ചിടാൻ സ്ത്രീകൾതീണ്ടായിരിക്കുമ്പോൾ ഉടനേ
പാദശ്ശുദ്ധിയും മുഖപ്രക്ഷാള്യമെന്നല്ല നവദ്വാ
രങ്ങളൊക്കയും മൃത്തികാലേപനംചെയ്തി ട്ടുടനേ
സലിലാൽദ്രുതം ശോധനംചെയ്തുവസ്ത്രരെത്ത ക്ക
ത്തിനന്നായുടുത്തുടൻ പ്രത്യേകം നിവസിക്കേ
ണം തത്രിവാരംക്രമോചിതം അടുത്തീടരുതാ
രുംതാൻ പട്ടുക്കേണംഭുവിതലേ കടുക്ഷാരാമ്ലമരി
ച്യാദി ഭുജിക്കാതെകഴിക്കേണം യവാനിഹിംഗുകാ
രെള്ള മുഴന്നംക്രുട്ടിയുണ്ണേണം ഭുക്തിക്കു മുൻപി
ലുംപിമ്പേ ഭുക്തിതൃപ്തിവരുത്തിയും നക്താഹ്വാം
സകലന്നല്ലോ ഉഷ്ണതോയംകുടിക്കണം അധോ
മുഖമതായ് വേണം ചരിക്കേണ്ടുകിലുംദിനെ ദ്വി
തീയേവാതൃതീയേവാ കുളിച്ചീടരുതാരുമേ ചതു
ർത്ഥേഹ്നികുളിക്കേണ്ടും പ്രകാരംപറയാമിനി ഉ
ഷസ്യായാനന്തരംചൂത പത്രസംയുതമായ് മുദാ ദ
ന്തധാവനവുംചെയ്തു ജിഹ്വാശോധിച്ചനന്തരം
തൈലാഭ്യംഗമണിഞ്ഞിട്ടു ങ്ങാളീസംയുതമായ്
മുദാ താളിയുംവാഹയുംനല്ലോ രിഞ്ചതൻപൊ
ളിമഞ്ഞളും മേളിച്ചുടുത്തുമുങ്ങാനായ് രണ്ടുവ
സ്ത്രമതിൽപരം ഒരംറൻവിഴപ്പതിന്നുള്ള ശുഭവ
സ്ത്രോത്തരീയവും ന്തവംതാംബൂലവുംനല്ല ക്രമു
കംധൂമപത്രവും വേറെയെടുത്തുപിന്നാലെ തളി
യുംതാനുമായ് മുദാ വാപിവാഹിന്യാദിയായ ന

സൂര്യനാരായണം ധ്യാനിച്ചുടനേ ഭസ്മമിട്ടുടൻ
പഞ്ചാക്ഷരം ജപിക്കേണം സഞ്ചിതാനന്ദപൂർവകം
പിന്നെ ക്ഷേത്രേ വലംവച്ചു വേണം ഭുക്തി കഴിച്ചിടാൻ
സ്ത്രീകൾ തീണ്ടായിരിക്കുമ്പോൾ ഉടനേ പാദശുദ്ധിയും
മുഖപ്രക്ഷാള്യമെന്നല്ല നവദ്വാരങ്ങളൊക്കയും
മൃത്തികാലേപനം ചെയ്തിട്ടുടനേ സലിലാൽ ദ്രുതം
ശോധനം ചെയ്തു വസ്ത്രത്തെക്കുത്തി നന്നായുടുത്തുടൻ
പ്രത്യേകം നിവസിക്കേണം തത്ത്രിവാരം ക്രമോചിതം
അടുത്തീടരുതാരും താൻ പടുക്കേണം ഭുവിതലേ
കടുക്ഷാരാമ്ലമിത്യാദി ഭുജിക്കാത കഴിക്കേണം
യവാനിഹിംഗുകാരെള്ളുമുഴന്നും കൂട്ടിയുണ്ണണം
ഭുക്തിക്കുമുൻപിലും പിമ്പേ ഭുക്തിതൃപ്തി വരുത്തിയും
നക്തം പാംസു കലർന്നുള്ളോരുഷ്ണതോയം കുടിക്കണം
അധോമുഖമതായ് വേണം ചരിക്കേണ്ടുകിലും ദിനെ
ദ്വിതീയേ വാ തൃതീയേ വാ കുളിച്ചീടരുതാരുമേ
ചതുർത്ഥേ ഹി കുളിക്കേണ്ടും പ്രകാരം പറയാമിനി
ഉത്ഥായാനന്തരം ചൂതപത്രസംയുതമായ് മുദാ
ദന്തധാവനം ചെയ്തു ജിഹ്വാജോധിച്ചനന്തരം
തൈലാഭ്യംഗമണിഞ്ഞിട്ടങ്ങാളീ സംയുതമായ് മുദാ
താളിയും വാഹയും നല്ലോരിഞ്ചതൻ പൊളി മഞ്ഞളും
മേളിച്ചുടുത്തു മുങ്ങാനായ് രണ്ടുവസ്ത്രമതിൽ പരം
ഈറൻ വിഴപ്പതിന്നുള്ള ശുഭ്രവസ്ത്രോത്തരീയവും
നൂറും താംബൂലവും നല്ല ക്രമുകം ധൂമപത്രവും
വേറെയെടുത്തു പിന്നാലെ ആളിയും താനുമായ് മുദാ
വാപിവാഹിന്യാദിയായ ന

ദീതീരത്തുചെന്നുടൻ മണ്ണാൽകൈകൊണ്ടു വാരി
ട്ടു വിശുദ്ധഗംഗയിൽദ്രുതം അതുവീഴുന്നതിനന്തര
സ്ഥാനേനിന്നുകുളിക്കേണം ആളീതാളിപിഴിഞ്ഞ
ങ്ങു കൊട്ടത്താലതുതേക്കേണം വാഹയുംതേച്ചുപി
ന്നാലേ വേണമീഞ്ചകൾതേച്ചിടാൻ ദേഹശോ
ധനനന്നായി ചെയ്താൽതോഴിസമന്വിതം ജ
ലത്തിങ്കലിറങ്ങീട്ടു പിന്നാലെതോഴിനിൽക്കവേ
മുന്നിൽനിന്നേഴമുങ്ങേണം തീണ്ടാമുണ്ടൊട്ടുക്രുട
വേ പിന്നൊവെള്ളത്തിലാമുണ്ടു വിഴത്തിട്ടാപ്പുട
ൻതഥാ മണ്ണാത്തിമാററുടുത്തിട്ടു തീണ്ടാമുണ്ടങ്ങു
കററിയാൽ പന്ത്രണ്ടുമുങ്ങിയാൽപിന്നെ മാററു
ദൂരീകരിച്ചുടൻ ദാസിയൊന്നുകുളിച്ചിട്ടു കൊട
പ്പുതോത്തുമുണ്ടത്തും ഉടുത്തുമൂന്നുമുങ്ങീട്ടു കരക്കേ
റീട്ടനന്തരം മഞ്ഞൾസർവ്വാംഗവുംതേച്ചു കുളി
ച്ചാൽദാസിയപ്പോഴേ വെറേതോർത്തൊന്നുകയ്യി
ന്മേൽ കൊട്ടത്താലതുമപ്പോഴേ നനച്ചിട്ടഞ്ചു
മുങ്ങീട്ടു നിവൃത്താലുടനേതഥാ സൂര്യബിംബത്തി
ൽനോക്കേണ മിരുകയ്യാൽമറച്ചുടൻ അതുസം
കല്പസംയുക്തത്തോടുമല്ലാതെയുംചരേൽ അറി
ഞ്ഞുമറിയാതേയും വരുന്നദുരിതങ്ങളെ നിറഞ്ഞ
ജ്യോതിപുഞ്ജം കൊണ്ടിഹദൂരീകരിച്ചുടൻ പര
ന്നാപാരിടത്തിങ്കൽ ഭർത്തൃപുത്രസമേതയായിരു
ന്നബഹുസൽക്കർമ്മം ചെയ്തുചെയ്യിച്ചുമേല്ക്കുമേ
ൽ വളർന്നഭക്തിയാൽകാലം നയിപ്പിപ്പാൻനി
രന്തരം വരംനൽകീടണംസ്വാമി ദിനേശായ
നമസ്തുതേ പിന്നൊനിന്ദ്യങ്ങളായുള്ള വസ്ത്രംരജ

ദീതീരത്തു ചെന്നുടൻ
മണൽ കൈകൊണ്ടു വാരീട്ടു വിശദൃ ഗംഗയിൽ ദ്രുതം
അതു വീഴുന്നതിന്നന്തസ്ഥാനേ നിന്നു കുളിക്കണം
ആളീ താളി പിഴിഞ്ഞങ്ങു കൊടുത്താലതു തേക്കണം
വാഹയും തേച്ചു പിന്നാലേ വേണമീഞ്ചകൾ തേച്ചിടാൻ
ദേഹശോധന നന്നായി ചെയ്താൽ തോഴി സമന്വിതം
ജലത്തിങ്കലിറങ്ങീട്ടു പിന്നാലേ തോഴി നിൽക്കവേ
മുന്നിൽ നിന്നേഴു മുങ്ങേണം തീണ്ടാമുണ്ടോട്ടുകൂടവേ
പിന്നെ വെള്ളത്തിലാ മുണ്ടു വിഴുത്തിട്ടാലുടൻ തഥാ
മണ്ണാത്തി മാറ്റുടുത്തിട്ടു തീണ്ടാമുണ്ടങ്ങകറ്റിയാൽ
പന്ത്രണ്ടു മുങ്ങിയാൽ പിന്നെ മാറ്റു ദൂരീകരിച്ചുടൻ
ദാസിയൊന്നു കുളിച്ചിട്ടു കൊടുപ്പു തോർത്തുമുണ്ടതും
ഉടുത്തു മൂന്നു മുങ്ങീട്ടു കരക്കേറീട്ടനന്തരം
മഞ്ഞൾ സർവാംഗവും തേച്ചു കുളിച്ചാൽ ദാസിയപ്പൊഴേ
വേറെ തോർത്തൊന്നു കയ്യിന്മേൽ കൊടുത്താലതുമപ്പൊഴേ
നനച്ചിട്ടഞ്ചു മുങ്ങീട്ടു നിവൃന്ദാലുടനേ തഥാ
സൂര്യബിംബത്തിൽ നോക്കേണമിരുകയ്യാൽ മറച്ചുടൻ
അതു സംകല്പസംയുക്തത്തോടുമല്ലാതെയും ചരേൽ
അറിഞ്ഞുമറിയാതേയും വരുന്ന ദുരിതങ്ങളെ
നിറഞ്ഞ ജ്യോതിപഞ്ജം കൊണ്ടിഹ ദൂരീകരിച്ചുടൻ
പരന്ന പാരിടത്തിങ്കൽ ഭർത്തൃപുത്രസമേതയാ-
യിരുന്നു ബഹുസൽക്കർമ്മം ചെയ്തുചെയ്യിച്ചു മേല്ക്കുമേൽ
വളർന്ന ഭക്തിയാൽ കാലം നയിപ്പിപ്പാൻ നിരന്തരം
വരം നൽകീടണം സ്വാമി ദിനേശായ നമസ്തുതേ
പിന്നെ നിന്ദ്യങ്ങളായുള്ള വസ്ത്രം രജ

കനേകിയാൽ ദാസിയുംശൂദ്രമായൊന്നു കുളിച്ചാ
ലിരുപേരുമായ് കരക്കേറീട്ടുതോർത്തിട്ടങ്ങുടപ്പു
ശുഭ്രവസ്ത്രവും ഉരസ്സോടൊത്തുബന്ധിപ്പു തര
ത്തോടുത്തരീയവും പിന്നെക്കുങ്കുമവും ചാർത്തി
തീണ്ടാനാഴിപിഴിഞ്ഞൊരു പാടീരപങ്കവുംചാ
ർത്തി താംബൂലംവായ്യൊഴിച്ചുടൻ ചാടുവാചങ്ങ
ളുംമററു ള്ളന്യമാംഭാഷണങ്ങളും കൂടിയുള്ള
വരോടും മററന്യരായ ജനത്തോടും പാടവും
പൂണ്ടുരയ്ക്കാതെ കുമ്പിട്ടങ്ങു ഗമിച്ചുടൻ വീ
ട്ടിൽ വന്നിങ്ങകം പൂകി ട്ടേഷ്ടം ഭുക്തി
ചെയ്തുടൻ ശയ്യാഗൃഹമകം പുക്കു ദശപു
ഷ്പം ധരിക്കണം അഞ്ജനാലംകൃതംചെയ്തിട്ട
ന്യന്നെസ്മരിയാതുടൻഭർത്തൃഭക്തിമുഴുത്തോരോന്ന
ർത്ഥാൽ ഭൂരവാഴണം ഇപ്രകാരങ്ങളല്ലാതെ
സപ്രമോദേനനാരിമാർ ക്ഷിപ്രമോരോവിധം
സ്നാനം ചെയ്താലശ്രീകരംഭവേൽ തീണ്ടായിരു
ന്നനാലാംനാൾ കുളിക്കനാളിനത്തില് ബലിക
ർമ്മങ്ങളുംവല്ല വ്രതവുംവന്നുചേരുകിൽ നലമോ
ടതുചെയ്യാമെന്നല്ലോ ശാസ്ത്രാന്താരോദിതം
നാലഞ്ചുനാമമായ്മുന്നം ചാലെചൊന്നാവരൊ
ക്കയും വെവ്വേറെതന്നെയെന്നാലു മെല്ലാംസ
ച്ശൂദ്രരാകയാൽ കാലോചിതമതായുള്ള കർമ്മ
മെല്ലാക്കുമൊന്നുപോൽ മാലോകരുംമഹാത്മാ
രി ന്നേവമെല്ലാം ഗ്രഹിച്ചുടൻ കാലേചെയ്യേണ്ട
തായുള്ള കർമ്മം സച്ശൂദ്രരൊക്കയും നേരേ
ചെയ്യേണ്ടതെന്നെല്ലാമെന്നുചൊല്ലാം ചുരുക്ക

കനേകിയാൽ
ദാസിയും ശുദ്ധമായൊന്നു കുളിച്ചാലിരുപേരുമായ്
കരക്കേറീട്ടു തോർത്തീട്ടങ്ങുടുപ്പൂ ശുഭ്രവസ്ത്രവും
ഉരസ്സോടൊത്തു ബന്ധിപ്പൂ തരത്തോടുത്തരീയവും
പിന്നെ കുങ്കുമവും ചാർത്തി തീണ്ടാനാഴി പിഴിഞ്ഞൊരു
പാടീരപങ്കവും ചാർത്തി താംബൂലം വായ്പൊഴിച്ചുടൻ
ചാടുവാചങ്ങളും മറ്റുള്ളന്യമാം ഭാഷണങ്ങളും
കൂടിയുള്ളവരോടും മറ്റന്യരായ ജനത്തൊടും
പാടവം പൂണ്ടുരയ്ക്കാതെ കുമ്പിട്ടങ്ങു ഗമിച്ചുടൻ
വീട്ടിൽ വന്നിങ്ങകം പൂകിട്ടെഥേഷ്ടം ഭുക്തി ചെയ്തുടൻ
ശയ്യാഗൃഹം പുക്കു ദശപുഷ്പം ധരിക്കണം
അഞ്ജനാലംകൃതം ചെയ്തിട്ടന്യനെ സ്മരിയാതുടൻ
ഭർത്തൃഭക്തി മുഴുത്തോരോനർമ്മാർത്ഥാൽ ദൂരവാഴണം
ഇപ്രകാരങ്ങളല്ലാതെ സപ്രമോദേന നാരിമാർ
ക്ഷിപ്രമോരോ വിധം സ്നാനം ചെയ്താലശ്രീകരം ഭവേൽ
തീണ്ടായിരുന്ന നാലാംനാൾ കുളിക്കുന്ന ദിനത്തില്
ബലികർമ്മങ്ങളും വല്ല വ്രതവും വന്നു ചേരുകിൽ
നലമോടതു ചെയ്യാമെന്നെല്ലോ ശാസ്ത്രാന്തരോദിതം
നാലഞ്ചു നാമമായ് മുന്നം ചാലെ ചൊന്നവരൊക്കയും
വെവ്വേറെ തന്നെയെന്നാലുമെല്ലാം സച്ച്ശൂദ്രരാകയാൽ
കാലോചിതമതായുള്ള കർമ്മമെല്ലാർക്കുമൊന്നുപോൽ
മാലോകരും മഹാന്മാരിന്നേവമെല്ലാം ഗ്രഹിച്ചുടൻ
കാലേ ചെയ്യേണ്ടതായുള്ള കർമ്മം സച്ച്ശൂദ്രരൊക്കെയും
നെരേ ചെയ്യേണ്ടതെന്തെല്ലാമെന്നു ചൊല്ലാം ചുരുക്ക

മായ് ജനിച്ചാലപ്പുഴെനാഭി ഛേദനം ചെയ്തന
ന്തരം സ്തനാശനമതെന്നോവം ചൊല്ലുന്നു ജാതക
ൎമ്മയോ പിന്നെ നക്ഷത്രമാസാദ്യാൽ പരം പൂ
ൎവ്വാഹ്നതോപരിം സന്മുഹൂൎത്താങ്ങളോൎത്തിട്ടു തള്ള
യും ബന്ധുവൎഗ്ഗവും നന്ദനം ബാഹ്യഭാഗത്തു
കൊണ്ടിറങ്ങമ്പരമ്പിലായ് ആഷ്ടമം ശല്യ
സംയുക്ത മിഷ്ടമാം നാരിമാരൊട്ടും കന്യകാപ
രിവാരത്തോ ടൊത്തുമുററത്തിറങ്ങിയാൽ പഞ്ച
ഭൂതങ്ങളിൽപൂൎവ്വമായീടുന്നാനഭസ്ഥലം സഞ്ചി
താനന്ദമായ് ബാവം കാണിക്കുന്നതുമോക്കില്
അഞ്ചാതതിന്നു പൊല്ലേണ മിന്നുനിഷ്ക്രാമണ
ക്രിയാ ചെഞ്ചമ്മേ പേർവിളിച്ചിട്ടുനന്നുമുററത്തു
വച്ചുടൻ ചഞ്ചലാക്ഷിയതായുള്ളോരമ്മകണ്ണെ
കഥിച്ചിട്ടും സമ്മതംപൂണ്ടുമററുള്ളോർ പിന്നെ
യപ്പേർവിളിച്ചിട്ടും ഇങ്ങനെചെയ്യതെല്ലാക്കും
ചൊല്ലീടും നാമകൎമ്മയോ പിന്നെയഞ്ചാമതാം
തിങ്കൾ കഴിഞ്ഞാൽസന്മുഹൂൎത്തയോ അന്നപ്രാ
ശനകൎമ്മത്തെ ചെയ്യുംശാസ്ത്രോക്തവൽസദാ വ
ത്സരംതികയുന്നന്നു വന്നീടും ജന്മനാൾക്കിഹ
സ്വപസ്തിയിട്ടുഗണേശനായ് പൂജിപ്പിച്ചിട്ടനന്ത
രം ശ്രദ്ധിയോടാഹൂതിംചെയ്തി ട്ടന്നോദാനാദിസൎവ്വ
വും വ്യക്തമായ്ചെയ്യതിന്നെന്നും വാൎഷികോ
ത്സവയജ്ഞങ്ങളെ ന്നത്രമൂന്നാണ്ടിലെൽപ്രാക്കൾക്കെന്നൗ
രകൎമ്മം വിധിച്ചതു ക്ലിപ്തമായൊററയായീടും വ
ത്സരെകൎണ്ണവേധവും വിദ്യാരംഭങ്ങളും മേലിൽ
ചൊന്നോരന്നവൃത്തിവൃത്തമം തതാൽകൎമ്മോക്ത

മായ് ജനിച്ചാലപ്പഴെ നാഭിച്ഛേദനം ചെയ്തനന്തരം
സ്തനാശനമതെന്നേവം ചൊല്ലുന്നു ജാതമർമ്മയോ
പിന്നെ നക്ഷത്രമാസാന്ത്യാൽ പരം പൂർവാഹ്നതോപരിം
സന്മുഹൂർത്തങ്ങളോർത്തിട്ടു തള്ളയും ബന്ധുവർഗ്ഗവും
നന്ദനം ബാഹ്യഭാഗത്തു കൊണ്ടിറങ്ങുമ്പൾ മുമ്പിലായ്
അഷ്ടമംഗല്യസംയുക്തമിഷ്ടമാം നാരിമാരൊടും
കന്ന്യകാപരിവാരത്തോടൊത്തുമുറ്റത്തിറങ്ങിയാൽ
പഞ്ചഭൂതങ്ങളിൽ പൂർവമായീടുന്ന നഭസ്ഥലം
സഞ്ചിതാനന്ദമായ് ബാലം കാണിക്കുന്നതുമോർക്കില്
അഞ്ചാതതിന്നു ചൊല്ലേണമിന്നു നിഷ്ക്രാമണക്രിയാ
ചെഞ്ചമ്മേ പേർ വിളിച്ചിട്ടു നന്നു മുറ്റത്തു വച്ചുടൻ
ചഞ്ചലാക്ഷിയതായുള്ളോരമ്മ കർണ്ണേ കഥിച്ചിടും
സമ്മതം പൂണ്ടു മറ്റുള്ളോർ പിന്നെയപ്പേർ വിളിച്ചിടും
ഇങ്ങനെ ചെയ് വതെല്ലാർക്കും ചൊല്ലീടും നാമകർമ്മയോ
പിന്നെയഞ്ചാമതാം തിങ്ങൾ കഴിഞ്ഞാൽ സന്മുഹൂർത്തയോ
അന്നപ്രാശനകർമ്മത്തേ ചെയ്യും ശാസ്ത്രോക്തവൽ സദാ
വത്സരം തികയുന്നന്നു വന്നീടും ജന്മനാൾക്കിഹ
സ്വസ്തിയിട്ടു ഗണേശന്നായ് പൂജിപ്പിച്ചിട്ടനന്തരം
ശുദ്ധിയോടാഹുതിം ചെയ്തിട്ടന്നദാനാദി സർവവും
വ്യക്തമായ് ചെയ് വതിനെന്നും വാർഷികോത്സവ യജ്ഞമെ
ന്നത്ര മൂവ്വാണ്ടിലെല്ലാർക്കും ക്ഷൗരകർമ്മം വിധിച്ചതു
ക്ലിപ്തമായൊറ്റയായീടും വത്സരെ കർണ്ണവേധവും
വിദ്യാരംഭങ്ങളും മേലിൽ ചൊന്നോരബ്ദത്തിലുത്തമം
തത്തൽ കർമ്മോക്ത

മാംവണ്ണിംനടത്തുംവൃഷലവൈഷലവും പിന്നെസ്ത്രീ
ജനമെല്ലാരുംനവഗൎഭംധരിക്കവെ മൂന്നാമ്മാസെ
വരുന്നോരുദ്വാദശീപെരുണ്ണിയെന്നതിൽപുണ്യാ
ഹമേറെറാരോരൊവാരം പഞ്ചഗവ്യം ഭുജിക്ക
ണം ചൊല്ലീട്ടുന്നിതിനെല്ലാരു മപത്യാവനമി
തെന്നുപേർ നല്ലപോലിഹസീമന്തം കൎമ്മമെഴാ
മതിങ്ങളിൽ പിന്നെ പ്രസവമുണ്ടായാലതുക
ന്യകയായ്വരിൽ വിവാഹംചെയ്തതിൽപിന്നെ തി
രണ്ടാലതുശുദ്ധിയും വിവാഹംചെയ്തകാന്തന്റെ ത
ന്നാധീനത്തിലിരുന്നവൾ രമിക്കേണമതെന്നുള്ള
നടപ്പില്ലിഹകേരളേ അതുകൊണ്ടന്യരായുള്ളോ
രുന്നതന്മാർ സ്വജാതിമാർമാന്യമായ് വസ്ത്രദാ
നാൎത്ഥം സ്വീകരിക്കുന്നഭാൎയ്യയായ് വസ്ത്രദാതൃ
വ്യകൎമ്മത്തിനാപരംതാൻപ്രവേശവും അതുസേ
കോപാമംകൎമ്മമിവയെല്ലാം നിനക്കിലുംസ്വതന്ത്രം
ശൂദ്രജാതിക്കും പലകൎമ്മങ്ങളൊണ്ടിഹ ശൂദ്രൻ
കൎമ്മവിഹീനന്താ നെന്നുവന്നാലവനിഹ ബ്രാ
ഹ്മണൎക്കുള്ളകൎമ്മത്തിൻ സഹചൎയ്യപ്രവൃത്തിയിൽ
നിന്ദ്യനാവുന്നുകൂടീട്ടു മില്ലസംശയമേതുമേ ഏ
ന്നാതേതുംഗ്രഹിക്കാതെ കൎമ്മമില്ലിഹശൂദ്രനെ ന്ന
ങ്ങുചൊല്ലുന്നതിൻഭേദം തെല്ലമാത്രം കഥിച്ചി
ടാം മന്ത്രസംയുതമായ്മേലിൽ ചൊന്നകൎമ്മ
ങ്ങളൊക്കയും സ്വതന്ത്രമായിനടത്തുന്നി ല്ലാഗമാ
ജ്ഞാതഹേതുവായ് ഏങ്കിലും ജനനംതൊട്ടി
ട്ടുള്ളകൎമ്മമശേഷവും ഭംഗിയായി നടത്തുന്നു
തന്ത്രസംയുതമായ്മുദാ മാതൃമാതുല ഭാഗി

മാം വണ്ണം നടത്തും വൃഷലൗഘവും
പിന്നെ സ്ത്രീജനമെല്ലാരും നവഗർഭം ധരിക്കവേ
മൂന്നാമ്മാസം വരുന്നോരു ദ്വാദശീ പൗർണ്ണയെന്നതിൽ
പുണ്യാഹമേറ്റോരോരൊ വാരം പഞ്ചഗവ്യം ഭുജിക്കണം
ചൊല്ലീടുന്നിതിനെല്ലാരുമപത്യാവനമിതെന്നു പേർ
നല്ലപോലിഹ സീമന്തകർമ്മമേഴായതിങ്ങളിൽ
പിന്നെ പ്രസവമുണ്ടായാലതു കന്യകയായ് വരിൽ
വിവാഹം ചെയ്യതിൽ പിന്നെ തിരണ്ടാലതു ശുദ്ധിയും
വിവാഹം ചെയ്ത കാന്തൻ തന്നധീനത്തിലിരുന്നവൾ
രമിക്കേണമതെന്നുള്ള നടപ്പില്ലിഹ കേരളേ
അതുകൊണ്ടന്യരായുള്ളോരുന്നതന്മാർ സ്വജാതിമാർ
മാന്ന്യമായ് വസ്ത്രദാനാർത്ഥം സ്വീകരിക്കുന്നു ഭാര്യയായ്
വസ്ത്രദാതവ്യകർമ്മത്തിന്നപരം താൻ പ്രവേശവും
അതു സേകോപമം കർമ്മമിവയെല്ലാം നിനക്കിലും
സതതം ശൂദ്രജാതിക്കും പലകർമ്മങ്ങളൊണ്ടിഹ
ശൂദ്രൻ കർമ്മവിഹീനന്താനെന്നു വന്നാലവന്നിഹ
ബ്രാഹ്മണർക്കുള്ള കർമ്മത്തിൻ സഹചര്യപ്രവൃത്തിയിൽ
നിന്ദ്യനായ് വന്നുകൂടീടുമില്ല സംശയമേതുമേ
എന്നേതും ഗ്രഹിക്കാതെ കർമ്മമില്ലിഹ ശൂദ്രനെന്ന-
ങ്ങു ചൊല്ലുന്നതിൻ ഭേദം തെല്ലുമാത്രം കഥിച്ചിടാം
മന്ത്രസംയുതമായ് മേലിൽ ചൊന്ന കർമ്മങ്ങളൊക്കയും
സ്വന്തമായി നടത്തുന്നില്ലാഗമാജ്ഞത്വ ഹേതുവായ്
എങ്കിലും ജനനം തൊട്ടിട്ടുള്ള കർമ്മമശേഷവും
ഭംഗിയായി നടത്തുന്നു തന്ത്രസംയുക്തമായ് മുദാ
മാതൃമാതുലഭാഗി

ന്ന്യ യാദിയായവരൊക്കയും മരിച്ചാലും
ഷോഡശങ്ങളൊണ്ടല്ലോ ക്രിയ ശൂദ്രനും
അതു വിസ്താരമായിട്ടു പറയാമൊട്ടുവിൽ തഥാ
പൂൎവ്വാപരമതായുള്ള ഷോഡശ ഭിതയങ്ങളും
കേവലം ശൂദ്രജാതിക്കും അമന്ത്രാൽ തന്ത്രയുക്ത
മായ് ചെയ്യുന്നൊണ്ടിക്കേരളത്തിൽ സ്സൎവ്വ്യാപക
മതായ്മുദാ എന്നാലീവകകൎമ്മങ്ങ ളിന്നുംശൂദ്ര
ർ നടത്തിയും പിന്നെയോരോന്നതായ് താഴെ
ചൊല്ലീടും· പലകൎമ്മവും നന്ദിയായ്ചെയ്യാതെ
ന്നല്ലാ മെന്നുമല്ലുംപറഞ്ഞിടാം യജ്ഞപൂജാദി
യുംവിപ്ര ഭുക്തിയും ദശദാനവും കാൎപ്പാസപ
ഞ്ചകം പിന്നെതിലദാനംപ്രതിഗ്രഹം സപ്ലശ്രാ
ദ്ധംപിതൃപ്രീതിക്കായിട്ട് തിലഹോമവും - ഷഷ്ഠി
പൂൎത്ത്യശിതിധാര ദേവാരാധനയെന്നിവ ഇത്യാദി
യോരൊകൎമ്മങ്ങളൊക്കയും ഭക്തിപൂൎവ്വകം വിപ്ര
വൃന്ദങ്ങളെക്കൊണ്ടു ചെയ്യിക്കുന്നുസമസ്തരും ദെ
സ്സകാൎയ്യരതിബ്രാഹ്മഭക്തിയും തീൎത്ഥയാത്രയുംനാ
മപാരായണം ക്ഷേത്രപിണ്ഡമെന്നിവയൊക്ക
യും ക്ഷേമമായിട്ടുചെയ്യുന്നൊണ്ടതും കൎമ്മങ്ങള
ല്ലയോ ഇത്യാദിബഹുകൎമ്മങ്ങ ളെത്രയും ഭക്തി
പൂൎവ്വകം സത്തരാം ശൂദ്രരെല്ലാം ചെയ്തുകൊണ്ട
ങ്ങിരിക്കവെ നവമത്തിങ്കലുംപിന്നെ ഭാരതേശാ
ന്തിപൎവ്വയോഃ ശൂദ്രന്നു കൎമ്മമില്ലന്നു തുഞ്ചൻ
ചൊന്നവ യത്ഭുതം ശ്രാദ്ധാദികൎമ്മം ശൂദ്രൎക്കു ഭാ
ഗിനേയരതായവർ മന്ത്രമുച്ചരിയാതങ്ങു ചെയ്
വൂവെന്നാപരംതഥാ ചൊന്നതിൻ യുക്തിയോക്ക്

ന്ന്യേയാദിയായവരൊക്കയും
മരിച്ചാലും ഷോഡശങ്ങളൊണ്ടല്ലോ ക്രിയ ശൂദ്രനും
അതു വിസ്താരമായിട്ടു പറയാമൊടുവിൽ തഥാ
പൂർവാപരമതായുള്ള ഷോഡശദ്വിതയങ്ങളും
കേവലം ശൂദ്രജാതിക്കും അമന്ത്രാൽ തന്ത്രയുക്തമായ്
ചെയ്യുന്നൊണ്ടിക്കേരളത്തിൽ സ്സവ്യാപകമതായ് മുദാ
എന്നാലീവകകർമ്മങ്ങളിന്നും ശൂദ്രർ നടത്തിയും
പിന്നെയോരോന്നതായ് താഴെ ചൊല്ലീടും പല കർമ്മവും
നന്ദിയായ് ചെയ് വതെന്തല്ലാമെന്നുമല്പം പറഞ്ഞിടാം
യജ്ഞപൂജാദിയും വിപ്രഭക്തിയും ദശദാനവും
കാർപ്പാസപഞ്ചകം പിന്നെ തിലദാനം പ്രതിഗ്രഹം
സർപ്പശ്രാദ്ധം പിതൃപ്രീതിക്കായിട്ട് തിലഹോമവും
ഷഷ്ടിപൂർത്യശിതിധാര ദേവാരാധനയെന്നിവ
ഇത്യാദിയോരൊ കർമ്മങ്ങളൊക്കയും ഭക്തിപൂർവകം
വിപ്രവൃന്ദങ്ങളെക്കൊണ്ടു ചെയ്യിക്കുന്നു സമസ്തരും
ദൈവകാര്യരതി ബ്രാഹ്മഭക്തിയും തീർത്ഥയാത്രയും
നാമപാരായണം ക്ഷേത്രപിണ്ഡമെന്നിവയൊക്കയും
ക്ഷേമമായിട്ടു ചെയ്യുന്നൊണ്ടതും കർമ്മങ്ങളല്ലയോ
ഇത്യാദി ബഹുകർമ്മങ്ങളെത്രയും ഭക്തിപൂർവകം
സത്തരാം ശൂദ്രരെല്ലാം ചെയ്തുകൊണ്ടങ്ങിരിക്കവെ
നവമത്തിങ്കലും പിന്നെ ഭാരതേ ശാന്തിപർവയോഃ
ശൂദ്രന്നു കർമ്മമില്ലന്നു തുഞ്ചൻ ചൊന്നവയത്ഭുതം
ശ്രാദ്ധാദികർമ്മം ശൂദ്രർക്കു ഭാഗിനേയരതായവർ
മന്ത്രമുച്ചരിയാതങ്ങു ചെയ് വുവെന്നപരം തഥാ
ചൊന്നതിൻ യുക്തിയോർക്കു

മ്പോൾ ശാന്തിപ്രവൃത്തിയിൽ മുലവൽ ചൊന്നാ തല്ലു
ന്നിതെല്ലാൎക്കും നല്ലപോലറിയാമിഹ കേരളാ
ഹാരമായുള്ള ഭാഷാഗാനമിതാകയാൽ സാരമാ
യ നടപ്പുംപ്രാദേശ്യവും താന്തരം ചെയ്തു പരിഷ്കാ
രപൂൎവ്വമാരായിരിക്കുന്നവരാരുമീ നിരപ്പില്ലാതത്തു
ഞ്ചൻ ചൊന്ന ബന്ധത്തെ വെടിഞ്ഞുടൻ ജനി
ച്ചാലുള്ള കൎമ്മംപിൻ മരിച്ചാലുള്ള കൎമ്മവും ത
നിച്ചാനന്ദമായ് ചെയ്യുന്നതിൽ പ്രാധാന്യമാകി
യ വിവാഹകൎമ്മകൃത്യത്തെ പറവാൻ തുടരുന്നി
ഹ കന്യകാബാലഭാവത്തെപ്രാപിക്കുന്നതിനിപ്പു
റം ധന്യനാം മാതുലൻ പിന്നെ പിതാവും ബന്ധു
വൎഗ്ഗവും മാന്യരാം ജ്ഞാതിമാരും തദ്ദേശവാസിജ
നങ്ങളും ഒന്നുചേൎന്നു വിവാഹത്തെ നിശ്ചയിപ്പതി
നായ് മുദാ മുൻപേ കൂട്ടിക്ഷണിച്ചിട്ടു വരുന്നോ
ണം ജനങ്ങളെ പിന്നെ കന്യകമാർതന്റെ ജാ
തകങ്ങളെടുത്തുടൻ നന്നായി പരിശോധിച്ചു
പൊരുത്തം നോക്കുവാനുടൻ ഗണികൻകയ്യിൽ
നൾകാനാസ്ഥാതുലൻ ജാതകത്തിന്നെസ്സമ്പാളം
തന്നിൽവച്ചിട്ടതാം വ്യൂലക്രമകാനുചിതംവന്നി
രിക്കുന്നാസ്ഥാനീയരാദികളായസഭാന്തരെ വന്ദനീ
യനരായ് നിന്നു ചൊല്ലേണം പുനരിങ്ങനെ ഹ്യ
ന്റെസന്താനസംഘങ്ങളായകുട്ടികൾ തന്നുടെ മം
ഗല്യധാരണം ചെയ്യിച്ചീട്ടുവാൻ നിങ്ങളൊക്കെയും
സമ്മോദപൂൎവ്വമാലോചിച്ചിപ്പോൾ ജാതകമൊ
ക്കയുംഗണികൻ കയ്യിലേൽപ്പിച്ചു മുഹൂൎത്തംനി
ൎണ്ണയിക്കണം എന്നു ചൊല്ലിസ്സഭാമദ്ധ്യേ വച്ചാലുട

മ്പോൾ ശാന്തിപർവത്തിൽ മൂലവൽ
ചൊന്നതല്ലന്നിതെല്ലാർക്കും നല്ലപോലറിയാമിഹ
കേരളാഹ്വയമായുള്ള ഭാഷാഗാനമിതാകയാൽ
സാരമായ നടപ്പും പാർത്തേവം താന്തരചെയ്യതു
പരിഷ്കാരപുമാന്മാരായിരിക്കുന്നവരാരുമീ
നിരപ്പില്ലാത തുഞ്ചൻ ചൊന്നബദ്ധത്തെ വെടിഞ്ഞുടൻ
ജനിച്ചാലുള്ള കർമ്മം പിൻ മരിച്ചാലുള്ള കർമ്മവും
തനിച്ചാനന്ദമായ് ചെയ്യുന്നതിൽ പ്രാധാന്യമാകിയ
വിവാഹകർമ്മകൃത്യത്തെ പറവാൻ തുടരുന്നിഹ
കന്യകാ ബാലഭാവത്തെ പ്രാപിക്കുന്നതിനിപ്പുറം
ധധ്യനാം മാതുലൻ പിന്നെ പിതാവും ബന്ധുവർഗ്ഗവും
മാന്യരാം ജ്ഞാതിമാരും തദ്ദേശവാസിജനങ്ങളും
ഒത്തു ചേർന്നു വിവാഹത്തെ നിശ്ചയിപ്പതിനായ് മുദാ
മുൻപേക്കൂട്ടി ക്ഷണിച്ചിട്ടു വരുത്തേണം ജനങ്ങളെ
പിന്നെ കന്യകമാർ തന്റെ ജാതകങ്ങളെടുത്തുടൻ
നന്നായി പരിശോധിച്ചു പൊരുത്തം നോക്കുവാനുടൻ
ഗണികൻ കയ്യിൽ നൾകാനായ്മാതുലൻ ജാതകത്തിനെ
സാമ്പാളം തന്നിൽ വച്ചിട്ടു താംബൂലക്രമുകാന്വിതം
വന്നിരിക്കുന്ന സ്ഥാനീയരാദീയായ സഭാന്തരെ
വന്ദനീയനതായ് നിന്നു ചൊല്ലേണം പുനരിങ്ങനെ
എന്റെ സന്താനസംഘങ്ങളായ കുട്ടികൾ തന്നുടെ
മംഗല്യധാരണം ചെയ്യിച്ചീടുവാൻ നിങ്ങളൊക്കയും
സമ്മോദപൂർവമാലോചിച്ചിപ്പോൾ ജാതകമൊക്കയും
ഗണികൻ കയ്യിലേൾപ്പിച്ചു മുഹൂർത്തം നിർണ്ണയിക്കണം
എന്നു ചൊല്ലി സഭാമദ്ധ്യേ വച്ചാലുട

നിതാദരാൽ സ്ഥാനികരന്മാരായുള്ളോരാരെ
നാലുമെടുത്തുടൻ മാതാവിൻ നാമസംയുക്തം
കന്യകാവ്യാംലിഖിച്ചുടൻഎണ്ണവും നിണ്ണയിച്ചു
പ്പോൾ രംഭപത്രത്തിൽ വച്ചുടൻ താംബൂലാദി
കളാംപൂരിച്ചപ്പോൾ ജ്യോത്സ്യകൻനൽകണം ന
ൽകുവോനും വാങ്ങുവോനും സമസ്താജനൊസമ
ന്വിതം വഹിച്ചാലപ്പൊഴേതന്നെ വഷമാസാ
ദിദർക്ഷവും ഓത്ത്രഷൾദോഷവുംപിന്നെ ന
വദോഷാദിസവ്വവും ഒഴിഞ്ഞിട്ടങ്ങിരിക്കുന്ന മു
ഹൂത്തം നോക്കിയാച്ചുടൻ സപ്തമംശുഭമായുള്ള
രാശിയിൽസ്ഥിരമായുടൻ വേളിക്കൊപ്പാനറപ്പി
ച്ചു പന്തൽമണ്ഡപമാദിയായ് ചമെത്തിൽ പുര
കെട്ടാനായ് ദിവസംചാത്തിവാങ്ങിയാൽ തോഴ
രായവർ കത്താവിൻ കയ്യിലങ്ങുകൊടുത്തോരോ
വൈശിഷ്യമൊക്കവേചൊല്ലി പനരങ്ങുഗമിച്ചി
ടാം പന്തൽകെട്ടും ചാത്തുവച്ചു കെന്നാവേണ്ടാസ
മസ്തവും പന്തിയായിനടത്താനായ് ബന്ധുവർഗ്ഗാ
ദിസവ്വരും വന്നുചേരുവതിന്നായി പിന്നെയൊ
ന്നക്ഷണിക്കണം അമ്മുഹൂത്തത്തിന്നൊട്ടേറെ മു
ൻപേവന്നെത്തിയാൽപുനഃസമ്മൂഹൂത്താംസ്ഥിരം
ചെയ്തിട്ടുന്ന നല്ലപൊരുത്തമായുള്ള നക്ഷത്രമെ
പ്പേരും ചാത്തിട്ടുള്ളൊരു ചാണ്ത്രഃൾ ജോത്സ്യ
നോടതുവാങ്ങിച്ചു കത്താവിങ്കൽകൊടുത്തുടൻ
പന്തൽകെട്ടുവതിന്നായി കന്നിരാശൌനിരത്തു
വാൻ പാലപ്പാവമ്പഴംഞാവ ലെന്നചൊന്നുള്ള
വററില്ലൂസ്ഥൂണംചെത്തിയൊരുക്കിട്ടു മഞ്ഞൾ

നിതാദരാൽ
സ്ഥാനീകരന്മാരായുള്ളോരാരെന്നാലുമെടുത്തുടൻ
മാതാവിൻ നാമസംയുക്തം കന്ന്യകാഖ്യാം ലിഖിച്ചുടൻ
എണ്ണവും നിർണ്ണയിച്ചപ്പോൾ രംഭപത്രത്തിൽ വച്ചുടൻ
താംബൂലാദികളാപൂരിച്ചപ്പോൾ ജ്യോത്സ്യകൽ നൽകണം
നൽകുവോനും വാങ്ങുവോനും സമസ്താജ്ഞാസമന്വിതം
വഹിച്ചാലപ്പൊഴേ തന്നെ വർഷമാസാദിദർക്ഷവും
ഓർത്തു ഷൾദോഷവും പിന്നേ നവദോഷാദി സർവവും
ഒഴിഞ്ഞിട്ടങ്ങിരിക്കുന്ന മുഹൂർത്തം നോക്കിയാലുടൻ
സപ്തമം ശുദ്ധമായുള്ള രാശിയിൽ സ്ഥിരമായുടൻ
വേളി ചെയ് വാനുറപ്പിച്ചു പന്തൽ മണ്ഡപമാദിയായ്
ചന്തത്തിൽ പുര കെട്ടാനായ് ദിവസം ചാർത്തി വാങ്ങിയാൽ
തോഴരായവർ കർത്താവിൻ കയ്യിലങ്ങു കൊടുത്തോരോ
വൈശിഷ്യമൊക്കവെ ചൊല്ലി പുനരങ്ങു ഗമിച്ചിടാം
പന്തൽ കെട്ടും ചാർത്തുവയ്പുമെന്നു വേണ്ടാ സമസ്തവും
പന്തിയായി നടത്താനായ് ബന്ധുവർഗ്ഗാദി സർവരും
വന്നുചേരുവതിന്നായി പിന്നെയൊന്നു ക്ഷണിക്കണം
അമ്മുഹൂർത്തത്തിനൊട്ടേറെ മുൻപേ വന്നെത്തിയാൽ പുനഃ
സന്മുഹൂർത്തം സ്ഥിരം ചെയ്തിട്ടന്നു നല്ല പൊരുത്തമാ-
യുള്ള നക്ഷത്രമെപ്പേരും ചാർത്തീട്ടുള്ളൊരു ചാർത്തുകൾ
ജ്യോത്സ്യനോടതു വാങ്ങിച്ചു കർത്താവിങ്കൽ കൊടുത്തുടൻ
പന്തൽ കെട്ടുവതിന്നായി കന്നിരാശൗ നിറുത്തുവാൻ
പാലപ്ലാവമ്പഴംഞാവലെന്നു ചൊന്നുള്ളവറ്റില്ലു
സ്ഥൂണം ചെത്തിയൊരുക്കീട്ടു മഞ്ഞൾ

പൂശിച്ചനന്തരം ഭസ്മവും ചന്ദനം ചാൎത്തി ട്ടാലി
ൻറകുഴ്മാവില വെററ്ലയും കമുകിൻപൂവും
തെററിപ്പൂളസീദലംകൊണ്ടും ചേൎത്തു ബന്ധിപ്പൂ
ചതഞ്ഞോലകളാൽ ദൃതം മൂന്നിടത്തിപ്രകാര
ത്തിൽ ബന്ധിച്ചാലുടനേതഥാ ഗണനാഥന വ
ൎണ്ണ്യന്ദീപം നിറപറാന്വിതം തണ്ഡുലംകേ
രവുംലാജം കദളീഫലമെന്നിവ എണ്ണമില്ലാ
തൊരുക്കേണം പുണ്യപൂരുഷനായ്മുദാ സ്വൎണ്ണ
സൂതിപ്പഴപ്പിച്ചു കണ്ഠസൂത്രമൊരുക്കവാ നന്യഭാ
ഗത്തുമീവണ്ണം വൎണ്ണ്യന്നംഗണനാഥനായ് ര
ണ്ടും വെവ്വേറെപൂജിച്ചു ഖണ്ഡിപ്പൂനാളികേരവും
പിന്നെപ്പൂജനമൎപ്പിച്ചാൽ വന്നീടും ശുഭരാശിയി
ന്നിൽ സ്തൂണാവുംസ്ഥാപനം ചെയ്തിട്ടുതക്രസ്വ
ൎണ്ണമപ്പോഴേ നെൽപഴങ്ങുകമറേറാരോ എണ്ണ
മൊക്കയുമാദരാൽ അമ്മുഹൂൎത്തത്തിലാരംഭി ച്ചു
ടൻ ചാൎത്തുകളൊക്കയും താംബൂലാദികളാൽപൂ
രിച്ചൊരുപാത്രത്തിൽ വച്ചുടൻ വന്നചോ
ന്നളെല്ലാരധ്യക്ഷ രാദിയായസഭാന്തരേ കൊണ്ടു
ചെന്നാഥവൎണ്ണ്യന്നം കൎത്താവായൊരു മാതുലൻ
വേണ്ടതൊക്കക്കൊടുക്കേണം പൂൎണ്ണസന്തോഷ
സംയുതം തോഴരായവർവാങ്ങിച്ചിട്ടാശിനൽകി
ട്ടനന്തരം കന്യകയ്ക്കുന്നരുപാത്ര മായിട്ടുംമണ
വാളരെ ധന്യരായവരോത്തപ്പോൾ കൈതൊ
ട്ടീടണമാദരാൽ പന്തൽ തൂണുനിറുത്തീടും മുൻ
പിലായൊരു പാത്രത്തിൽ ചൊന്നനാളോൎത്തു
കൈതൊട്ടുവേണംതൂണുനിറുത്തുവാൻ എന്നൊട്ടു

പൂശിച്ചനന്തരം ഭസ്മവും ചന്ദനം ചാർത്തീട്ടാലിന്റെ കുഴ മാവില
വെറ്റ് ലയും കമുകിൻ പൂവും തെറ്റിപ്പൂ തുളസീദലം
ഒക്കയും ചേർത്തു ബന്ധിപ്പൂ കുരുത്തോലകളാൽ ദ്രുതം
മൂന്നിടത്തിപ്രകാരത്തിൽ ബന്ധിച്ചാലുടനേ തഥാ
ഗണനാഥന്ന വയ്ക്കേണം ദീപം നിറപറാന്വിതം
തണ്ഡുലം കേലവും ലാജം കദളീപക്വമെന്നിവ
എണ്ണമില്ലാതൊരുക്കേണം പുണ്യപൂരുഷനായ് മുദാ
സ്വർണ്ണമൂതിപ്പഴുപ്പിച്ചു കണ്ഠസൂത്രമൊരുക്കവാ-
നന്ന്യഭാഗത്തുമീവണ്ണം വയ്ക്കേണം ഗണനാഥനായ്
രണ്ടും വെവ്വേറെ പൂജിച്ചു ഖണ്ഡിപ്പൂ നാലികേരവും
പിന്നെ പൂജ സമർപ്പിച്ചാൽ വന്നീടും ശുഭരാശിയിൽ
സ്ഥൂണവും സ്ഥാപനം ചെയ്തിട്ടുരുക്കു സ്വർണ്ണമപ്പൊഴേ
നെൽ പുഴുങ്ങുക മറ്റോരോ എണ്ണമൊക്കെയുമാദരാൽ
അമ്മുഹൂർത്തത്തിലാരംഭിച്ചുടൻ ചാർത്തുകളൊക്കയും
താംബൂലാദികളാൽ പൂരിച്ചോരുകാംസ്യത്തിൽ വച്ചുടൻ
വന്നുചേർന്നുള്ളൊരദ്ധ്യക്ഷരാദിയായ സഭാന്തരേ
കൊണ്ടു ചെന്നഥ വയ്ക്കേണം കർത്താവായൊരു മാതുലൻ
വേണ്ടതൊക്കെക്കഥിക്കേണം പൂർണ്ണസന്തോഷസംയുതം
തോഴരായവർ വാങ്ങിച്ചിട്ടാശി നൾകീട്ടനന്തരം
കന്ന്യകയ്ക്കനുരൂപാർത്ഥമായീടും മണവാളരെ
ധന്ന്യരായവരോർത്തപ്പോൾ കൈതൊട്ടീടണമാദരാൽ
പന്തൽ തൂണ നിറുത്തീടും മുൻപിലായൊരു ചാർത്തതിൽ
ചൊന്ന നാളോർത്തു കൈതൊട്ടു വേണം തൂണ
നിറുത്തുവാൻ എന്നൊട്ടു

ചിലദേശത്തങ്ങെന്തായാലും ശൂദ്രപ്രായം എല്ലാ ചാ
ത്രുകളിൽ ചൊന്ന നാളുംക്രമിതോത്രുടൻമെ
ല്ലുന്നകൈപിടിക്കേണംനല്ലപോൽ മണവാളരെ
കല്യാണകാൎയ്യമായുള്ളതെല്ലാംവേണ്ടുംപദാൎത്ഥ
വുംനല്ലപോൽ സംഭരിപ്പാനും ചൊല്ലിപ്പി
ടനായഥാക്രമം കല്യാണത്തിന്റെ സല്യക്കംലി
സ്സുണ്ടാകണമപ്പുഴെവല്ലതും ചിലലൌകികങ്ങൊ
ണ്ടുപോരുന്നതൊക്കയും എല്ലാമിന്നവയെന്നോ
ൎത്തനീക്കിവേണ്ടവയൊക്കവെ ലിസ്തചാൎത്തികൊ
ടുക്കേണംശാസ്ത്രവൽ പരിതോഷമായ് മംഗല്യ
ധാരണംചെയ്യുംദിനത്തിൽപൂൎവ്വവാസരെ ചെന്നു
വേണ്ടും ജനത്തോടുക്ഷണിക്കേണംയഥോചിതം
പിന്നെഎല്ലാവരുംകൂടി വന്നുചേൎന്നാലനന്തരംമ
ണവാളന്മാർകളേയും സൽക്കരിച്ചുവരുത്തുവാൻ
ഗുണവാനാംഗൃഹസ്ഥന്റെ ഭാഗിനേയാദിയാകി
യ താഴയുള്ളോർകളെനേമിച്ചയച്ചിങ്ങുവരുത്തി
യാൽ ക്ഷൌരകൎമ്മവുമഭ്യംഗ വസ്ത്രാലങ്കാരമെ
ന്നിവ വിരവിൽചെയ്തുടൻതന്നെ ആയന്ത്യോദന
മാദരാൽ ചെയ്തതിന്നുപദംശങ്ങളെല്ലാം കന്യാ
ഗൃഹാന്തരെ നിന്നുകൊണ്ടങ്ങു ചെന്നിട്ടു ഭുജിപ്പി
പ്പൂ യഥാസുഖം കന്യകാമണവാളന്മാർ ചാത്തേ
ണ്ടും മന്ത്രകോടിയിൽ നിന്നു നൂലങ്ങെടുത്തിട്ടുക
ണ്ടസൂത്രമതിൽകോൎത്തു ചെപ്പിലിട്ടങ്ങടച്ചുടൻ
നിക്ഷേപിച്ചങ്ങു സൂക്ഷിച്ചുപന്നാൽതുത്തുതളിച്ചു
തിൽ ശ്രേഷ്ഠനായിസ്സഹചൎയ്യൻ താനായമാരാ
നടൻതഥാ ഭക്ഷഭാഗത്തൊരുക്കേണം ഭക്ഷ

ചില ദേശത്തങ്ങെന്തായാലും ശുഭപ്രദം
എല്ലാ ചാർത്തുകളിൽ ചൊന്ന നാളും കുറമിതോർത്തുടൻ
മെല്ലന്നു കൈപിടിക്കേണം നല്ലപോൽ മണവാളരെ
കല്യാണക്കാര്യമായുള്ളതെല്ലാം വേണ്ടും പദാർത്ഥവും
നല്ലപോൽ സംഭരിപ്പാനും ചൊല്ലി പിന്നെ യഥാക്രമം
കല്യാണത്തിന്റെ സദ്യക്കും ലീസ്റ്റുണ്ടാക്കണമപ്പഴെ
വല്ലതും ചില ലൗകീകങ്കൊണ്ടു ചേരുന്നതൊക്കയും
എല്ലാമിന്നവയെന്നോർത്തു നീക്കി വേണ്ടവയൊക്കവെ
ലീസ്റ്റു ചാർത്തി കൊടുക്കേണം ശാസ്ത്രവൽ പരിതോഷമായ്
മംഗല്യധാരണം ചെയ്യും ദിനത്തിൽ പൂർവവാസരെ
ചെന്നു വേണ്ടും ജനത്തോട്ടു ക്ഷണിക്കേണം യഥോചിതം
പിന്നെ എല്ലാവരും കൂടി വന്നുചേർന്നാലനന്തരം
മണവാളന്മാർകളേയും സൽക്കരിച്ചു വരുത്തുവാൻ
ഗുണവാനാം ഗൃഹസ്ഥന്റെ ഭാഗിനേയാദിയാകിയ
താഴയുള്ളോർകളെ നേമിച്ചയച്ചിങ്ങു വരുത്തിയാൽ
ക്ഷൗരകർമ്മവുമഭ്യംഗ വസ്ത്രാലംകാരമെന്നിവ
വിരവിൽ ചെയ്തുടൻ തന്നെ ആയന്യോദനമാദരാൽ
ചെയ് വതിന്നുപദംശങ്ങളെല്ലാം കന്യാഗൃഹാന്തരേ
നിന്നുകൊണ്ടങ്ങു ചെന്നിട്ടു ഭുജിപ്പിപ്പൂ യഥാസുഖം
കന്യകാമണവാളന്മാർ ചാർത്തേണ്ടും മന്ത്രകോടിയിൽ
നിന്നു നൂലങ്ങെടുത്തിട്ടു കണ്ഠസൂത്രമതിൽ കോർത്തു
ചെപ്പിലിട്ടങ്ങടച്ചുടൻ നിക്ഷേപിച്ചങ്ങു സൂക്ഷിച്ചു
പന്തൽ ഉത്തു തളിച്ചതിൽ ശെഷ്യനായിസ്സഹചര്യൻ
താനായ മാരാനുടൻ തഥാ ദക്ഷഭാഗത്തൊരുക്കേണം
ദക്ഷ

നാം ഗണനാഥനായ് ശിക്ഷയിൽ ദീപവുംപി
ന്നൊ അക്ഷതംപറപൂൎണ്ണമായ് തൽക്ഷണേ ചേ
ൎത്തുവയ്ക്കേണം ഭക്ഷ്യസാധനമാകിയ പൃത്തനാം
ലാജവുംപിന്നെ പഴംമോദകമെന്നിവ ഘൃത
വും ഗുളവും മറ്റുള്ള പ്രസാധനമൊക്കയും വാള
രെകൂട്ടിവയ്ക്കേണം തെളിവോടാൎത്തനായ് തഥാ
തത്രൈവാമേവനിക്ഷേപിക്കേണം പലകയുംമു
ദാവസ്ത്രം വൎണ്ണമതായുള്ള തതിലങ്ങുവിരിച്ചുട
ൻ പുഷ്പാക്ഷതങ്ങൾനിക്ഷേപിച്ചതിന്റെ പൂ
ൎവ്വഭാഗമായ് പെൎണ്ണാരൊന്നിനിതീരണ്ടുകദളി
പത്രമിട്ടുടൻ അൎണ്ണസ്സതിൽതളിച്ചിട്ടു തുടച്ചാപ
തിലാദരാൽ പൂൎണ്ണമായിബ്രീഹിയുംകൂട്ടിട്ടതിന്നു
പരിഭാഗമായ് പത്രംവച്ചുന്യസിക്കേണ്ണ മരി
യും കേരവുംതഥാ പരിതോഷേണപൂവുംതന്നു
പരിപൂക്കുലാദിയും വരിയായിവച്ചൊരുക്കേണം
പഴവുംവെറ്റില പാക്കിവപിന്നെ പന്തലി
ൽവിശ്വാമരന്മാരെ സങ്കല്പിച്ചുള്ളൊരാസനം
പന്തലിൽപൂൎവ്വഭാഗത്തുള്ളീശാന്തേ തത്രസുസ്ഥ
ലേഅരിമാവു കലക്കീട്ടു അണിവൃനിലമാദരാൽ
അതിന്റെമദ്ധ്യഭാഗത്തും അഷ്ടദിക്കിലുമൊക്ക
വേപുഷ്പാക്ഷതങ്ങൾനിക്ഷേപിച്ചതിന്റെ പൂൎവ്വ
ഭാഗമായിടവും വലവും രണ്ടുസ്ഥാനംകല്പിച്ചിട
ത്തതിൽകലശംവലുതായൊന്നിൽ ജലമങ്ങുനിറ
ച്ചുടൻനലമോടങ്ങുവയ്ക്കേണംതെങ്ങുമ്പൂക്കുലസം
യുതം അരയാൽകുഴയുംപിന്നെ ചൂതപത്രമിതെ
ന്നിവ വലുതാമിത്ഥവല്ല്യത്താ ലതുംയോജിച്ചട

നാം ഗണനാഥനായ് ശിക്ഷയിൽ ദീപവും പിന്നെ
അക്ഷതം പറ പൂർണ്ണമായ് തൽക്ഷണേ ചേർത്തുവയ്ക്കേണം
ഭക്ഷ്യസാധനമാകിയ പുത്തനാം ലാജവും പിന്നെ
പഴം മോദകമെന്നിവ ഘൃതവും ഗുളവും
മറ്റുള്ളുപസാധനമൊക്കയും
വളരെ കൂട്ടിവയ്ക്കേണം തെളിവോടാര്യനായ് തഥാ
തത്ര വാമെവ നിക്ഷേപിക്കേണം പലകയും മുദാ
വസ്ത്രം വർണ്ണമതായുള്ളതതിലങ്ങു വിരിച്ചുടൻ
പുഷ്പാക്ഷതങ്ങൾ നിക്ഷേപിച്ചതിന്റെ പൂർവഭാഗമായ്
പെണ്ണോരൊന്നിനിതീരണ്ടു കദളിപത്രമിട്ടുടൻ
അർണ്ണസ്സതിൽ തളിച്ചിട്ടു തുടച്ചാലതിലാദരാൽ
പൂർണ്ണമായി ബ്രീഹിയും കൂട്ടിട്ടതിന്നുപരിഭാഗമായ്
പത്രം വച്ചു ന്യസിക്കേണമരിയും കേരവും തഥാ
പരിതോഷേണ പൂവും തന്നു പരിപൂക്കുലാദിയും
വരിയായി വച്ചൊരുക്കേണം പഴവും വെറ്റ് ല പാക്കിവ
പിന്നെ പന്തലിൽ വിശ്വാമരന്മാരെ സങ്കല്പിച്ചുള്ളോരാസനം
പന്തലിൽ പൂർവഭാഗത്തുള്ളീശാന്തേ തത്ര സുസ്ഥലേ
അരിമാവു കലക്കീട്ടങ്ങണിവ്യ നിലമാദരാൽ
അതിന്റേ മദ്ധ്യഭാഗത്തും അഷ്ടദിക്കിലുമൊക്കവേ
പുഷ്പാക്ഷതങ്ങൾ നിക്ഷേപിച്ചതിന്റെ പൂർവഭാഗമാ-
യിടവും വലവും രണ്ടുസ്ഥാനം കല്പിച്ചിടത്തതിൽ
കലശം വലുതായൊന്നിൽ ജലമങ്ങു നിറച്ചുടൻ
നലമോടങ്ങു വയ്ക്കേണം തെങ്ങുന്നൂക്കുല സംയുതം
അരയാൽ കുഴയും പിന്നെ ചൂതപത്രമിതെന്നിവ
വലുതാമിന്ദ്രവല്യത്താലതും യോജിച്ചട

ഴ്ചടൻ വലഭാഗത്തുവയ്ക്കേണം ധൂപത്തിനാ
ഗ്നിപാത്രവും ഇസ്ഥാനമദ്ധ്യേ ശ്രീദേവി തൽപാ
ശ്വേതാനരുന്ധതി ഋഷിമാരും തദീശാഭൌ ആ
ത്മമാവിന്നുമിങ്ങനെ വച്ചൊരുക്കിമണാളന്മാർ
തന്നൊയിങ്ങാനയിച്ചിടാൻ ഗണികൻചൊല്ലുമ
ന്നോര ത്തുടനങ്ങുപുറപ്പെട്ടു മണവാളന്മാരിതോ
രോന്നി ന്നോരോബാലനാരിമാർ പലഭൂഷണാ
ദ്യംപൂണ്ടങ്ങെടുപ്പു വഷ്ടമംഗലം കരവാദപ്പൂർണ്ണം
ദീപം കലശംവസ്ത്രമക്ഷതം അംഗനാഹേമ
സംയുക്തമഷ്ടമംഗലമിങ്ങിനെ അഷ്ടമംഗല്യ
പിൻഭാഗേ നിൽക്കേണംമണവാളരും മണവാ
ളന്റഗോത്രത്തിൽ ജനിക്കാത്തുള്ള നാരിമാർ
അഷ്ടമംഗല്യവൃത്തിക്കു ങ്ങതിനിന്ദ്യമതെത്രയും
അഷ്ടമംഗല്യകപൂർവം ജ്യോതിമാർതോഴിവർഗ്ഗ
വും സ്ത്രീപുരുഷാബാലവൃദ്ധ ത്തോടങ്ങുയാത്രപു
റപ്പെട്ടു ഖഡ്ഗവുംചുരികാമാല്യ മുഗ്രമാംഛത്ര
ചാമരം മററുവ്യഞ്ജനസംയുക്തം വാഹനാരൂ
ഢരായ്മുദാ വാദ്യഘോഷാദ്യലങ്കാര ത്തോടു
കൂടിക്രമാനുഗതം കന്യകാഗൃഹ ബാഹ്യത്തിൽ
ചെന്നു ചേർന്നണയുംവിധൌ അലംകൃത്യമതാ
യൊരു പാനകൊണ്ടങ്ങുഴിഞ്ഞുടൻ എതിരേററു
ള്ളവാദ്യാദി കരവധ്വനിയൊപ്പോടും വിരവിൽ
ഗൃഹമുററപ്പൂക്കാലുടൻമംഗല്യമണ്ഡപേ വലം
വച്ചങ്ങുചെല്ലുമ്പോൾ കന്യാവിന്റെസഹോദര
ൻ വലങ്കയ്യിൽപിടിച്ചിട്ടു ഒദിരുത്തുമാരുകാസ
നേ പാദക്ഷാളനസൽക്കാര പൂജനീയാദനന്തരം

ച്ചുടൻ വലഭാഗത്തു വയ്ക്കേണം ധൂപത്തിന്നഗ്നിപാത്രവും
ഇസ്ഥാനമദ്ധ്യേ ശ്രീദേവി തൽ പാർശ്വേ താനരുന്ധതി
ഋഷിമാരും തദീശാന്തേ ആര്യമാവിന്നുമിങ്ങനെ
വച്ചൊരുക്കി മണാളന്മാർ തന്നെയിങ്ങാനയിച്ചിടാൻ
ഗണികൻ ചൊല്ലുമന്നേരത്തുടനങ്ങു പുറപ്പെട്ടു
മണവാളന്മാരിതോരോന്നിന്നോരോ ബാലനാരിമാർ
പലഭൂഷണവും പൂണ്ടങ്ങെടുപ്പൂവഷ്ടമംഗലം
കുരവാ ദർപ്പണം ദീപം കലശം വസ്ത്രമക്ഷതം
അംഗനാഹെമസംയുക്തമഷ്ടമംഗലമിങ്ങിനെ
അഷ്ടമംഗല്യ പിൻഭാഗേ നിൾക്കേണം മണവാളരും
മണവാളന്റെ ഗോത്രത്തിൽ ജനിക്കാതുള്ള നാരിമാർ
അഷ്ടമംഗല്യവൃത്തിക്കങ്ങതിനിന്ദ്യമതെത്രയും
അഷ്ടമംഗല്യകപൂർവം ജ്ഞാതിമാർ തോഴിവർഗ്ഗവും
സ്ത്രീപുരുഷാബാലവൃദ്ധത്തോടങ്ങു യാത്ര പുറപ്പെട്ടു
ഖഡ്ഗവും ചുരികാമാല്യമുഗ്രമാം ഛത്രചാമരം
മറ്റു വ്യഞ്ജനസംയുക്തം വാഹനാരൂഢരായ് മുദാ
വാദ്യഘോഷാദ്യലങ്കാരത്തോട്ടുകൂടി ക്രമാന്വിതം
കന്യകാഗൃഹ ബാഹ്യത്തിൽ ചെന്നു ചേർന്നണയും വിധൗ
അലംകൃത്യമതായോരു പാനകൊണ്ടങ്ങുഴിഞ്ഞുടൻ
എതിരേറ്റുള്ള വാദ്യാദി കരവദ്ധ്വനിയാർപ്പൊട്ടും
വിരവിൽ ഗൃഹമുൾപ്പുക്കാലുടൻ മംഗല്യമണ്ഡപേ
വലം വച്ചങ്ങു ചെല്ലുമ്പോൾ കന്യാവിന്റെ സഹോദരൻ
വലങ്കയ്യിൽ പിടിച്ചിട്ടങ്ങിരുത്തു ദാരുകാസനേ
പാദക്ഷാളനസൽക്കാര പൂജനീയാദനന്ത

രം ഗുരുദക്ഷിണയുംചെയ്തി ട്ടുടനേമന്ത്രകോടി
കൾ കന്യകാമണവാളന്മാ രന്ന്യോന്ന്യസ്പൎശനാല്പ്പ
രം വെന്നിയോട്ടുധരിച്ചിട്ടു മണ്ഡപത്തിൻപ്രദ
ക്ഷിണം മൂന്നാവൎത്തിയതാകുമ്പോൾ പന്തൽക്ക
ളളിൽഗമിച്ചുടൻ ആസനസ്ഥിതനായിട്ടങ്ങി
രുന്നാലുടനാദരാൽ സന്തോഷമാൻമിത്രതാ മു
ള്ള തോഴിജനംമുദാ മന്ത്രകോടിഞൊറിഞ്ഞുടു
ചാൎത്തിഭൂഷണമൊക്കയും ചന്തത്തിലണിയിച്ചി
ട്ടു നാഗവല്ലി കളാൽമുഖം ബന്ധിച്ചു കാപ്പുകെ
ട്ടിട്ട ങ്ങിരുന്നീടുംദശാന്തരേ കന്യകാദാനകൎത്തൃ
ത്വം കലൎന്നുള്ളൊരുമാതുലൻ കന്യകാപരിവാ
രത്തോ ടഷ്ടമംഗല്യസംയുതം ആയിരംതിരിയും
യോജി ച്ചപ്പോൾകന്യകയെദ്രുതം കൊണ്ടുവന്നു
മണാളന്റെ വാമഭാഗത്തിരുത്തിയാൽ ആയി
രംതിരിനിക്ഷേപി ച്ചുള്ളകാംസ്യ മെടുത്തുടൻ
കന്യകാകണവന്മാരെ പൂൎവ്വഭാഗത്തുവച്ചുടൻ ഗ
ണനാഥനെവന്ദിച്ചിട്ടതിൽ നിന്നൊരു ദീപവും
എടുത്തിട്ടുകൊളുത്തേണ മായിരംതിരി സംപൂ
ടേ ഉടനാജ്യമൊഴിച്ചേററം കത്തിച്ചീടുംദശാന്ത
രേ വീതിഹോത്രൻപ്രസാദിച്ചു പ്രജ്വലിച്ചുയരും
വിധൌ ദേവന്മാർദേവിമാരും താനെത്തുമാ
കാശവീഥിയിൽ അതൈവഭൂമിദേവന്മാ ൎക്കിഷ്ട
ദാനാദിസൎവ്വവും മൌഹൂൎത്തദാനവുംചെയ്താ ല
പ്പഴസ്സമുഹൂൎത്തകേ മംഗല്യധാരണം ചെയ്വാൻ
ജ്യോത്സ്യൻചൊല്ലുന്നതോൎത്തുടൻ കണ്ഠസൂത്രം
ചെപ്പുതന്നിൽ നിന്നുമാരാനെടുത്തുടൻ വേണ്ടും

രം ഗുരുദക്ഷിണയും ചെയ്തിട്ടുടനേ മന്ത്രകോടികൾ
കന്യകാ മണവാളന്മാരന്യോന്യസ്പർശനാല്പരം
വെന്നിയോട്ടു ധരിച്ചിട്ടു മണ്ഡപത്തിൻ പ്രദക്ഷിണം
മൂന്നാവർത്തിയതാകുമ്പോൾ പന്തൽക്കുള്ളിൽ ഗമിച്ചുടൻ
ആസനസ്ഥിതനായിട്ടങ്ങിരുന്നാലുടനാദരാൽ
സന്തോഷമാർന്നു മിത്രത്വമുള്ള തോഴീജനം മുദാ
മന്ത്രകോടി ഞൊറിഞ്ഞങ്ങു ചാർത്തി ഭൂഷണമൊക്കയും
ചന്തത്തിലണിയിച്ചിട്ടു നാഗവല്ലികളാൽ മുഖം
ബന്ധിച്ചു കാപ്പുകെട്ടീട്ടങ്ങിരുന്നീടും ദശാന്തരേ
കന്യകാദാനകർത്തൃത്വം കലർന്നുള്ളൊരു മാതുലൻ
കന്യകാ പരിവാരത്തോടഷ്ടമംഗല്യസംയുതം
ആയിരം തിരിയും യോജിച്ചപ്പോൾ കന്യകയെദ്രുതം
കൊണ്ടുവന്നു മണാളന്റെ വാമഭാഗത്തിരുത്തിയാൽ
ആയിരം തിരി നിക്ഷേപിച്ചുള്ള കാംസ്യമെടുത്തുടൻ
കന്യകാകണവന്മാരെ പൂർവഭാഗത്തു വച്ചുടൻ
ഗണനാഥനെ വന്ദിച്ചിട്ടതിൽ നിന്നൊരു ദീപവും
എടുത്തിട്ടു കൊളുത്തേണമായിരം തിരി സംപുടേ
ഉടനാജ്യമൊഴിച്ചേറ്റം കത്തിച്ചീടും ദശാന്തരേ
വീതിഹോത്രൻ പ്രസാദിച്ചു പ്രജ്ജ്വലിച്ചുയരും വിധൗ
ദേവന്മാർ ദേവിമാരുംതാനെത്തുമാകാശവീഥിയിൽ
അത്രൈവ ഭൂമിദേവന്മാർക്കിഷ്ടദാനാദി സർവവും
മൗഹൂർത്തദാനവും ചെയ്താലപ്പഴസ്സമുഹൂർത്തകേ
മംഗല്യധാരണം ചെയ് വാൻ ജ്യോത്സ്യൻ
ചൊല്ലുന്നതോർത്തുടൻ കണ്ഠസൂത്രം ചെപ്പുതന്നിൽ
നിന്നുമാരാനെടുത്തുടൻ വേണ്ടും

ജനങ്ങളോടൊക്കെ ചോദിച്ചാജ്ഞവഹിച്ചുടൻ
അഗ്നിദേവൌഷവിപ്രന്മാരെന്നുവേണ്ടമഹാജ
നം തന്നെയുംവന്ദനംചെയ്തു ദീപവാൽശേനാ
ൽപരം മണവാളനകലപ്പിച്ചാലുടനാമോദസം
യുതം അവൻഭഗിനിതൻകയ്യി ലപ്പിച്ചാലവളാ
ദരാൽ ഭഗവാനഗ്നിസൂര്യന്മാരിംഷിമാരിവരെദ്ധ്യ
തം സ്മരണംചെയ്തുമംഗല്യമായിരംതിരിദീപവാ
ൽ സ്പശിച്ചുഗന്ധതിം ധ്യാനിച്ചപ്പോൾകന്യക
തന്മുഖം മറച്ചനാഗവല്യതെ തുറന്നിട്ടു
ടനേ മുദാ കണ്ഠസൂത്രം ധരിപ്പിക്കവേണം
കന്യക തൻഗളേ ഹാരഭൂഷണമിത്യാദി ദ
മ്പത്യന്യോന്യ സംയുതം പകൻപരിതോഷാ
ത്ഗം ധരിച്ചാലുടനപ്പഴ പാണിഗ്രഹണവുംചെ
യ്തു നീർവീഴ്ത്തീട്ടു സമപ്പ്യേൽ കന്യകാകണവ
ന്മാരെ കരമന്യോന്യബദ്ധമായ് നീരൊഴിക്കുന്ന
നേരത്തു വേണംസങ്കല്പഗദ്യവും മാതാസപയം
നാമദാസ വഷമാസദിനർക്ഷവുംരാശിയുംഭാഷ
യായ്ചൊല്ലി വേണമന്നീരൊഴിച്ചിടാൻ ഇതി
ന്നു ജലമന്നോരം കലശത്തിന്നൊട്ടക്കണം കലശം
ശുചിയായ്ബന്ധിച്ചിഹവച്ചാലതപ്പൊഴേ സ
പ്തതിത്ഥസമാനത്വം ഭവിക്കുന്നുനസംശയം ക
ലശാംബുവതല്ലാതെ മറ്റെല്ലാംവർജ്യമാണിഹ
ഗ്രണമോടപ്പൊഴേതന്നെ മണവാളസമന്വിതം
അകമാംമുറിയിൽപുക്കി ട്ടതിമോദംവസിക്കെ
ണം ദിവസംമൂന്നിവണ്ണംതാൻ നിവസിച്ചാൽ
പരംപുനഃ നാലാംനാളുദയംകൊണ്ടി ട്ടസ്തമി

ജനങ്ങളോടൊക്കെ ചോദിച്ചാജ്ഞ വഹിച്ചുടൻ
അഗ്നിദേവൗഘവിപ്രന്മാരെന്ന വേണ്ട മഹാജനം
തന്നെയും വന്ദനം ചെയ്തു ദീപവൽ ദർശനാൽ പരം
മണവാളങ്കലർപ്പിച്ചാലുടനാമോദ സംയുതം
അവൻ ഭഗിനി തൻ കയ്യിലർപ്പിച്ചാലവളാദരാൽ
ഭഗവാനഗ്നിസൂര്യന്മറ്റിർഷിമാരിവരെ ദ്രുതം
സ്മരണം ചെയ്തു മംഗല്യമായിരം തിരി ദീപവൽ
സ്പർശിച്ചരുന്ധതിം ധ്യാനിച്ചപ്പോൾ കന്യക തന്മുഖം
മറച്ച നാഗവല്യത്തെ തുറന്നിട്ടുടനേ മുദാ
കണ്ഠസൂത്രം ധരിപ്പിക്ക വേണം കന്യക തൻ ഗളേ
ഹാരഭൂഷണമിത്യാദി ദമ്പത്യന്യോന്യ സംയുതം
പകർന്ന പരിതോഷാർത്ഥം ധരിച്ചാലുടനപ്പഴേ
പാണിഗ്രഹണവും ചെയ്തു നീർ വീഴ്ത്തീട്ടു സമർപ്പയേൽ
കന്യകാകണവന്മാരെ കരമന്യോന്യബദ്ധമായ്
നീരൊഴിക്കുന്ന നേരത്തു വേണം സങ്കല്പഗദ്യവും
മാതാ സ്വയം നാമ ദാസ വർഷമാസദിനർക്ഷവും
രാശിയും ഭാഷയായ് ചൊല്ലി വേണമന്നീരൊഴിച്ചിടാൻ
ഇതിന്നു ജലമന്നേരം കലശത്തീന്നെടുക്കണം
കലശം ശുചിയായ് ബന്ധിച്ചിഹ വച്ചാലതപ്പൊഴേ
സപ്തതീർത്ഥസമാനത്വം ഭവിക്കുന്നു ന സംശയം
കലശാമ്ബുവതല്ലാതെ മറ്റെല്ലാം വർജ്യമാണിഹ
ഗുണമോടപ്പൊഴേ തന്നെ മണവാളസമന്വിതം
അകമാം മുറിയിൽ പുക്കീട്ടതിമോദം വസിക്കേണം
ദിവസം മൂന്നിവണ്ണം താൻ നിവസിച്ചാൽ പരം പുനഃ
നാലാം നാളുദയം കൊണ്ടിട്ടസ്തമി

ല്പോളവുംമുദാ ശാല്യന്നാദികൾവജ്ജിച്ചിട്ടുപ
വാസങ്ങൾചെയ്യണം കാവത്തുമുച്ചനേരത്തുമ
ന്തിക്കുംതാൻയഥാക്രമം അരതാംദിപസംയു
ക്തം ഉഴിവുമൂന്നുവാരവും നാലാംനാളുഷപൂവ്വാ
ഹ്നെ മണ്ണുനീർകോരുവാനതായ് തോഴമ്മ
ക്കാരരാകുന്ന തോഴിമാരൊത്തുവന്നുടൻ അഷ്ട
മംഗല്യസംയുക്തം ഇഷ്ടരാംതോഴിമാരുമായ്
വാദ്യഘോഷാദിപൂജിച്ചിട്ടാപ്പും കരവസംയുതം
വാപിവാഹിന്യാദിയായ നദിയിൽചെന്നിത
പ്പോഴേ പൂവ്വാചാരമതായുള്ള വാചാഗദ്യംവ
ചിച്ചുടൻ കിണ്ടിയിൽമണൽയോജിച്ചു ജലം
കോരിനിറച്ചുടൻ കൊണ്ടുചെന്നതിനെപ്പിന്നൊ
ബന്ധിച്ചിട്ടതിമോദമായ് കന്യാകണവരൊന്നി
ച്ചു വസിക്കുംമുറിയിങ്കലായ് നിക്ഷേപിച്ചങ്ങു
സൂക്ഷിച്ചു വച്ചാൽവാതിലടച്ചുടൻ പാട്ടുചൊ
ല്ലിത്തുറപ്പിച്ചാൽ വാട്ടംകൂടാതെതൽക്ഷണേ
തത്രനീരാട്ടുവാനായി ട്ടപ്പോൾതന്നെപുറപ്പെ
ടാം അസ്തമിച്ചിതുചെയ്യേണമെന്നുണ്ടുപര പ
ക്ഷമായ് വ്യത്യസ്തമില്ലിതിനൊന്നും സംഭ്രസന്തോ
ഷസംയുതം അഷ്ടമംഗല്യസംയുക്തം കന്യകാ
കണവാനപിതം ഇഷ്ടരാംതോഴിമാരോടും വാ
ദ്യഘോഷാദിസംയുതം സ്നാനംചെയ്യതിന്നായു
ള്ള വാപീതീരത്തുചെന്നുടൻ ഗണനാഥനെ പ്ര
ത്യേകം വച്ചാശുകീർത്തനന്തരം ഉണ്ണമാമഷ്ടമം
ഗല്യം സമീപത്തങ്ങുവച്ചുടൻ പാത്രമൊന്നില
രത്തത്തെകലക്കീട്ടുടനാദരാൽ പുഷ്പാക്ഷത

ഷോളവും മുദാ ശാല്യന്നാദികൾ വർജ്ജിച്ചിട്ടുപവാസങ്ങൾ
ചെയ്യണം കാലത്തുമുച്ചനേരത്തുമന്തിക്കും താൻ യഥാക്രമം
അരത്തം ദീപസംയുക്തം ഉഴിവൂ മൂന്നുവാരവും
